**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th June 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

785/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 30 |

## വിഷയനിർണ്ണയ സമിതി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2013–2016)

**ഘടന**

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്
„ ബി. ഡി. ദേവസ്സി
„ കെ. ബി. ഗണേഷ് കുമാർ
„ റ്റി. യു. കുരുവിള
„ എസ്. രാജേന്ദ്രൻ
„ രാജു എബ്രഹാം
„ ബി. സത്യൻ
„ കെ. എം. ഷാജി
„ സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
„ റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
„ ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
„ ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 28-6-2011-ന് രൂപീകൃതമായ 2011-2013 കാലയളവിലെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ കാലാവധി 27-12-2013-ൽ അവസാനിച്ചതിനെത്തുടർന്ന് 2013 ഡിസംബർ 27-ലെ 463-ാം നമ്പർ ബുളളറ്റിൻ ഭാഗം-2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2013–2016 കാലയളവിലേക്കുള്ള വിഷയനിർണ്ണയ സമിതി 28-12-2013-ൽ നിലവിൽവന്നു. പ്രസ്തുത സമിതിയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചെയർമാനും (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി), ശ്രീ. എ. പി.അനിൽ കുമാർ, എക്സ്-ഒഫീഷ്യോ അംഗവും (ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) നിലവിലുണ്ടായിരുന്ന ശ്രീ. ഹൈബി ഈഡൻ, ശ്രീ. മോൻസ് ജോസഫ് എന്നീ അംഗങ്ങൾക്കു പകരം ശ്രീ. റ്റി. യു. കുരുവിളയെ അംഗമായും നാമനിർദ്ദേശം ചെയ്യുകയുണ്ടായി. സമിതിയിൽ ചെയർമാൻ ഉൾപ്പെടെ ആകെ 11 അംഗങ്ങളാണ് നിലവിലുള്ളത്.

2011–2013 കാലയളവിലെ സമിതി 2013 ഏപ്രിൽ 1 മുതൽ 2013 ഡിസംബർ 27 വരെയും, 2013–2016 കാലയളവിലെ സമിതി 2013 ഡിസംബർ 28 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലും പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 16-4-2013, 23-4-2013, 8-5-2013, 3-7-2013, 24-9-2013, 20-11-2013, 20-2-2014, 25-2-2014, 11-3-2014 എന്നീ തീയതികളിലായി സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 16-4-2013, 23-4-2013, 8-5-2013 എന്നീ തീയതികളിലെ യോഗങ്ങൾ 2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 20-2-2014, 25-2-2014, 11-3-2014 എന്നീ തീയതികളിലെ യോഗങ്ങൾ 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും ശേഷിച്ചവ സമിതിയുടെ പരിധിയിൽവരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. 24-9-2013-ൽ കൂടിയ യോഗം വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയവും 20-11-2013-ൽ കൂടിയ യോഗം 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയവും ചർച്ച ചെയ്യുകയുണ്ടായി. ഈ യോഗങ്ങളിലാകെ ഹാജരായ അംഗങ്ങളുടെ ഹാജർനില 64% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങളും, രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും, മൂന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള വിശദീകരണ മടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റിനോടൊപ്പം ലഭിച്ച മറുപടിയും നാലാം ഭാഗത്തിൽ യോഗവേളയിലെ സമിതി നിർദ്ദേശങ്ങളിന്മേൽ ലഭ്യമാക്കിയ മറുപടിയും, അഞ്ചാം ഭാഗത്തിൽ സമിതി പരിഗണിച്ച എസ്.ആർ.ഒ.-കളും കരട് ചട്ടങ്ങളും സംബന്ധിച്ച വിവരങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2014 ജൂൺ 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2014 ജൂൺ 18.

# റിപ്പോർട്ട്

## ഭാഗം 1

(എ) വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി-X 16-4-2013, 23-4-2013 എന്നീ തീയതികളിൽ യോഗം ചേർന്ന് 2013-2014 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 8-5-2013-ലെ യോഗം അംഗീകരിക്കുകയും 2013 ജൂൺ 10-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

മേജർ ഹെഡ് 3435—എക്കോളജിയും എൻവയോൺമെന്റും

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും മേജർ ഹെഡ് 2215

106—വായുജല മലിനീകരണം തടയൽ

190(98)—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

ധനാഭ്യർത്ഥന നമ്പർ XXXIV—വനം

ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

2014-15 സാമ്പത്തികവർഷത്തിലെ മേൽപ്പറഞ്ഞിട്ടുള്ള ധനാഭ്യർത്ഥനകളിന്മേൽ സമിതി 20-2-2014, 25-2-2014 എന്നീ തീയതികളിൽ യോഗംചേർന്ന് സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട് സമിതിയുടെ 11-3-2014-ൽ ചേർന്ന യോഗം അംഗീകരിക്കുകയും ചെയ്തു.

(ബി) 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള സമിതിയുടെ പീരിയോഡിക്കൽ റിപ്പോർട്ട് 3-7-2013-ലെ സമിതിയോഗം പരിഗണിക്കുകയും 8-7-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 3-7-2013-ലെ യോഗം അംഗീകരിക്കുകയും 8-7-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

785/2014.

ചട്ടം 236(6) പ്രകാരം താഴെപ്പറയുന്ന ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(1) വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ 2012-13 വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

(2) വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിൽ 2012-13 വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

(3) എക്കോളജിയും എൻവയോൺമെന്റും എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പരിധിയിൽവരുന്ന പരിസ്ഥിതി വകുപ്പിന്റെ 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

(ഡി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ)V പ്രകാരം 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച് 24-9-2013-ലെ സമിതിയോഗം വിശദമായി ചർച്ച ചെയ്തു.

(ഇ) ചട്ടം 235(എ)iii പ്രകാരം 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച് 20-11-2013-ലെ യോഗം വിശദമായി ചർച്ച ചെയ്തു.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും 3-7-2013, 11-3-2014 എന്നീ തീയതികളിൽ ചേർന്ന യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഭാഗം 2**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അവ നടപ്പാക്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2004-2005)

ശുപാർശ

നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി കുറയാതിരിക്കാൻ അതിർത്തി എത്രയും പെട്ടെന്ന് ജണ്ട കെട്ടി സംരക്ഷിക്കണമെന്നും രണ്ടാം ഘട്ടമായി റവന്യൂ വകുപ്പുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി കയ്യേറ്റക്കാരുടെ കാര്യത്തിൽ ആവശ്യമായ തീരുമാനം എടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി കുറയാതിരിക്കാൻ കയ്യാലകൾ നിർമ്മിക്കുകയും, ജണ്ടകൾ കെട്ടിയും സംരക്ഷണം ഉറപ്പുവരുത്തുന്നുണ്ട്. വനം കയ്യേറ്റം നടത്തുന്നവരെ കണ്ടുപിടിച്ച് അപ്പപ്പോൾ തന്നെ ഒഴിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികളും ചെയ്തുവരുന്നു. കൊല്ലം സർക്കിളിൽ 2005-06 സാമ്പത്തികവർഷം 356 ജണ്ടകൾ പുതുതായി കെട്ടുകയും 1.073 കിലോമീറ്റർ കയ്യാല നിർമ്മിക്കുകയും 29 ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന്, പാലക്കാട് ജില്ലയിൽ അഗളി പഞ്ചായത്തിലെ കുറുക്കൻകുണ്ട്, വട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ സർവ്വേ പൂർത്തീകരിക്കുന്നതിന് എത്രയുംപെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

കണ്ണൂർ സർക്കിളിന്റെ പരിധിയിൽ തലശ്ശേരി താലൂക്കിലെ അയ്യൻകുന്ന് വില്ലേജിലെ വനഭൂമിയുടെ അതിരുകൾ വനം വകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകൾ അനുസരിച്ച് പുതിയ ട്രാവേഴ്സ് സർവ്വേ നടത്തിയിട്ടുണ്ട്. പാലക്കാട് സർക്കിളിലെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കുറുക്കൻകുണ്ട് മുതൽ തടമ്പപ്പാറ വരെ വരുന്ന വനാതിർത്തിയിൽ 146 മുതൽ 187 വരെയുള്ള സർവ്വേ പോയിന്റുകൾ റീഫിക്സ് ചെയ്ത് സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശുപാർശ</u>

വനംകൊള്ള സംബന്ധിച്ച വിലപ്പെട്ട വിവരം നൽകുന്നവർക്ക് പ്രതിഫലമായി 500 രൂപ നൽകിവരുന്നതായി സമിതിയിൽ വെളിപ്പെടുത്തി. പ്രസ്തുത തുക വളരെ കുറവായതിനാൽ 5000 രൂപയായി വർദ്ധിപ്പിക്കണമെന്നും അതിനാവശ്യമായ തുക പ്രസ്തുത ഹെഡിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

<u>വനം-വന്യജീവി (ഡി) വകുപ്പിൽനിന്നും ലഭിച്ച മറുപടി</u>

സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം 500 രൂപ ഒരു വ്യക്തിക്ക് എന്നത് 5000 രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

<u>വനം-വന്യജീവി (സി) വകുപ്പിൽനിന്ന് ലഭിച്ച മറുപടി</u>

വനംകൊള്ള സംബന്ധിച്ച വിലപ്പെട്ട വിവരങ്ങൾ നൽകുന്നവർക്ക് പ്രതിഫല തുക ശുപാർശയിൽ പറയുന്ന രൂപത്തിൽ വർദ്ധിപ്പിക്കാവുന്നതാണ്. ചന്ദനക്കൊള്ള നടത്തുന്ന കേസ്സുകളിൽ പാരിതോഷികം ഒരു കേസ്സിൽ പരമാവധി 25,000 രൂപയും ഒരു വ്യക്തിക്ക് 5,000 രൂപയുമായി വർദ്ധിപ്പിക്കുവാൻ വേണ്ടനടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശുപാർശ</u>

കഞ്ചാവ് കൃഷി ചെയ്യുന്നവർ അത്യാധുനിക സൗകര്യങ്ങൾ ഉപയോഗിക്കുന്നു എങ്കിലും ഉദ്യോഗസ്ഥർക്ക് നിലവിലുള്ള പഴയ സംവിധാനം ഉപയോഗിച്ചേ കഞ്ചാവ് വേട്ട നടത്താൻ കഴിയുന്നുള്ളൂ എന്നതിനാൽ ഉദ്യോഗസ്ഥർക്ക് ആധുനിക ഉപകരണങ്ങൾ നൽകണമെന്ന സമിതിയുടെ 2003-04 വർഷത്തെ റിപ്പോർട്ടിലെ ശുപാർശ ആവർത്തിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് കൊടുക്കാൻ കഴിയുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ വേണ്ടത്ര തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

കഞ്ചാവ് കൃഷി തടയുന്നതിനും കണ്ടെത്തി നശിപ്പിക്കുന്നതിനും പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് നിരന്തരം റെയിഡുകൾ നടത്തിവരുന്നുണ്ട്. കഞ്ചാവ് കൃഷി കണ്ടെത്തിയ ഭാഗങ്ങളിലും സാധ്യതയുള്ള ഭാഗങ്ങളിലും പ്രത്യേക ശ്രദ്ധചെലുത്തുന്നതിന് ജീവനക്കാർ ജാഗ്രത പുലർത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

<u>ശുപാർശ</u>

2009-10 വർഷത്തിൽ ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സർക്കാർ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ്, ആഗോള സാമ്പത്തികമാന്ദ്യം താരതമ്യേന കുറഞ്ഞ തോതിൽമാത്രം ബാധിച്ച രാജ്യങ്ങളിലൂന്നി വിപണനതന്ത്രങ്ങൾ ആവിഷ്കരിക്കുവാനും അതോടൊപ്പം ആഭ്യന്തര ടൂറിസം ശക്തിപ്പെടുത്തുവാനും നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് 2009-10 വർഷത്തിൽ സ്വീഡൻ, നോർവെ, ഫിൻലാൻഡ്, റഷ്യ എന്നിവ കേന്ദ്രീകരിച്ച് വിപണനപ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും

രാജ്യത്തിനകത്ത് രണ്ടാംനിര നഗരങ്ങളിലേക്ക് വിപണനപ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നു. ആയതിനാൽ ഇതിനായി ഈ ശീർഷകത്തിലേക്ക് അനുവദിച്ചിരിക്കുന്ന 16.5 കോടി രൂപ 25 കോടിയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

2009-10 സാമ്പത്തികവർഷത്തിൽ 3452-80-104-98 ടൂറിസ്റ്റ് പ്രചരണം എന്ന ശീർഷകത്തിൽ 16.5 കോടി രൂപ മാത്രമാണ് അനുവദിച്ചത്. 2009 ഡിസംബർ മാസംവരെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാതിരുന്നതിനാൽ, ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്ന ഘട്ടത്തിൽ പുനക്രമീകരണത്തിലൂടെ അധികവിഹിതം ലഭ്യമാക്കാനാണ് ധനവകുപ്പ് നിർദ്ദേശിച്ചിരുന്നത്. ആയതിനാൽ ശുപാർശ ചെയ്തതനുസരിച്ച് 25 കോടി രൂപയായി ബഡ്ജറ്റ് വിഹിതം ഉയർത്തിയിട്ടില്ല.

ശുപാർശ

ബേക്കൽ പ്രദേശത്തെ റിസോർട്ടുകളിലേക്കും പൊതുജനങ്ങൾക്കുമായി ഏകദേശം 18 കി.മീ. നീളത്തിൽ 5 മേജർ റോഡുകൾ നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുളള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. റോഡിനാവശ്യമായ അധിക സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടക്കുന്നതിനാൽ ഇതിലേക്കായി 650 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

ബേക്കൽ പ്രദേശത്തെ റിസോർട്ടുകളിലേക്കും പൊതുജനങ്ങൾക്കുമായി ഏകദേശം 18 കി.മീ. നീളത്തിൽ 5 മേജർ റോഡുകൾ നിർമ്മിക്കുന്നതിനായി സ്ഥലമെടുപ്പ് നടത്തി. ഇതിനായി മലബാർ പാക്കേജിൽ ഉൾപ്പെടുത്തി 650 ലക്ഷം രൂപ ജില്ലാകളക്ടർക്ക് ലഭ്യമാക്കി. കൂടാതെ 185 ലക്ഷം രൂപ ബി.ആർ.ഡി.സി.-യുടെ തനത് ഫണ്ടിൽനിന്നും നൽകി, സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. (റിസോർട്ട് സൈറ്റ് 1-ലേക്കുള്ള റോഡ് ഒഴികെ) ഇതിൽ റിസോർട്ട് സൈറ്റ് 5, 6 മൗവ്വൽ-കല്ലിങ്കൽ റോഡ് എന്നീ റോഡുകളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചു.

ശുപാർശ

ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്ന റിസോർട്ടിലേക്കും ചിത്താരി കടപ്പുറത്തേക്കുമുള്ള ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ് തുറന്നു പ്രവർത്തിക്കാത്തതുമൂലം ഈ ഭാഗത്തേക്കുള്ള യാത്ര ക്ലേശകരമായിരുന്നു. 2008 ഡിസംബറിൽ റെയിൽവേ ഗേറ്റ് തുറന്നുകൊടുക്കുകയും തുടർപ്രവർത്തന ങ്ങൾക്കായി 1,40,81,972 രൂപ കെട്ടിവയ്ക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുക യുമുണ്ടായി. ഇതിലേക്കായി 141 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള റിസോർട്ട് സൈറ്റ് 2-ലേക്കും ചിറ്റാരി കടപ്പുറത്തേക്കുമുള്ള ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ് 2008 ഡിസംബറിൽ തുറന്നു പ്രവർത്തിച്ചു. തുടർപ്രവർത്തനങ്ങൾക്കായി റെയിൽവേ 1,40,81,972 രൂപ ആവശ്യപ്പെടുകയുണ്ടായി. ഇത് ബി.ആർ.ഡി.സി. തവണകളായി അടയ്ക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും തവണകൾ അടയ്ക്കാത്തതിനാൽ റെയിൽവേ ഗേറ്റ് അടയ്ക്കുകയും ചെയ്തു. ബഹു. കേരള ഹൈക്കോടതിയിൽ ഇതിനെതിരായി ഒരു പൊതുതാൽപ്പര്യ ഹർജി സമർപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോടതി നിർദ്ദേശം വരികയും തുടർന്ന് ബി.ആർ.ഡി.സി. കോടതിയിൽ 50 ലക്ഷം രൂപ കെട്ടിവയ്ക്കുകയും ഇപ്പോൾ റെയിൽവേ ഗേറ്റ് തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ നിർമ്മാണം കോട്ടിക്കുളം റെയിൽവേ സ്റ്റേഷനും ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷനുമിടയിൽ ഒരു റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുവാനായി സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി റെയിൽവേ 113 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിരിക്കുന്നത്. ഈ തുക പി.ഡബ്ല്യു.ഡി., ബി.ആർ.ഡി.സി. ഉദുമ ഗ്രാമപഞ്ചായത്ത് എന്നിവ ചേർന്നുനൽകണമെന്നാണ് വ്യവസ്ഥ. ഇതിൽ ബി.ആർ.ഡി.സി.-യുടെ വിഹിതമായ 28.45 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

കോട്ടിക്കുളം റെയിൽവേ സ്റ്റേഷനും ബേക്കൽ ഫോർട്ട് സ്റ്റേഷനുമിടയിൽ ഒരു റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് അനുമതിയായിട്ടുണ്ട്. ബി.ആർ.ഡി.സി. ഇതിനായി 28.45 ലക്ഷം രൂപ വിഹിതമായി അടച്ചിട്ടുണ്ട്. അണ്ടർ ബ്രിഡ്ജിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞു. പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

ശുപാർശ

ബേക്കൽ കോട്ടയിലേക്കുള്ള റോഡിന്റെ നിർമ്മാണം സ്റ്റേറ്റ് ഹൈവേയിൽ നിന്ന് ബേക്കൽ കോട്ടയിലേക്കും ബേക്കൽ ബീച്ച് പാർക്കിലേക്കുമുള്ള റോഡുകൾ നവീകരിക്കുന്നതിലേക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

സ്റ്റേറ്റ് ഹൈവേയിൽ നിന്ന് ബേക്കൽ ബീച്ചിലേക്കുള്ള റോഡ് ഇതിനോടകം തന്നെ റീടാർ ചെയ്തു. ബേക്കൽ ബീച്ച് റോഡിലേക്കും ബേക്കൽ ഫോർട്ട് റോഡിലേക്കും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ബി.ആർ.ഡി.സി.-യുടെ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിനുള്ള തുക സർക്കാർ ബി.ആർ.ഡി.സി.-ക്ക് നൽകിക്കഴിഞ്ഞു. കോട്ടക്കുന്നിൽ നിന്നും ബേക്കൽ ഫോർട്ടിലേക്കുള്ള റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഈ റോഡിന്റെ വികസനം പൊതുമരാമത്ത് വകുപ്പാണ് നടത്തേണ്ടത്.

ശുപാർശ

ബേക്കൽ കൾച്ചറൽ സെന്റർ: ബേക്കലിലെത്തുന്ന സഞ്ചാരികൾക്ക് നാടിന്റെ സംസ്കാരം തൊട്ടറിയുന്നതിന് വിവിധ സാംസ്കാരിക വൈഭവങ്ങളോടെയുള്ള ഒരു കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

ബേക്കലിൽ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുകയും ഇതിനായി 4,43,75,277 രൂപയുടെ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച നിയമസാധുതയ്ക്കും സാങ്കേതിക അനുമതിക്കും വിധേയമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുക.

ശുപാർശ

ബേക്കലിലെത്തുന്ന സഞ്ചാരികൾക്ക് പുതുമയുള്ളതും വളരെയേറെ പ്രത്യേകത നിറഞ്ഞതുമായ ഒരു ആകർഷണം ഉണ്ടാക്കുന്നതിനായി ഒരു ശിൽപ്പവും ഉദ്യാനവും 2009 അവസാനത്തോടുകൂടി പൂർത്തിയാക്കുവാനുദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

ബേക്കലിലെത്തുന്ന സഞ്ചാരികൾക്ക് പുതുമയുള്ളതും വളരെയേറെ പ്രത്യേകത നിറഞ്ഞതുമായ ഒരു ഉദ്യാനവും ശിൽപ്പവും നിർമ്മിക്കുന്നുണ്ട്. ഉദ്യാനത്തിന്റെ നിർമ്മാണം സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച് വരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-2013)

<u>ശുപാർശ</u>

ക്ഷയോന്മുഖമായ വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും, പുനർവനവൽക്കരണം നടത്തുന്നതിനും കൂടാതെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനം വളരുന്ന സ്ഥലങ്ങൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനും അഗ്നിപ്രതിരോധ പ്രവർത്തനത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

നടപ്പുസാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

ഫയർ ലൈനുകൾ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണപ്രവർത്തനങ്ങൾ, ശേഷിച്ചുകൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും കേരള വനം നിയമം സെക്ഷൻ 4(1) അനുസരിച്ച്, ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനും കഞ്ചാവ് കൃഷി തടയുന്നതിനും വനസംരക്ഷണ കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ നിർമ്മാണങ്ങൾക്കുമായ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക 1250 ലക്ഷം രൂപയാണ്. കൂലി നിരക്ക് 400 മുതൽ 450 രൂപ വരെ കൂടിയതിനാലും മെറ്റീരിയൽസിന്റെ ചെലവ് വർദ്ധിച്ചതിനാലും ഈ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും കൂടാതെ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കേന്ദ്ര നഴ്സറികളുടെ പരിപാലനത്തിനും നഴ്സറികളിൽ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ചെലവിനും ഉപയോഗിക്കുന്നതിനുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 550 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം പദ്ധതി, കോളേജ് കുട്ടികൾക്കായുള്ള നമ്മുടെ മരം പദ്ധതി, പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഹരിതകേരളം പദ്ധതി മുതലായ വനവൽക്കരണ പദ്ധതികൾക്കായും ഇതു സംബന്ധിച്ച പബ്ലിസിറ്റിക്കായും വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 450 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2406-01-101-88 എന്ന ശീർഷകത്തിൽ തേക്ക് വുഡിന് അനുവദിച്ച 877.32 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപയും 2406-01-101-87 എന്ന ശീർഷകത്തിൽ പൾപ്പ് വുഡിന് അനുവദിച്ച 438 ലക്ഷം രൂപ അപര്യാപ്ത മായതിനാൽ 200 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുളള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനംവകുപ്പിൽ നിന്നും വിൽക്കുന്ന തേക്കിന്റെ വിലയുടെ 5%-ഉം പൾപ്പ്വുഡിന്റെ വിലയുടെ 50%-ഉം ചേർന്നുവരുന്ന തുകകൊണ്ടാണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കേണ്ടത്. തേക്കിന്റെ വിലയുടെ 5% കൊണ്ട് ഫണ്ട് സ്വരൂപിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇത് 10% ആയി ഉയർത്തി ആക്ടിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ശുപാർശ

വനംവകുപ്പ് ആന, മാൻ, മൃഗശാല തുടങ്ങിയവയുടെ പരിചരണ സംരക്ഷണ ത്തിനായി ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകൾ യഥാസമയം സർക്കാരിൽ ലഭ്യമാകാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

റോഡുകളുടേയും പാലങ്ങളുടേയും പണികൾക്കായി ഈ സാമ്പത്തികവർഷം 36 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകൾ യഥാസമയം സർക്കാരിൽ ലഭ്യമാകാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനുവേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയുംപ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-001-99-01(4)—ഓഫീസ് ഓഫ് ദി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ—2.23 ലക്ഷം രൂപ

2406-01-001-98-01(4)—3 ലക്ഷം രൂപ

2406-01-001-97-01(4)—0.19 ലക്ഷം രൂപ

2406-01-001-95-01(4)—5.26 ലക്ഷം രൂപ

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകൾ യഥാസമയം സർക്കാരിൽ ലഭ്യമാകാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് മെഡിക്കൽ, യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും മുൻകാലങ്ങളിലുള്ള

യാത്രാച്ചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസ്സാക്കേണ്ടതായിട്ടുള്ള തിനാലും യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-001-99-04(1)—ഓഫീസ് ഓഫ് ദി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 6.74 ലക്ഷം രൂപ

2406-01-001-96-04(1)—വിജിലൻസും വിലയിരുത്തലും ഭാഗം 4 ലക്ഷം രൂപ

2406-01-001-95-04(1)—ഡിസ്ട്രിക്ട് ഓഫീസ്—6 ലക്ഷം രൂപ

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കായുള്ള പ്രൊപ്പോസലുകൾ യഥാസമയം സർക്കാരിൽ ലഭ്യമാകാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേന്ദ്ര വിഹിതം ലഭ്യമാക്കുന്ന പദ്ധതികളിൽ ആകെ ചെലവിന്റെ 50% കേന്ദ്രവും 50% സംസ്ഥാനവുമാണ് വഹിക്കുന്നത്. ഈ പദ്ധതികളുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്നതുവരെ കാത്തിരിക്കാതെ സ്റ്റേറ്റ് വിഹിതം നേരത്തേതന്നെ അനുവദിക്കുകയാണെങ്കിൽ കാലാനുസൃതമായ പല പണികളും സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ അന്ത്യഘട്ടത്തിനു മുൻപുതന്നെ ചെയ്തുതീർക്കാൻ കഴിയും. ആയതിനാൽ കേന്ദ്ര സഹായ പദ്ധതിയനുസരിച്ചുള്ള കേന്ദ്രഫണ്ട് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ 50% സംസ്ഥാന വിഹിതം നേരത്തേ ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2011-12 വർഷവും തുടർന്നുള്ള 2012-13 വർഷത്തിലും 50% കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്.

ശുപാർശ

സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെയും വിദഗ്ധ വിലയിരുത്തൽ സമിതിയുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ (3435-04-104-99) ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷം സമിതിയുടെ പ്രവർത്തനത്തിനായി അനുവദിച്ച തുക ഉപയോഗപ്പെടുത്തി (20 ലക്ഷം രൂപ) അത്യാവശ്യ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചു. സർക്കാരിന്റെ ചെലവുചുരുക്കൽ നടപടികൾക്കു വിധേയമായി പ്രവർത്തിക്കേണ്ടിയിരുന്നതിനാൽ അധിക തുകയ്ക്ക് അപേക്ഷിക്കേണ്ടി വന്നില്ല.

ശുപാർശ

RIDF-ൽ പരിസ്ഥിതി ഒരു വിഷയമല്ലാത്തതിനാൽ അത് നടപ്പാക്കാൻ സാധിക്കുകയില്ല. ആയതിനാൽ നദീജല പദ്ധതിയിന്മേൽ (3435-03-102-90) 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി പദ്ധതി നിർദ്ദേശങ്ങളൊന്നും ലഭിക്കാതിരുന്നതിനാൽ ഇതിനായി പ്രത്യേക വിഹിതം വകയിരുത്താൻ അപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശുപാർശ

സംസ്ഥാനത്തെ മുഴുവൻ ബയോമെഡിക്കൽ മാലിന്യവും സംസ്കരിക്കുന്നതിനായി ഒരു പ്ലാന്റ് മാത്രമാണ് നിലവിലുള്ളത്. ഇത്തരത്തിൽ 4 പൊതു സംവിധാനങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ പൊതു ബയോമെഡിക്കൽ മാലിന്യസംസ്കരണ സംവിധാനങ്ങൾക്കുള്ള സബ്സിഡി പ്രകാരം ഒരു പദ്ധതിക്കായി 25 ലക്ഷം രൂപ ലഭിക്കും. ഇതിനായി സംസ്ഥാന സർക്കാരും 25 ലക്ഷം രൂപ സഹായം നൽകി ഈ പദ്ധതിയെ PPP പദ്ധതികളിലൂടെ നടപ്പിലാക്കേണ്ടതാണ്. ഇതിനായി സംസ്ഥാന സർക്കാർ മാച്ചിംഗ് കോൺട്രിബ്യൂഷനായി ഒരു പദ്ധതിക്ക് 25 ലക്ഷം രൂപാവീതം അധികമായി 75 ലക്ഷം രൂപയും രണ്ട് പൊതു പദ്ധതികൾക്കായി 175 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പൊതു ബയോമെഡിക്കൽ നിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കാനുള്ള പദ്ധതിക്ക് വേണ്ടിവരുന്ന മൊത്തം ചെലവിന്റെ 25 ശതമാനംവരെ കേന്ദ്ര സഹായം ലഭ്യമാക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം പരമാവധി 1 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ നൽകുന്നതിന്റെ തത്തുല്യ

വിഹിതമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. സബ്സിഡി അനുവദിക്കുന്നതിനു മുമ്പായി പദ്ധതിക്ക് വേണ്ട അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. അനുമതികൾ ലഭ്യമായ പദ്ധതി നിർദ്ദേശങ്ങളൊന്നും 2012-13 സാമ്പത്തികവർഷത്തിൽ സർക്കാരിനു ലഭിച്ചിരുന്നില്ല. ആകയാൽ സബ്സിഡിക്കുള്ള മാച്ചിംഗ് കോൺട്രിബ്യൂഷനുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തേണ്ടിവന്നില്ല.

ശുപാർശ

ബോർഡിന്റെ കേന്ദ്ര ഓഫീസ്, ദക്ഷിണ മേഖലാ ഓഫീസ്, തിരുവനന്തപുരം ജില്ലാ ഓഫീസ്, പരിശീലന വിഭാഗം, ഗവേഷണ-വികസന വിഭാഗം എന്നിവയ്ക്കായി സ്വന്തമായി കെട്ടിടം പണിയാൻ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

തലസ്ഥാനത്ത് ബോർഡിന്റെ ഹെഡ് ഓഫീസിനായി സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങാനായി പത്രമാസികകളിൽ പരസ്യം നൽകുകയും SEUF-ന്റെ 50 സെന്റ് വസ്തുവാങ്ങാനുള്ള നടപടികൾ നടന്നുവരുന്നതായും ബോർഡ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

ബോർഡിന്റെ മിക്ക ഓഫീസുകളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിനായി നല്ലൊരു തുക മാസവാടക ഇനത്തിൽ വേണ്ടിവരുന്നുണ്ട്. ആയതിനാൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സമീപപ്രദേശങ്ങളിലെ ഒഴിവുള്ള മിനി സിവിൽ സ്റ്റേഷനുകളിലേക്കോ സർക്കാർവക കെട്ടിടങ്ങളിലേക്കോ മാറ്റി പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

വാട്ടർ അപ്പലേറ്റ് അതോറിറ്റിയുടെ പേട്ടയിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് പബ്ലിക് ഓഫീസ് സമുച്ചയത്തിലേക്ക് മാറ്റിപ്രവർത്തിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

ശുപാർശ

തിരുവനന്തപുരം നഗരത്തിലെ മുഖ്യജലാശയങ്ങളായ കരമനയാർ, വേളി, ആമക്കുളം കായൽ, പാർവ്വതി പുത്തനാർ, ആമയിഴഞ്ചാൻ തോട്, കണ്ണമ്മൂല തോട്, പട്ടം തോട്, ഉള്ളൂർ തോട് എന്നിവയിൽ ഗാർഹിക മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം മലിനീകരിക്കപ്പെടുന്നതിനാൽ ആയത് ശുദ്ധീകരിക്കപ്പെടുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ദേശീയ കായൽ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി വേളി-ആക്കുളം കായലുകളുടേയും പുനരുജ്ജീവനത്തിന് പദ്ധതിയുണ്ട്. കായലിൽ എത്തിച്ചേരുന്ന ആമയിഴഞ്ചാൻ തോടിന്റേയും പാർവ്വതി പുത്തനാറിന്റേയും പുനരുജ്ജീവനത്തിനുള്ള പദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി സാനിട്ടേഷൻ സർവ്വേ നടത്തുന്നതിനും, അവയുടെ മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തുന്നതിനായി കനാലുകളുടെ തീരത്തു നിന്നും 50 മീറ്റർ ചുറ്റളവിൽ ഉള്ള വീടുകളെക്കൂടി ഉൾപ്പെടുത്തി Socio Economic Unit Foundation-ന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. ഇതിനുള്ള ചെലവ് 2013-14-ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നു കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

ശുപാർശ

കെ.ടി.ഡി.സി.-യുടെ കീഴിൽ കോഴിക്കോട് ആരംഭിക്കുന്ന പ്രീമിയം ഹോട്ടൽ, ആലപ്പുഴയിലെ പുതിയ ഹോട്ടൽ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്, ബേക്കൽ ബീച്ച് റിസോർട്ട്, നിലവിലുള്ള യൂണിറ്റുകളുടെ വികസനം, പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും സംയുക്തമേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനും ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ പദ്ധതികൾക്കുമായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് സ്വന്തം ഓഫീസും ഗസ്റ്റ് ഹൗസും ബേക്കൽ എയർസ്ട്രിപ്പും കൾച്ചറൽ സെന്റർ ബീച്ചുകളുടെ വികസനം, റിസോർട്ട് സെന്ററുകളുടെ അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ. ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന മുസ്രിസ് പൈതൃക സംരക്ഷണ പദ്ധതിക്ക് 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന പൈതൃക ശേഷിപ്പുകളെ നവീകരിച്ച് ടൂറിസം ആകർഷകമാക്കുന്നതിനുള്ള തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിക്കും ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കുമായി 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനായി കേരള ടൂറിസം ഒട്ടനവധി നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പുതിയ മാർക്കറ്റുകളും ലക്ഷ്യമിട്ട് വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓസ്ട്രേലിയ, റഷ്യ, മിഡിൽ ഈസ്റ്റ്, സ്കാൻഡനേവിയൻ തുടങ്ങിയ പുതിയ വിപണികളിലും ശക്തമായ പ്രചാരണപരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ ആയുർവ്വേദ, കേരള കുസീൻ തുടങ്ങിയ ഉൽപ്പന്നങ്ങളെ ലോക ടൂറിസം മാർക്കറ്റുകളിൽ ശക്തമായി അവതരിപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങളിലേക്കായി 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

25-3-2012-ലെ സ.ഉ. (സാധാ.) നമ്പർ 2325/2013/ധന. പ്രകാരം 1103 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലും മെച്ചപ്പെടുത്തലുകൾക്കും ഗസ്റ്റ് ഹൗസുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസനത്തിനും 14 ജില്ലകളിലെ നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും ഊന്നൽ നൽകുന്ന പരിപാടികളും ഉത്സവങ്ങളും മേളകളും ബോട്ട് മത്സരങ്ങളും സംഘടിപ്പിക്കുന്നതിന് സഹായിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

14 ജില്ലകളിലേയും ഓഫീസുകളും വിവിധ ടൂറിസ്റ്റ് സെന്ററുകളുടെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും ആധുനികവൽക്കരിക്കുന്നതിന് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിൽ സാധനസാമഗ്രികൾ എന്ന കണക്കിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,000 രൂപ 1 ലക്ഷം രൂപയായും മറ്റ് ചെലവുകൾക്കുള്ള തുക 5 ലക്ഷം രൂപയായും ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിൽ സാധനസാമഗ്രികൾ എന്ന കണക്കിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപയായി ഉയർത്തണമെന്ന സമിതി ശുപാർശയിന്മേൽ 2012-13 സാമ്പത്തികവർഷത്തിൽ അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ച തുകകൾ കൂടി ഉൾപ്പെടുത്തുമ്പോൾ ഈ കണക്കിനത്തിൽ മൊത്തം 19,000 രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു.

മറ്റ് ചെലവുകൾ

മറ്റ് ചെലവുകൾക്കുള്ള തുക 5 ലക്ഷം രൂപയായി ഉയർത്തണമെന്ന സമിതി ശുപാർശയിന്മേൽ 2012-2013 സാമ്പത്തികവർഷം അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ച തുകകൾകൂടി ഉൾപ്പെടുത്തുമ്പോൾ ഈ കണക്കിനത്തിൽ മൊത്തം 10,52,151 രൂപാ ചെലവഴിച്ചിട്ടുള്ളതും ആകുന്നു. എന്നാൽ SDG വഴി ഈ കണക്കിനങ്ങളിൽ തുകകൾ അനുവദിക്കപ്പെട്ടിട്ടില്ല.

ശുപാർശ

തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഭക്ഷണം തയ്യാറാക്കാനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ച തുക 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഭക്ഷണം തയ്യാറാക്കാനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ച 20 ലക്ഷം രൂപ 25 ലക്ഷം രൂപയായി ഉയർത്തണമെന്ന സമിതിയുടെ ശുപാർശയിൻമേൽ 2012-13 സാമ്പത്തികവർഷം ഈ കണക്കിനത്തിൽ അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ച തുകകൾകൂടി ഉൾപ്പെടുത്തുമ്പോൾ 49,73,092 രൂപ ചെലവഴിച്ചിട്ടുള്ളതും എന്നാൽ 2012-13 സാമ്പത്തികവർഷം ഈ കണക്കിനത്തിൽ SDGവഴി തുകകൾ ഒന്നുംതന്നെ അനുവദിച്ചു കിട്ടിയിട്ടില്ലാത്തതുമാകുന്നു.

ശുപാർശ

ഓണാഘോഷത്തിന്, പരസ്യപ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നാണ് ചെലവുവഹിക്കുന്നത്. നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട ചെലവുകൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)

ശുപാർശ

പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിലേക്ക് അവബോധം വളർത്തുന്നതിന് ഏറ്റവും പരമപ്രധാനമായതാണ് പരിസ്ഥിതി വിദ്യാഭ്യാസം. ഇതിനായി നടപ്പിലാക്കുന്ന വിവിധ ബോധവൽക്കരണ പരിപാടികളായ പാരിസ്ഥിതികം, ഹരിതസ്പർശം, ഭൂമിത്രസേന ക്ലബ്ബുകൾ, 'ഹരിതശാല' എന്നിവയുടെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം അനുവദിച്ച തുകയായ 75 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 15-1-2014 വരെ 59 ലക്ഷമാണ് ചെലവായത്. വകുപ്പിന്റെ ആകെ പദ്ധതിച്ചെലവ് 236 ലക്ഷം മാത്രമാണ് (16.8%). അധിക തുക ഇപ്പോൾ അനുവദിക്കേണ്ട സാഹചര്യമില്ല.

ശുപാർശ

കെ.എസ്.ബി.ബി. സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്കും, ചെയർമാനും ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ശമ്പളയിനത്തിൽ 40.49 ലക്ഷം രൂപയും, ശമ്പളയിതരയിനത്തിൽ 6.52 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

16-1-2014-ൽ ശമ്പളം ഇനത്തിൽ 81%-ഉം ശമ്പളേതര ഇനത്തിൽ 100%-ഉം ആണ് ചെലവായിരിക്കുന്നത്. ശമ്പളേതര ഇനത്തിൽ കൂടുതൽ ആവശ്യമുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശുപാർശ

കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായി ഏറ്റവും നല്ല രീതിയിൽ ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അവ നിലനിർത്തുകയും ഒരു സർക്കാർ സ്കൂളിനും, ഒരു എയിഡഡ് സ്കൂളിനും ജില്ലകൾതോറും അവാർഡ് നൽകാൻ 28 ലക്ഷം രൂപയും പരിസ്ഥിതി ബോധവൽക്കരണത്തിനായി എൻവയോൺമെന്റ് മ്യൂസിയം ബോർഡിന്റെ എറണാകുളം മേഖല ഓഫീസ് കെട്ടിടത്തിൽ സ്ഥാപിക്കാനും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ മോണിറ്ററിംഗിനും സാമ്പിളിനുമുള്ള ഉപകരണങ്ങളുടെ മോഡലുകൾ പ്രദർശിപ്പിക്കുന്നതിനും, മിനിതിയേറ്റർ, ഉപകരണങ്ങൾ, ലൈബ്രറി എന്നിവയ്ക്കുമായി 50 ലക്ഷം രൂപയും അന്തരീക്ഷവായു ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള കണ്ടിന്യുവസ് സ്റ്റേഷൻ തിരുവനന്തപുരം കോർപ്പറേഷനിൽ തമ്പാനൂരിൽ സ്ഥാപിക്കാൻ 60 ലക്ഷം രൂപയും അധികമായി ആവശ്യമാണ്. കൂടാതെ ശബരിമല ഖരമാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി രൂപപ്പെടുത്തിയ ഹെറിറ്റേജ് ഡൈജസ്റ്റർ പമ്പയിൽ സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപയും സ്വന്തമായി സംസ്കരണ സംവിധാനം ഇല്ലാത്ത ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലെ മുഴുവൻ ബയോമെഡിക്കൽ മാലിന്യവും സംസ്കരിക്കുന്നതിനായി പാലക്കാട് പ്രവർത്തിച്ചുവരുന്ന IMAGE മാതൃകയിലുള്ള പ്ലാന്റ് 2 ജില്ലകൾക്ക് ഒരു പൊതു സംവിധാനം എന്ന നിരക്കിൽ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ പൊതു ബയോമെഡിക്കൽ മാലിന്യസംസ്കരണ സംവിധാനങ്ങൾക്കുള്ള സബ്സിഡി പ്രകാരം പദ്ധതി ചെലവിന്റെ 25% ഏറ്റവും കൂടിയത് 1 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിന് സംസ്ഥാന സർക്കാരും തുല്യമായ തുക സഹായമായി ലഭ്യമാക്കിയാൽ ഇത്തരം 3 പദ്ധതികൾ PPP പദ്ധതികളിലൂടെ ഈ വർഷം നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപ അധികമായി ആവശ്യമായിവരും. ബോർഡിന്റെ ഹെഡ് ഓഫീസ്, തിരുവനന്തപുരം മേഖല ഓഫീസ്, ജില്ലാ ഓഫീസുകൾ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ സ്ഥലം വാങ്ങുന്നതിനായി 500 ലക്ഷം രൂപയും ആവശ്യമാണ്. മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 963 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാർ സബ്സിഡിക്കു തുല്യമായ തുക (പരമാവധി 1 കോടി)-യാണ് സംസ്ഥാന സർക്കാർ സബ്സിഡിയായി നല്കാവുന്നത്. കേന്ദ്ര സർക്കാരിലേക്ക് ഒരു അപേക്ഷ ശുപാർശ ചെയ്ത് അയച്ചതിന്മേൽ തീരുമാനം അറിയിക്കാത്തതിനാൽ ഈ ഇനത്തിൽ വകകൊള്ളിച്ചിരിക്കുന്ന 30 ലക്ഷം രൂപ ചെലവാക്കാനാകില്ല. ബോർഡിന് സ്വന്തം കെട്ടിടത്തിനായി സ്ഥലം ഇതുവരെ കണ്ടെത്തിയിട്ടില്ല. ഈ ഇനങ്ങളിൽ ഈ സാമ്പത്തികവർഷത്തിൽ അധിക വിഹിതം ആവശ്യമായി വരുന്നില്ല. 31-12-2013 വരെയുള്ള പദ്ധതിച്ചെലവ് 39.5% ആണ്.

**ശബരിമലയിലെ ഖരമാലിന്യ പ്ലാന്റ് നിർമ്മാണം**

ഹൈറേറ്റ് ബയോ റിയാക്ടർ എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഒരു സംവിധാനമാണ് ഉദ്ദേശിച്ചിരുന്നത്. ഇതു സംബന്ധിച്ച സാങ്കേതികകാര്യങ്ങൾ ബോർഡുതലത്തിൽ നടപടികൾക്കു വിധേയമാകുന്നതേയുള്ളൂ. 2013-14 സാമ്പത്തിക വർഷത്തിൽ ശബരിമലയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരുന്ന 30 ലക്ഷം രൂപയും ഉപയോഗപ്പെടുത്തിക്കഴിഞ്ഞു. ഈ സാമ്പത്തികവർഷം, ഈ ഇനത്തിൽ അധിക തുക വകയിരുത്തേണ്ടതില്ല.

<u>ശുപാർശ</u>

കെ.ടി.ഡി.സി.-യുടെ കീഴിലുള്ള കോഴിക്കോട്, ആലപ്പുഴ ഹോട്ടൽ പദ്ധതികൾ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്, നിലവിലുള്ള ഹോട്ടലുകളുടെ വികസനം, പുനരുദ്ധാരണം, തുടങ്ങിയ പദ്ധതികൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാന വികസന പദ്ധതികൾക്കും സംയുക്ത മേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനും റവന്യൂ ജനറേറ്റിംഗ് ടൂറിസം അധിഷ്ഠിത പൊതുസ്ഥല/അടിസ്ഥാന സൗകര്യ വികസനത്തിനും, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് പദ്ധതികൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ബി.ആർ.ഡി.സി.-ക്ക് സ്വന്തം ഓഫീസും ഗസ്റ്റ് ഹൗസും ബേക്കൽ എയർ സ്ട്രിപ്പും വിപണനവും പ്രചരണവും, ബീച്ചുകളുടെ വികസനം, ബേക്കൽ ഫോർട്ടിലെ റെയിൽവേ സ്റ്റേഷൻ വികസനം തുടങ്ങിയ പദ്ധതികൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന ഒന്നാണ് മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 2012-ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന പൈതൃക ശേഷിപ്പുകളെ നവീകരിച്ച് ടൂറിസം ആകർഷകമാക്കുന്നതിനുള്ള തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനായി കേരള ടൂറിസം ഒട്ടനവധി നൂതന വിനോദസഞ്ചാര ഉല്പന്നങ്ങളും, പുതിയ മാർക്കറ്റുകളും ലക്ഷ്യമിട്ട് വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഓസ്ട്രേലിയ, റഷ്യ, മിഡിൽ ഈസ്റ്റ്, സ്കാൻഡിനേവിയ തുടങ്ങിയ മാർക്കറ്റുകളിൽ കൂടുതൽ പ്രചരണ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. കേരള ടൂറിസത്തെ സംബന്ധിച്ച് വളരെ ശക്തമായ സാന്നിദ്ധ്യം അറിയിക്കാവുന്ന വിപണിയായ അമേരിക്കയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം നാളിതുവരെ വകുപ്പിന് കടന്നു ചെല്ലുന്നതിന് സാധിച്ചിട്ടില്ല. നൂതന വിപണന മാധ്യമമായ ഡിജിറ്റൽ മീഡിയയിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ശക്തമായ സാന്നിദ്ധ്യമറിയിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, ആയുർവ്വേദ, കേരള കുസീൻ തുടങ്ങിയ ഉൽപ്പന്നങ്ങളെ ലോക ടൂറിസം മാർക്കറ്റുകളിൽ തുടർന്നും അവതരിപ്പിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും ശക്തമായ മത്സരം നേരിടുന്ന ഈ രംഗത്ത് ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തലസൗകര്യമൊരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഗസ്റ്റ് ഹൗസ് തുടങ്ങിയവയിലെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി രണ്ട് ഹെഡ്ഡുകളിലായി അനുവദിച്ച 6600 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന പരിപാടികളും ഉത്സവങ്ങളും, മേളകളും, ബോട്ട് മത്സരങ്ങളും സംഘടിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിക്ക് ഈ സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

14 ജില്ലകളിലേയും ഓഫീസുകളിലേയും വിവിധ ടൂറിസ്റ്റ് സെന്ററുകളിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും ആധുനികവൽക്കരിക്കുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ അത്യാകർഷകമായ സമ്മാനഘടന അതേപടി നിലനിർത്തുന്നതിനും ഇതരമേഖലകളിലെ പ്രവർത്തനങ്ങൾ ഇന്നത്തെ രീതിയിൽ നടത്തുന്നതിനും സ്പോൺസർഷിപ്പിലൂടെയും കൂപ്പൺ വിൽപ്പനയിലൂടെയുമുള്ള വരുമാനം പൂർണ്ണമായും പര്യാപ്തമല്ല. ഈ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തികവർഷം 20 കോടി രൂപ കൂടി പദ്ധതിയേതര ഇനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

## ജൈവ വൈവിദ്ധ്യസംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സപര്യ, ഡി.എം.സി. എന്നീ പദ്ധതികളെ സംബന്ധിച്ച 2012-ലെ സ്പെഷ്യൽ റിപ്പോർട്ട്

ശുപാർശ

തിരുവനന്തപുരത്തുള്ള ലയൺ സഫാരി പാർക്ക്, ക്രോക്കൊഡൈൽ പാർക്ക് എന്നിവയ്ക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിനായി പ്രചരണം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും, പാലക്കാട് സ്നേക്ക് പാർക്ക്, നിലമ്പൂരിലെ തേക്ക് മ്യൂസിയം, തട്ടേക്കാട് പക്ഷിസങ്കേതം, പറമ്പിക്കുളം എന്നിവ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തണമെന്നും, ടൂറിസം വകുപ്പും വനംവകുപ്പും ചേർന്ന് ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനെക്കൊണ്ട് ഇതിനുള്ള നടപടിയെടുപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ലയൺ സഫാരി പാർക്ക്, ക്രോക്കൊഡൈൽ പാർക്ക് എന്നിവ സ്ഥിതിചെയ്യുന്ന നെയ്യാർ വന്യജീവി സങ്കേതത്തിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. സമീപത്തായി ഒരു ആനസംരക്ഷണ കേന്ദ്രത്തിന്റെ ജോലികൾ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ഇക്കോടൂറിസം നടപ്പിലാക്കുവാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. പാലക്കാടുള്ള സ്നേക്ക് പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. നിലമ്പൂരിലെ തേക്ക് തോട്ടം, തട്ടേക്കാട് പക്ഷിസങ്കേതം, പറമ്പിക്കുളം എന്നിവ ഇതിനകം ടൂറിസം ശൃംഖലയിൽ വന്നുകഴിഞ്ഞിട്ടുണ്ട്. അവിടങ്ങളിലെ സഞ്ചാരികൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ശുപാർശ

കേരളത്തിൽ ഏറ്റവും കൂടുതൽ ആനയും കടുവയുമുള്ള സ്ഥലമായ പച്ചക്കാനവും തേക്കടിയും സന്ദർശിക്കാനെത്തുന്ന വിനോദസഞ്ചാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആനസവാരിക്കുള്ള സൗകര്യമൊരുക്കുന്നതോടൊപ്പം ആനയുടെ വേസ്റ്റിൽനിന്ന് ബയോഗ്യാസ്, ബ്രൗൺ പേപ്പർ എന്നിവ ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം ആനയുടെ വേസ്റ്റിൽനിന്ന് ബയോഗ്യാസ്, ബ്രൗൺ പേപ്പർ എന്നിവ ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

പച്ചക്കാനംവഴി ഗവിയിലെത്തുന്ന സഞ്ചാരികൾക്ക് കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനും , തേക്കടിയിലെത്തുന്ന സഞ്ചാരികൾക്ക് വനം വകുപ്പും, താമസസൗകര്യങ്ങളും ബോട്ടിംഗ് സംവിധാനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു. ആനയുടെ വേസ്റ്റിൽനിന്നും ബയോഗ്യാസും, പേപ്പർ ബോർഡും നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് കോന്നിയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ആയത് ഫലപ്രദമായാൽ മറ്റ് ആനപരിപാലന കേന്ദ്രങ്ങളിലും ഇത്തരം യൂണിറ്റുകൾ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഭാഗം 3**

ചട്ടം 236(5) പ്രകാരം യഥാസമയം മറുപടി ലഭിക്കാത്തതിനുള്ള കാരണം കാണിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച ശുപാർശയിന്മേലുള്ള മറുപടി

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

ശുപാർശ

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുകൾ വിജയകരമായി നടത്തുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ (തമിഴ്നാട്ടിലെ കോയമ്പത്തൂർ, ആന്ധ്രാപ്രദേശിലെ ഹൈദരാബാദ്, കർണ്ണാടകയിലെ ബാംഗ്ലൂർ) സന്ദർശിച്ച് കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഒരു ശാശ്വതപരിഹാരം കാണണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

കേരള ശുചിത്വ മിഷൻ അധികൃതർ, ഹിമാചൽ പ്രദേശ്, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ, എക്ണോമിക് അഫയേഴ്സ് വകുപ്പ്, മിനിസ്ട്രി ഓഫ് അർബൻ ഡെവലപ്മെന്റ്, സെൻട്രൽ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ, ലോകബാങ്ക് പ്രതിനിധികൾ എന്നിവർ ചേർന്ന് 2012 മേയ് 27 മുതൽ ജൂൺ 2 വരെ മലേഷ്യ സന്ദർശിച്ച് അവിടത്തെ സെപ്റ്റേജ് മാനേജ്മെന്റ് നേരിൽ കണ്ട് മനസ്സിലാക്കി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 3 ഏജൻസികൾ സംയുക്തമായി ഉപഭോക്താക്കളിൽ നിന്നും പ്രതിമാസ ചാർജ്ജ് ഈടാക്കി വളരെ നല്ല രീതിയിൽ അതും ജനവാസ പ്രദേശത്തുതന്നെയാണ്, ഈ സംരംഭം ഏറ്റെടുത്ത് നടത്തിവരുന്നത്.

വീടുകളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന സെപ്റ്റേജ് ഡീസ്ലഡ്ജ് ചെയ്ത് വിവിധരീതിയിൽ ട്രീറ്റ് ചെയ്ത് ട്രീറ്റഡ് സ്വീവേജിന്റെയും പുറത്തേക്കുവിടുന്ന വെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഗുണനിലവാരം ഉറപ്പുവരുത്തിയ എഫ്ലൂവെന്റ് വാട്ടർ നദികളിലേക്ക് തുറന്നുവിടുന്നു. എന്നാൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതികവിദ്യ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യസംസ്കരണ പ്ലാന്റുകൾ, കമ്പോസ്റ്റിംഗ് രീതി അവലംബിച്ച് നിർമ്മിച്ചിട്ടുള്ളവയാണ്. സാനിട്ടറി ലാൻഡ് ഫീൽഡ്സ്, ലീച്ചേറ്റ് കളക്റ്റ് ചെയ്ത് അവ സംസ്കരിക്കുന്നതിനുള്ള ശരിയായ സംവിധാനത്തിന്റെ കുറവ് പ്ലാന്റിന് ചുറ്റും ബഫർ സോൺ നൽകാത്തതിന്റെ ദോഷങ്ങൾ, ചുറ്റിലും മരം വച്ചുപിടിപ്പിക്കാത്തതിന്റെ കുറവുകൾ, ഇവയെല്ലാം കൊണ്ട് നിലവിലുള്ള മാലിന്യസംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം

കാര്യക്ഷമമായി നടക്കാത്തതും അതുകാരണം പൊതുജനങ്ങളുടെ പരാതികൾ ധാരാളം നിലവിലുള്ളതുമാകുന്നു. ഇവ പരിഹരിക്കുന്നതിനും ശരിയായ മാലിന്യ സംസ്കരണ പദ്ധതി ആവിഷ്ക്കരിക്കുന്നതിനും സർക്കാർതലത്തിൽ ശുചിത്വമിഷൻവഴി പലവിധ പ്രാരംഭനടപടികൾ ഈ അടുത്ത കാലത്ത് ആരംഭിക്കുകയുണ്ടായി. ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക, നിലവിലുള്ള സംസ്കരണ പ്ലാന്റുകളിൽ ശരിയായ സംവിധാനങ്ങൾ ഏർപ്പെടുത്തി അവയെ കുറ്റമറ്റതാക്കുക, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾക്ക് രൂപം കൊടുക്കുക, ഇവയൊക്കെയാണ് സർക്കാർതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ.

ആധുനിക സാങ്കേതിക വിദ്യകളായ പൈറോളിസിസ്, പ്ലാസ്മ ഗ്യാസിഫിക്കേഷൻ, ഇംപ്രൂവ്ഡ് കമ്പോസ്റ്റിംഗ്, ഇംപ്രൂവ്ഡ് ബയോ മീഥനൈസേഷൻ എന്നീ സാങ്കേതികവിദ്യകൾ പ്രകാരം പ്രവർത്തിക്കുന്ന ആധുനിക പ്ലാന്റുകളാണ് വികസിത രാജ്യങ്ങളിൽ സ്ഥാപിക്കപ്പെടുന്നത്. ഈ വക സാങ്കേതിക വിദ്യകൾ ഇൻഡ്യയിൽ അധികം നടപ്പിലാക്കാത്തത് ഈ വക സാങ്കേതിക രീതികളിൽ നമുക്ക് പ്രാവീണ്യം കുറവായതിനാലാണ്. തുടക്കമെന്ന നിലയിൽ പൈലറ്റ് സ്കെയിലിൽ 25 മുതൽ 35 ടൺ വരെയുള്ള മാലിന്യങ്ങൾ പ്രതിദിനം സംസ്കരിക്കുന്ന പ്ലാന്റ് തിരുവനന്തപുരത്ത് സ്ഥാപിച്ച് ഈ സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടാനാണു ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത് എന്ന് ശുചിത്വ മിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്ക് ശുചിത്വമിഷൻ, ഒക്ടോബർ മാസം 15-ാം തീയതി കേരളത്തിലെ മുഖ്യപത്രങ്ങൾ മുഖേന വിദഗ്ധ ഏജൻസികളിൽ നിന്നും പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു അപേക്ഷകൾ ആവശ്യപ്പെടുകയുണ്ടായി. ഈ നോട്ടീസ് പ്രകാരം 41 കമ്പനികൾ അപേക്ഷകൾ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകളുടെ സാങ്കേതികവശം വിലയിരുത്താൻ കേരള സർക്കാർ 24-11-2011-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 2768/2011/തസ്വഭവ. മുഖാന്തിരം ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചു.

ഈ കമ്മിറ്റി അപേക്ഷകരുടെ ടെക്നിക്കൽ ബിഡ്/ഫിനാൻഷ്യൽ ബിഡ് എന്നിവ പരിശോധിച്ച് വിലയിരുത്തി ഗ്രോഗ്രീൻ ഇന്റർനാഷണൽ, ആസാദ് റോഡ്, കൊച്ചി എന്ന കമ്പനിയെ തെരഞ്ഞെടുത്തതായും ശുചിത്വമിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നതിനും പുതിയ പ്ലാന്റുകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ട് തദ്ദേശീയമായ സാങ്കേതിക വിദ്യകളുടെ സ്റ്റാൻഡേർഡ്, സ്പെസിഫിക്കേഷൻ, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, യൂണിറ്റ് കോസ്റ്റ് എന്നിവ വിജ്ഞാപനം ചെയ്ത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 1-3-2012-ലെ സ.ഉ.(എംഎസ്.) 73/2011/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണ പ്ലാന്റുകളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ, അജൈവ അവശിഷ്ടങ്ങൾ എന്നിവയുടെ ശാസ്ത്രീയ സംസ്കരണത്തിനാവശ്യമായ എൻജിനിയേഡ് ലാൻഡ്ഫിൽ ഉൾപ്പെടെയുള്ള സംവിധാനങ്ങളും മലിനീകരണ നിയന്ത്രണ ഉപാധികളും സഹിതമാണ് അത്തരം പ്ലാന്റുകൾ പ്രവർത്തന സജ്ജമാക്കേണ്ടിയിരുന്നത്. എന്നാൽ തരംതിരിക്കാതെ സകല നഗരമാലിന്യങ്ങളും ഒന്നിച്ച് സംസ്കരണ പ്ലാന്റിലെത്തിച്ച് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവ കുന്നുകൂടിയും അവശിഷ്ട ലീച്ചേറ്റ് സംസ്കരണം നടക്കാതിരുന്നതും നേരത്തെ നിർമ്മിച്ച പ്ലാന്റുകളുടെ ശരിയായ പ്രവർത്തനത്തെ ബാധിക്കുകയും അവ തന്നെ ഏറ്റവും വലിയ മലിനീകരണ പാരിസ്ഥിതിക പ്രശ്നമാവുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള കേസുകളിൽ ശാസ്ത്രീയ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തന സജ്ജമാക്കാതെ, പ്ലാന്റിന് പ്രവർത്തനാനുമതി നൽകരുതെന്നും ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇല്ലാതെയും ഉള്ളവ വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കാതെയും, മാലിന്യസംസ്കരണ ശാലകൾ നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭാഗം 4

## 7-12-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക ശുപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്

### ശുപാർശ

നെല്ലിയാമ്പതിയിൽ നിന്നും പറമ്പിക്കുളത്തേക്കുള്ള നടപ്പാത സംബന്ധിച്ച് പരിസ്ഥിതി വനം വന്യജീവി സംരക്ഷണ വിദഗ്ധരുമായി വിശദമായ പഠനം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണം.

### സ്വീകരിച്ച നടപടി

നെല്ലിയാമ്പതി-പറമ്പിക്കുളം നടപ്പാത സഞ്ചാരയോഗ്യമാക്കുന്നതു സംബന്ധിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി നടപ്പാത സഞ്ചാരയോഗ്യമാക്കുന്നത് വന്യമൃഗ സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പാത സഞ്ചാരയോഗ്യമാക്കുന്നതിന് ശക്തമായ എതിർപ്പാണ് റിപ്പോർട്ടിൽ പ്രകടിപ്പിച്ചിട്ടുള്ളത്.

## ഭാഗം 5

സമിതിയുടെ പരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## വനം വന്യജീവി വകുപ്പ്

1. ദി കേരള ഫോറസ്റ്റ് (റസ്ട്രിക്ഷൻ ഓൺ കട്ടിംഗ് ആന്റ് സെല്ലിംഗ് ഓഫ് സാൻഡൽ ട്രീസ് ആന്റ് ഗ്രാന്റ് ഓഫ് ലൈസൻസ് ഫോർ പൊസ്സഷൻ ആന്റ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽ വുഡ് ആന്റ് സാൻഡൽ വുഡ് ഓയിൽ) റൂൾ-2012 (എസ്.ആർ.ഒ. നമ്പർ 202/13, 203/13).

2. ദി കേരള ക്യാപ്റ്റീവ് എലിഫെന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾ-2012 (എസ്.ആർ.ഒ. നമ്പർ 870/2012).

**കരട് ചട്ടങ്ങളുടെ പരിശോധന**

(1) സമിതി നിർദ്ദേശിച്ച ഭേദഗതി വരുത്തി ലഭ്യമാക്കിയ കേരള ഫോറസ്റ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾ-2013 കരട് ചട്ടം സമിതി അംഗീകരിച്ചു (എസ്.ആർ.ഒ. നമ്പർ 986/2010).

(2) ദി കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സോ മിൽസ് ആന്റ് അദർവുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) റൂൾസ്-2012 (എസ്.ആർ.ഒ. നമ്പർ 269/2012).

പ്രസ്തുത കരടുചട്ടം സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശിക്കുകയും ചെയ്തു:

വനാതിർത്തിയിൽ നിന്ന് 5 കി.മീ. ദൂരപരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഫർണിച്ചർ യൂണിറ്റുകൾക്ക് 5 കുതിരശക്തിക്ക് താഴെയുള്ള മെഷീൻ എന്നല്ല ഒരു മെഷീനും ഉപയോഗിക്കുവാൻ, പ്രസ്തുത റൂളിലെ "25-ാം ചട്ടത്തിലെ `hand tools' മാത്രമെ ഇത്തരം പണിശാലകളിൽ ഉപയോഗിക്കുവാൻ പാടുള്ളൂ" എന്ന നിബന്ധന കാരണം സാധിക്കുന്നില്ലായെന്നും അതിനാൽ 5 കുതിരശക്തിക്ക് താഴെയുള്ള മെഷീനുകൾ ഇത്തരം പണിശാലകളിൽ ഉപയോഗിക്കുന്നതിന് അനുവദനീയമാകും വിധത്തിൽ ചട്ടം 2(0)3(5), 25 എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതിയ കരട് ചട്ടം പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ടൂറിസം വകുപ്പ്

2003-ലെ കേരള ടൂറിസം സർവ്വീസ് സ്പെഷ്യൽ (ഭേദഗതി) റൂൾ സംബന്ധിച്ച മറുപടി സമിതി അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2014 ജൂൺ 18.

## അനുബന്ധം

## 2013 ഏപ്രിൽ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും, പരിസ്ഥിതിയും, വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X 2013 ഏപ്രിൽ 16 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതി അംഗമായ ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പങ്കെടുക്കുകയും താഴെ പറയുന്ന അംഗങ്ങൾ ഹാജരാകുകയും ചെയ്തു:

1. ശ്രീ. കെ. അജിത്, എം. എൽ. എ.
2. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
4. ശ്രീ. രാജു എബ്രഹാം, എം. എൽ. എ.
5. ശ്രീ. ബി. സത്യൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പ്രദീപ്കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. ആർ. രാജരാജവർമ്മ., പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
3. ശ്രീ. വി. ഗോപിനാഥൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ.
4. ഡോ. ബ്രാൻസ്ഡൺ, എസ്. കോറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എസ്. എഫ്.).
5. ശ്രീ. എൻ. വി. ത്രിവേദി ബാബു, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി. & പി. എഫ്. എം.).

6. ശ്രീ. കെ. ബാബു അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

7. ശ്രീമതി എൽ. കെ. വർഷിനി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി).

8. ശ്രീ. കെ. ആർ. ശശികുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്.

9. ഡോ. കെ. പി. ഔസേപ്പ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

10. ജി. ജെ. ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXIV (വനവും വന്യജീവിയും)-നെ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

XXXIV-ാം നമ്പർ ധനാഭ്യർത്ഥന പ്രകാരം 48350.53 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ഇതിൽ 19813 ലക്ഷം രൂപ പദ്ധതിയിനത്തിലും 28537.53 രൂപ പദ്ധതിയേതര ഇനത്തിലുമാണ് വകകൊള്ളിച്ചിരിക്കുന്നതെന്നും, 10.25 കോടി രൂപ പദ്ധതിയിനത്തിലും 1.90 കോടി രൂപ പദ്ധതിയിതര ഇനത്തിലും അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിച്ചു. തുക ആവശ്യപ്പെട്ടിട്ട് അനുവദിക്കാത്തതാണോ, പുതിയതായി ആവശ്യപ്പെടുന്നതാണോ എന്ന സമിതിയുടെ ചോദ്യത്തിന് അഞ്ച് ഹെഡുകളിലായി 35 കോടി രൂപ പ്ലാൻ ഫണ്ടിൽ നൽകിയിട്ടുണ്ടെന്നും അധികമായി കൂടുതൽ ചെലവ് വരുമെന്നുള്ളതുകൊണ്ടാണ് 10 കോടി രൂപ ആവശ്യപ്പെട്ടതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ആവശ്യപ്പെട്ട ഫണ്ട് ധനകാര്യവകുപ്പ് നിരസിച്ചതു കൊണ്ടാണോ പുതിയതായി തുക ആവശ്യമുള്ളതുകൊണ്ടാണോ കൂടുതൽ തുക ആവശ്യപ്പെടുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക ധനകാര്യവകുപ്പ് നിരസിച്ചതുകൊണ്ടാണ് വീണ്ടും ആവശ്യപ്പെട്ടതെന്നും, 18 കോടി രൂപ ആവശ്യപ്പെട്ടതിൽ 12.5 കോടി രൂപയാണ് അനുവദിച്ചതെന്നും ഈ വർഷം ഒരു രൂപപോലും അധികം നൽകിയിട്ടില്ലായെന്നും വനസംരക്ഷണത്തിന് ആവശ്യമായ എല്ലാ പണികളും ഈ തുക ഉപയോഗിച്ചാണ് ചെയ്യേണ്ടതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നതല്ലാതെ ബഡ്ജറ്റ് ഡോക്യുമെന്റിൽ ഉൾപ്പെടുത്തുന്നതിനായി ഡിപ്പാർട്ടുമെന്റിൽ നിന്നും പ്രൊപ്പോസൽ അയച്ചിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് ഈ വർഷം 16 കോടി രൂപയാണ് നബാർഡ് അനുവദിച്ചിട്ടുള്ളതെന്നും, അതിൽ ഭൂരിഭാഗവും മനുഷ്യ-മൃഗ സംഘർഷ ലഘൂകരണത്തിന് ഉപയോഗിക്കാമെന്നും, അതിനുപുറമെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന 10 കോടി രൂപ കൂടി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും പ്രസ്തുത തുക ആദ്യത്തെ

എസ്. ഡി. ജി.-യിൽ ഉൾപ്പെടുത്തക്കവിധം 10 കോടി രൂപയുടെ സ്കീം തയ്യാറാക്കി അയയ്ക്കണമെന്നും സമിതി നിർദ്ദേശിച്ചു. സ്കീം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും അത് ഉടൻതന്നെ അയയ്ക്കുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. കൂടാതെ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ എന്ന ഹെഡിൽ 5 കോടി രൂപയുണ്ടെന്നും അതും മനുഷ്യ-മൃഗ സംഘർഷത്തിന് (ലഘൂകരണം) വേണ്ടി ഉപയോഗിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

വനത്തിനുള്ളിൽ ചെക്ക് ഡാം നിർമ്മിച്ച് വന്യജീവികൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള സ്കീം ഏത് ഹെഡ്ഡിൽ നിന്നാണ് ലഭിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് 13-ാം ധനകാര്യകമ്മീഷനിൽ 33.88 കോടി രൂപ കഴിഞ്ഞവർഷം അനുവദിച്ചിട്ടുണ്ടെന്നും 100 ചെക്ക് ഡാമുകൾ നിർമ്മിക്കുവാനുള്ള ആക്ഷൻ പ്ലാൻ സ്റ്റേറ്റ്ലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും അതനുസരിച്ചാണ് ചെക്ക് ഡാമുകൾ നിർമ്മിച്ചതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

വനത്തിനുള്ളിലെ നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓരോ ഡിവിഷനിലും നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാമെന്നും ചെക്ക് ഡാമുകളുടെ ലിസ്റ്റ് സൈറ്റിൽ ഉണ്ടായിരുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കഴിഞ്ഞവർഷത്തെ പ്ലാൻ അനുസരിച്ച് എവിടെയൊക്കെ ഡാമുകൾ നിർമ്മിച്ചുവെന്നും ഈ വർഷം നിർമ്മിക്കുന്ന 100 ഡാമുകൾ എവിടെയൊക്കെയാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ചെക്ക് ഡാമുകൾ എവിടെയൊക്കെയാണ് നിർമ്മിക്കുന്നതെന്ന് തീരുമാനിച്ചിട്ടില്ലെന്നും ചെക്ക് ഡാമുകളുടെ ഇംപ്ലിമെന്റിങ് അതോറിട്ടി ഡി.എഫ്.ഒ.-മാരായതിനാൽ അവർക്ക് നിർദ്ദേശം കൊടുക്കാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

മനുഷ്യ-മൃഗ സംഘർഷങ്ങൾ കുറയ്ക്കാൻ വനത്തിനുള്ളിൽ പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെ സംബന്ധിച്ച സമിതി നിർദ്ദേശത്തിന്മേൽ ഒരു നടപടിയും ബഡ്ജറ്റിൽ പറയുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ലായെന്നും, ആനകൾ കൂടുതലായി നാട്ടിലിറങ്ങുന്നത് മഴക്കാലത്താണെന്നും അത് തടയുന്നതിനായി മതിലുകൾ നിർമ്മിക്കണമെന്നും ഈ ആവശ്യങ്ങൾക്കായാണ് 10 കോടി രൂപ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു.

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുക പര്യാപ്തമല്ലെന്നും, കൃഷിവകുപ്പ് നിശ്ചയിക്കുന്ന തുക മാത്രമാണ് വനംവകുപ്പ് നൽകുന്നതെന്നും ഈ തുക പര്യാപ്തമല്ലാത്തതിനാൽ സമയബന്ധിതമായി ജോലിതീർക്കാൻ സാധിക്കുന്നില്ലായെന്നും, സമിതി അഭിപ്രായപ്പെട്ടു. നഷ്ടപരിഹാരം നൽകുന്നതിന് കൃഷിവകുപ്പിന്റെ ഗൈഡ്ലൈൻ മാത്രം മതിയാകുമോയെന്ന സമിതിയുടെ ചോദ്യത്തിന് റിപ്പോർട്ട് ആവശ്യമില്ലെന്നും കൃഷിവകുപ്പിന്റെ ഗൈഡ്ലൈൻ മാത്രം മതിയെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ

സമിതിയെ അറിയിച്ചു. എന്നാൽ ചില സ്ഥലങ്ങളിൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്താൽ മാത്രമേ നഷ്ടപരിഹാരം നൽകുകയുള്ളൂവെന്നും ഇത് വ്യക്തമാക്കി കൊണ്ടുള്ള ഉത്തരവ് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

വനത്തിനുള്ളിൽ കോൺക്രീറ്റ് നിർമ്മാണങ്ങൾ നടത്തുന്നത് ശരിയാണോയെന്ന സമിതിയുടെ ചോദ്യത്തിന് വനത്തിനുള്ളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത് ശരിയല്ലെന്നും ഫോറസ്റ്റ് ജീവനക്കാർക്ക് താമസിക്കുന്നതിനും തൊണ്ടിസാധനങ്ങൾ സൂക്ഷിക്കുന്നതിനും വേണ്ടിയാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. വനമേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ സുതാര്യമല്ലെന്നും വനത്തിനകത്തു നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ ജനപ്രതിനിധികൾ അറിയുന്നില്ലെന്നും ബന്ധപ്പെട്ട എം. എൽ. എ., പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് അറിയുന്നതിനുള്ള സംവിധാനമുണ്ടാകണമെന്നും സ്ഥലം എം.എൽ.എ.-യുടെ സൗകര്യം പരിഗണിച്ച് ഡിവിഷണൽ കമ്മിറ്റികൾ റഗുലറായി കൂടണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ കുറേ വർഷങ്ങളായി വനസംരക്ഷണവും വന്യമൃഗസംരക്ഷണവും ഫലപ്രദമായി നടക്കുന്നതിന്റെ ഫലമായി വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും എന്നാൽ അതിനേക്കാൾ ഏറെ പ്രാധാന്യം നൽകേണ്ടത് മനുഷ്യജീവനാണെന്നും ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് മാത്രമായി വിഷയനിർണ്ണയ സമിതി യോഗം ചേരണമെന്നും സമിതി അഭിപ്രായപ്പെട്ടു.

വന്യമൃഗങ്ങളുടെ ആക്രമണംമൂലം ആളപായം, പരിക്ക്, കൃഷിനാശം എന്നിവയ്ക്ക് കേന്ദ്രഗവൺമെന്റാണോ ഗൈഡ്‍ലൈൻ നൽകിയിരിക്കുന്നതെന്നും എത്ര രൂപയാണ് നഷ്ടപരിഹാരം നൽകുന്നതെന്നും സമിതി ആരാഞ്ഞതിന് വനം വകുപ്പാണ് നഷ്ടപരിഹാരം നൽകുന്നതെന്നും വന്യജീവി ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടാൽ 3 ലക്ഷം രൂപയും പരിക്ക് പറ്റുന്നവർക്ക് 75,000 രൂപയുമാണ് നൽകുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു. പരിക്ക് പറ്റുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക 75,000 രൂപയിൽനിന്ന് 1,00,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്ന രീതി എന്താണെന്ന സമിതിയുടെ ചോദ്യത്തിന് മുമ്പ് വർഷത്തിൽ ഒരുപ്രാവശ്യം നൽകിയിരുന്ന നഷ്ടപരിഹാരം ഇപ്പോൾ വർഷത്തിൽ നാല് പ്രാവശ്യം ആക്കി മാറ്റിയിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങൾ സമിതിക്ക് നൽകാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു.

ആനകൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി എൻ. ആർ. ഇ. ജി.-യിൽ ഉൾപ്പെടുത്തി കിടങ്ങ് കുഴിക്കുന്നതിനും, കമ്പിവേലി നിർമ്മിക്കുന്നതിനും കൂടുതൽ തുക അനുവദിക്കണമെന്നും ഇക്കാര്യങ്ങൾ ചർച്ചചെയ്യുന്നതിന് അടിയന്തരമായി വിഷയനിർണ്ണയ സമിതി യോഗം ചേരണമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

കൃഷിഭൂമിയിൽ ഇറങ്ങുന്ന ആനകളെ മയക്കുവെടിവച്ച് മയക്കിയതിനുശേഷം അവയെ കാട്ടിൽ കൊണ്ട് വിടുന്നതിനായി ഒരു സ്ക്വാഡ് രൂപീകരിക്കുകയാണ് വേണ്ടതെന്നും അതിനുവേണ്ട തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു. ഇത്തരത്തിലുള്ള ഒരു സ്ക്വാഡിന് 125 ലക്ഷം രൂപ ചെലവ് വരുമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. വയനാട്ടിൽ അത്തരം ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് തീരുമാനിച്ചുവെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെന്നും അറിയിച്ചു. വയനാട്ടിൽ അത്തരത്തിൽ ഒരു സ്ക്വാഡ് രൂപീകരിക്കാൻ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കാൻ ഏറ്റവും നല്ലമാർഗ്ഗം മതിൽ നിർമ്മിക്കുകയോ കിടങ്ങ് കുഴിക്കുകയോ ഇലക്ട്രിക് ഫെൻസിംഗ് നടത്തുകയോ ചെയ്യുന്നതാണെന്നും ആയതിലേക്ക് മുൻഗണന നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

വനത്തിനുള്ളിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ട് കൂടാതെ നബാർഡിൽ നിന്നും സെൻട്രൽ ഗവൺമെന്റിൽ നിന്നും കൂടുതൽ വിഹിതം ലഭിക്കുമോ എന്ന് നോക്കാനും ഇല്ലെങ്കിൽ സംസ്ഥാനവിഹിതം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

കുന്തിപ്പാറ ബദൽ സ്കൂളിലെ ഏക അധ്യാപികയെ ആന ചവിട്ടിക്കൊന്ന തിനുള്ള നഷ്ടപരിഹാരമായി 5 ലക്ഷം രൂപ നൽകിയെന്നും ഇത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, ടിയാളുടെ മകന് ആശ്രിത നിയമനപ്രകാരം സ്പെഷ്യൽ ഓർഡർ മുഖേന ഫോറസ്റ്റ് വാർഡനായി ജോലി നൽകുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

ചന്ദനമരങ്ങളധികമുളള നാച്ചുവേൽ മേഖലയിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഉൾപ്പെട്ട സ്ഥലത്തു താമസിക്കുന്ന 10 കുടുംബങ്ങൾ ദീർഘകാലമായി ജീവിക്കുന്നത് തുറന്നജയിലിൽ എന്നതുപോലെയാണെന്നും, ആ സ്ഥലത്തുനിന്ന് ഒഴിഞ്ഞുപോകാൻ തയ്യാറായ അവർക്ക് അതിനുള്ള സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അത് പരിശോധിക്കാമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

ചന്ദനഫാക്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചും, അതിൽ കെ.എഫ്.ഡി.സി.-യുടെ പ്രൊപ്പോസൽ ബഡ്ജറ്റിൽ ഇല്ലാത്തതു സംബന്ധിച്ചും സമിതി ആരാഞ്ഞതിന് കെ.എഫ്.ഡി.സി. ആണ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതെന്നും ഉൽപ്പന്നങ്ങൾ വനശ്രീ കടകൾ വഴി വിപണനം നടത്തുന്നുണ്ടെന്നും, കെ.എഫ്.ഡി.സി.-ക്ക് സംസ്ഥാന ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ലെന്നും സ്വന്തം ചെലവിലാണ് പ്രവർത്തിക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

കുടിവെള്ള പ്ലാന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് റിവർ പ്രൊട്ടക്ഷൻ ഫണ്ട് എന്ന പേരിലുള്ള ഫണ്ടാണ് ഇതിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

നടപ്പാത ഉൾപ്പെടെയുള്ള പുനരുദ്ധാരണ ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും സംയുക്തമായി നടപ്പാക്കുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വനംവകുപ്പ് പ്രോഗ്രാം തയ്യാറാക്കി ഓരോ പഞ്ചായത്തിനും നൽകുകയും പഞ്ചായത്ത് അനുവദിച്ചിട്ടുള്ള പ്രോഗ്രാം വനംവകുപ്പോ പഞ്ചായത്തോ നടപ്പിലാക്കുകയുമാണ് ചെയ്യുന്നതെന്നും എന്നാൽ പഞ്ചായത്തുകൾ വനാധിഷ്ഠിത പദ്ധതികൾക്ക് മുൻഗണന നൽകുന്നില്ലെന്നും പഞ്ചായത്ത് ഫണ്ട് അനുവദിച്ചാൽ മാത്രമേ ഡിപ്പാർട്ടുമെന്റിന് പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ എന്നും, തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഫണ്ട് കൈകാര്യം ചെയ്യുന്നത് പഞ്ചായത്തുകളാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഫോറസ്റ്റുകാർ പഞ്ചായത്തുമായി ചേർന്നുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ തയ്യാറായാൽപ്പോലും ഫണ്ട് വകമാറ്റുന്ന കാര്യത്തിൽ പ്രശ്നങ്ങളുണ്ടെന്നും അതിനു പരിഹാരം കാണണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പരിസ്ഥിതി വികസന പരിപാടികൾക്കായി അനുവദിച്ചിരുന്ന തുകക്ക് പുറമേ കൂടുതൽ സംസ്ഥാന ഫണ്ടും കേന്ദ്രഫണ്ടും ലഭ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. എസ്.എസ്.എ. സ്കൂളുകൾ എൽ.പി. സ്കൂളുകളാക്കി മാറ്റുന്നതിന് സ്ഥലംനൽകുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ട്രൈബൽസിന്റെ ആവശ്യത്തിനുവേണ്ടി 1 ഹെക്ടർവരെ ഭൂമി നൽകാമെന്ന് ആക്ടിൽ പറയുന്നുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ വനത്തിനുപുറത്ത് പുനരധിവസിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്കീം അനുസരിച്ച് അനുവദിച്ച ഫണ്ട് ലഭിക്കാതെ പോയതിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കഴിഞ്ഞ വർഷം 7.4 കോടി രൂപയും, അതിനു മുൻപുള്ള വർഷം 5.5 കോടി രൂപയും ഉൾപ്പെടെ 13 കോടി രൂപയും ലഭിച്ചു എന്നും 2.4 കോടി രൂപ കൊറ്റൻകരയ്ക്കുവേണ്ടി കൊടുത്തിട്ടുണ്ടെന്നും 800 ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിന് വേണ്ടി 80 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നും കേന്ദ്രഗവൺമെന്റിന്റെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു. കൂടാതെ ഈ സ്കീം വളരെ ഫലപ്രദമാണെന്നും കളക്ടറാണ് തുക വിതരണം ചെയ്യുന്നതെന്നും ഫണ്ട് ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുള്ള സംവിധാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിന്റെ വിശദാംശം സമിതി ആരാഞ്ഞതിന് അവിടെ സർവ്വേ സ്കെച്ച് നടന്നെങ്കിലും ഭൂമി വിട്ടുകൊടുക്കുന്ന കാര്യത്തിൽ തർക്കം നിലനിൽക്കുന്നതായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു.

പമ്പാവാലി, നാറണംതോട്, ആന്നുകുഴി എന്നിവിടങ്ങളിൽ നമ്പരിട്ടിരിക്കുന്ന തടി മുറിക്കുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സംസ്ഥാനമൊട്ടാകെയുള്ള തടി ഡിപ്പോകൾ ഫില്ലായിട്ടുണ്ടെന്നും ധാരാളം കൂപ്പുവർക്കുകൾ നടന്നു വരികയാണെന്നും 10 കോടി രൂപയുടെ ബിൽ പെൻഡിംഗിലാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. കുമ്പണ്ണൂർ എന്ന സ്ഥലത്തെ തേക്ക് പ്ലാന്റേഷൻ മുറിക്കുന്നതിനുള്ള നടപടിക്കെതിരെ നാട്ടുകാർ നൽകിയ പരാതിയെപ്പറ്റി പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശബരിമല വനപ്രദേശത്ത് താമസ്സിക്കുന്ന 40 ട്രൈബ്സിനെ നിലയ്ക്കലിലേക്ക് മാറ്റിപ്പാർപ്പിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ദേവസ്വം ബോർഡ് എതിർപ്പ് പ്രകടിപ്പിച്ചുവെന്നും, കേന്ദ്ര വനം സംരക്ഷണ നിയമ പ്രകാരം ഇവരെ പുനരധിവസിപ്പിക്കാൻ വനം വകുപ്പിനു കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. അതിരപ്പിള്ളി പഞ്ചായത്തിൽപ്പെട്ട വാച്ചുമരം കോളനിയിലെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് തീരുമാനിച്ചുവെങ്കിലും അതു സംബന്ധിച്ച നടപടി ഒന്നും ആയിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഇതുവരെ ആപ്ലിക്കേഷൻ നൽകിയിട്ടില്ലെന്നും പുതിയ സ്ഥലത്ത് വനാവകാശ നിയമപ്രകാരം ഭൂമി നൽകണമെന്നാണ് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്നതെന്നും വനാവകാശ നിയമപ്രകാരം ട്രൈബ്സ് താമസിക്കുന്ന സ്ഥലമോ അല്ലെങ്കിൽ അവരുടെ കൃഷി സ്ഥലമോ ആണ് നൽകേണ്ടതെന്നും എന്നാൽ അവരെ മാറ്റിത്താമസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലം അക്കേഷ്യ തോട്ടമാണെന്നും ഇത് നിയമപ്രകാരം കൊടുക്കാൻ നിർവ്വാഹമില്ലാത്ത വനമേഖലയാണെന്നും ആയത് നൽകുന്നതിനുള്ള അനുവാദത്തിനായി ബാംഗ്ലൂരിലെ ഓഫീസിൽ അയയ്ക്കേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ട്രൈബ്സ് താമസിക്കുന്ന സ്ഥലം ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ടെന്നും എന്നാൽ 40 ഏക്കർ സ്ഥലംകൂടി കൊടുക്കണം എന്നാണ് തീരുമാനിച്ചതെന്നും എന്നാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് മാത്രമേ കൊടുക്കുവാൻ കഴിയൂ എന്ന നിലപാട് ട്രൈബൽ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചതാണെന്നും എന്നാൽ ഫോറസ്റ്റ് റൈറ്റ്സ് ആക്ടനുസരിച്ചുതന്നെ കൊടുക്കണമെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഈ വിഷയം പട്ടികവർഗ്ഗക്ഷേമ വകുപ്പുമായി ചർച്ചചെയ്ത് പരിഹാരം കാണുന്നതാണെന്ന് സമിതി തീരുമാനിച്ചു.

വാച്ചുമരം കോളനിയിലെ മലക്കപ്പാറയിൽ ആനകളുടെ ശല്യം വർദ്ധിച്ചു വരുന്നുണ്ടെന്നും ഇലക്ട്രിസിറ്റി ബോർഡും മാനേജ്മെന്റും തമ്മിലുള്ള തർക്കം കാരണം അവിടെ വൈദ്യുതി ലഭിച്ചിട്ടില്ലെന്നും മേൽപ്പറഞ്ഞ വിഷയവും ഈ വിഷയവും പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുമായി സംസാരിക്കുമെന്ന് മുഖ്യമന്ത്രി സമിതിയിൽ അറിയിച്ചു. മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി കൂടുതൽ തുക അനുവദിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. നബാർഡിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ ഫണ്ട് നേടിയെടുക്കുന്നതിന് ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, വനസംരക്ഷണ സമിതിയാണ് ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നതെന്നും എന്നാൽ സമിതി നന്നായി പ്രവർത്തിക്കാതെ വന്നപ്പോൾ ഡിപ്പാർട്ടുമെന്റ് തന്നെയാണ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഗവി സന്ദർശനത്തിനെത്തുന്നവർക്ക് രണ്ട് സ്ഥലത്ത് ഫീസ് നൽകേണ്ടതായിട്ടുണ്ടെന്നും സന്ദർശകരെ ബുദ്ധിമുട്ടിക്കുന്ന ഇത്തരം ചൂഷണം ശരിയല്ലെന്നും ഇതിന് ശാശ്വത പരിഹാരമുണ്ടാകണമെന്നും ഈ വിഷയം പരിശോധിച്ച് അടുത്ത മീറ്റിംഗിൽ വിവരം അറിയിക്കാൻ വനംവകുപ്പിനെ ചുമതലപ്പെടുത്തി. 2012-13 സാമ്പത്തികവർഷത്തെ XXXIV-ാം നമ്പർ ധനാഭ്യർത്ഥന പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രകാരം ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഫയർ ലൈനുകൾ നിർമ്മിക്കുന്നതിനും വനസംരക്ഷണ സമിതികളുടെ സഹായത്തോടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ശോഷിച്ചുകൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും കേരള വനനിയമം സെക്ഷൻ 4(1) അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുക, കഞ്ചാവു കൃഷി തടയുക, വനസംരക്ഷണ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ചന്ദനവനം സംരക്ഷിക്കുക, വിജിലൻസ് വിംഗിന്റെ മോണിട്ടറിംഗ് പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2406-01-101-81—ശീർഷകത്തിൽ അനുവദിച്ച 1250 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങളും മറ്റു മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനും പഴയ തോട്ടങ്ങൾ പരിപാലിക്കുന്നതിനും കേന്ദ്ര നഴ്സറികൾ പരിപാലിക്കുന്നതിനും

നഴ്സറികളിൽ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവിനുമായി 4406-01-105-85 എന്ന ശീർഷകത്തിൽ അനുവദിച്ച 550 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വ ഇനങ്ങളിൽപ്പെട്ട ജന്തു-സസ്യജാലങ്ങളുടെ സംരക്ഷണത്തിനും പ്രകൃതിദത്തമായ പൈതൃക പ്രദേശങ്ങൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പങ്കാളിത്ത പരിപാടികൾ, ദേശാടന പക്ഷികളുടെ സംരക്ഷണം എന്നിവയ്ക്കായും വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകൾ എടുക്കുന്നതിനും, സൗരോർജ്ജ വേലികൾ കെട്ടുന്നതിനും ജൈവ വൈവിദ്ധ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കാവുകളുടെയും, കണ്ടൽക്കാടുകളുടെയും സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനുമായി 2406-02-110-68 എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 500 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പറമ്പിക്കുളം വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ പരിപാലനത്തിനുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമായി 340 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, മൃഗങ്ങളെ വേട്ടയാടുന്നത് തടയൽ, വന്യമൃഗങ്ങളുടെയും വനവസ്തുക്കളുടെയും അനധികൃത വ്യാപാരം തടയൽ, ജലസ്രോതസ്സുകളുടെ നിർമ്മാണം, തടയണകളുടെ നിർമ്മാണം, പരിസ്ഥിതി വികസന പരിപാടികൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ ആവശ്യങ്ങൾക്കായി മേൽപ്പറഞ്ഞ തുക അപര്യാപ്തമായതിനാൽ 2406-02-110-98 എന്ന ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം പദ്ധതി, കോളേജ് കുട്ടികൾക്കായുള്ള നമ്മുടെ മരം പദ്ധതി, പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതി, കൂടാതെ സ്വകാര്യ ഭൂമിയിൽ മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി തേക്ക്, ചന്ദനം, മഹാഗണി മുതലായ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രതിഫലം, വനങ്ങളെപ്പറ്റിയുള്ള പ്രചരണം, ബോധവൽക്കരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 900 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2406-01-800-98 എന്ന ശീർഷകത്തിൽ 340 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വന്യജീവികൾ, പ്രത്യേകിച്ചും ആനകളും കാട്ടുപന്നികളും വനാതിർത്തിയിൽ താമസിക്കുന്നവരുടെ വിളകൾക്ക് നാശമുണ്ടാക്കുന്നു. ആനകളുടെ പ്രവേശനം തടയുന്നതിനുള്ള കിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, ജൈവവേലി, സൗരോർജ്ജ വേലികൾ എന്നിങ്ങനെ കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനുള്ള പ്രതിരോധങ്ങൾ നിർമ്മിക്കുന്നതിനും

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമായി 2406-01-800-56 എന്ന ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പദ്ധതികൾക്കായി 2406-01-101-84 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വാളയാറിലും അരിപ്പയിലും പി.റ്റി.പി. നഗറിലുമുള്ള പരിശീലന കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വനവിഭവവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വനംവകുപ്പിനും സർക്കാർ ഇതര സംഘടനകൾക്കും കഴിവ് വർദ്ധിപ്പിക്കുന്നതിനും അവബോധം വളർത്തുന്നതിനുമുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും വർക്ക്ഷോപ്പ്, സെമിനാറുകൾ, കായികക്ഷമത പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുന്നതിനുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2406-01-003-99 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ മരാമത്ത് പണികൾക്കായി 2406-01-070-98-17 എന്ന ശീർഷകത്തിൽ അനുവദിച്ച 30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കായി 2406-01-070-98-18 എന്ന ശീർഷകത്തിൽ അനുവദിച്ച 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വനം വകുപ്പുവക ആന, മാൻ, മൃഗശാല തുടങ്ങിയവയുടെ പരിചരണ സംരക്ഷണങ്ങൾക്കായി അനുവദിച്ചിട്ടുള്ള 172.80 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2406-01-05-94 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനുവേണ്ടി അനുവദിച്ചിരിക്കുന്ന 32.32 ലക്ഷം രൂപ അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം 27.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

| ക്രമ നമ്പർ | ശീർഷകം | അധിക ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 6.25 |
| 2 | 2406-01-001-98 ഓഫീസ് ഓഫ് ദി കൺസർവേറ്റേഴ്സ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 3.00 |
| 3 | 2406-01-001-97 വർക്കിംഗ് പ്ളാൻ ആന്റ് റിസർച്ച് സർക്കിൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 1.50 |
| 4 | 2406-01-001-96 വിജിലൻസ് ആന്റ് ഇവാല്യൂവേഷൻ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 4.00 |
| 5 | 2406-01-001-95 ഡിസ്ട്രിക്റ്റ് ഓഫീസസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 12.53 |
| | ആകെ | 27.28 |

വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷകങ്ങളിലായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 76.45 ലക്ഷം രൂപ അപര്യാപ്തമായതിനാലും, മുൻകാലങ്ങളിലുള്ള യാത്രാച്ചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസാക്കേണ്ടതായിട്ടുള്ളതിനാലും യാത്രാബത്ത ഇനത്തിൽ താഴെപ്പറയും പ്രകാരം 23.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

| ക്രമ നമ്പർ | ശീർഷകം | അധിക ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 04(1) യാത്രാബത്ത | 7.00 |
| 2 | 2406-01-001-96 വിജിലൻസ് ആന്റ് ഇവാല്യുവേഷൻ 04(1) യാത്രാബത്ത | 6.00 |
| 3 | 2406-01-001-95 ഡിസ്ട്രിക്റ്റ് ഓഫീസസ് 04(1) യാത്രാബത്ത | 10.55 |
| | ആകെ | 23.55 |

സമിതി യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

# 2013 ഏപ്രിൽ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും, പരിസ്ഥിതിയും, വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X, 2013 ഏപ്രിൽ 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ VA കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. യോഗത്തിൽ പ്രത്യേക ക്ഷണിതാവായി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പങ്കെടുക്കുകയും താഴെ പറയുന്ന അംഗങ്ങൾ ഹാജരാകുകയും ചെയ്തു:

1. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ.എ.
2. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.
4. ശ്രീ. ബി. സത്യൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, ടൂറിസം ഡിപ്പാർട്ട്മെന്റ്
2. ശ്രീമതി റാണി ജോർജ്ജ്, ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്
3. ശ്രീ. ടി. പി. നാരായണൻകുട്ടി, ഡയറക്ടർ, ഇക്കോ ടൂറിസം
4. ശ്രീ. പി. ശ്രീകണ്ഠൻ നായർ, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമേറ്റ് ചെയ്ഞ്ച്
5. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കെ.ഐ.ടി.ടി.എസ്.
6. ശ്രീ. യു. വി. ജോസ്, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം
7. ശ്രീ. ജി. രാജീവ്, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
8. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. കെ. ആർ. ഹരിദാസ്, ജോയിന്റ് സെക്രട്ടറി, ടൂറിസം ഡിപ്പാർട്ട്മെന്റ്

10. ശ്രീ. വി. ബാബു രാജേന്ദ്രൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

11. ഡോ. ഉമ്മൻ വി. ഉമ്മൻ, ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്

12. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

സമിതി, 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട XVII, XX, XLII എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയുണ്ടായി.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാര വകുപ്പ്

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XLII-ൽ പദ്ധതി ചെലവായി 1,91,23,00,000 രൂപയും, പദ്ധതിയിതര ചെലവായി 63,94,91,000 രൂപ യുമായി ആകെ 2,55,17,91,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ധാരാളം ഹെഡ് ഓഫ് അക്കൗണ്ടുകൾ ഉണ്ടായിരുന്നത് ഏകീകരിച്ച് എണ്ണം കുറച്ചിട്ടുണ്ടെന്നും, കൂടാതെ കുറച്ച് പുതിയ പദ്ധതികളെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടെന്നും, അതനുസരിച്ച് അഡീഷണൽ ഫണ്ട് ആവശ്യമുണ്ടെന്നും ടൂറിസം സെക്രട്ടറി ആമുഖമായി പറഞ്ഞു.

പ്ലാൻ ഹെഡ്ഡിൽ അധിക തുക ശുപാർശ ചെയ്യേണ്ടതുണ്ടോ എന്ന് സമിതി ചെയർമാൻ ആരാഞ്ഞതിന് അധിക തുക ആവശ്യമുള്ള ഹെഡ്ഡ് ഓഫ് അക്കൗണ്ടുകളുടെ വിവരങ്ങൾ സമിതിക്ക് മുമ്പാകെ നൽകിയിട്ടുണ്ടെന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

മുഴുപ്പിലങ്ങാട്, ബേക്കൽ എന്നിവിടങ്ങളിൽ രണ്ട് പുതിയ ഹോട്ടലുകൾ തുടങ്ങുന്നുണ്ടെന്നും പുതിയ മോഡൽ എന്ന നിലയിൽ കൽപ്പറ്റയിൽ കെ.റ്റി.ഡി.സി.-ക്ക് നിലവിലുള്ള സ്ഥലത്ത് ഗസ്റ്റ് ഹൗസും ഹോട്ടലും ഒരുമിച്ച് ഹൈബ്രിഡ് മോഡലിൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും അതുകൊണ്ടാണ് ഇത്രയും തുക ആവശ്യപ്പെടുന്നതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. എവിടെയൊക്കെയാണ് ഇവ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ചെന്നൈയിലും ഇതേ മാതൃകയിലാണോ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഗസ്റ്റ് ഹൗസിനായി എത്ര മുറികൾ നീക്കിവയ്ക്കും എന്നതിനെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, ചെന്നൈയിലെ കെ.റ്റി.ഡി.സി.-യുടെ ഹോട്ടലിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും ഗവൺമെന്റ് ഉത്തരവുപ്രകാരം പൊതു ഭരണവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 10 മുറികൾ ഗസ്റ്റ് ഹൗസിനായി മാറ്റിവയ്ക്കുമെന്നും ബാക്കി 70 മുറികൾ ഹോട്ടലിനായി നീക്കിവച്ചിട്ടുണ്ടെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

കെ.റ്റി.ഡി.സി.-യുടെ കീഴിലുള്ള കോഴിക്കോട്, ആലപ്പുഴ ഹോട്ടൽ പദ്ധതികൾ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസ്സോർട്ട്; നിലവിലുള്ള ഹോട്ടലുകളുടെ പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾക്കായി അനുവദിച്ച 650 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5452-01-190-99—കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ എന്ന ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ടി.ആർ.കെ.എൽ. എന്ന പേരിൽ അറിയപ്പെട്ടിരുന്ന കമ്പനിയുടെ സ്വഭാവത്തിലും പ്രവർത്തനങ്ങളിലും മാറ്റം വന്നതനുസരിച്ച് ഇപ്പോൾ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.) എന്നു മാറ്റിയിട്ടുണ്ടെന്നും പി.പി.പി. മോഡലിൽ വരുന്ന പ്രോജക്ടുകൾ സെൻട്രലൈസ് ചെയ്ത് വേസ്റ്റേജ് അമിനിറ്റീസ് തുടങ്ങി മാർക്കറ്റിൽ എടുക്കാവുന്ന പ്രോജക്ടുകളെല്ലാം റവന്യൂ ജനറേറ്റിംഗ് പ്രോജക്ടായി എടുക്കുകയാണെന്ന് ടൂറിസം വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു. പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും സംയുക്ത മേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനും, റവന്യൂ ജനറേറ്റിംഗ് ടൂറിസം അധിഷ്ഠിത പൊതുസ്ഥല അടിസ്ഥാനസൗകര്യ വികസനത്തിനും, വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5452-01-190-98—കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് സ്വന്തം ഓഫീസും, ഗസ്റ്റ് ഹൗസും നിർമ്മിക്കുന്നതിനും ബേക്കൽ എയർസ്ട്രിപ്പ് വിപണനം പ്രചരണം, ബീച്ചുകളുടെ വികസനം, ബേക്കൽ ഫോർട്ടിലെ റയിൽവേ സ്റ്റേഷൻ വികസനം തുടങ്ങിയ പദ്ധതികൾക്കായി 5452-01-190-96—ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്ക് ലഭിച്ച കേന്ദ്രഫണ്ട് എത്രയാണെന്നും കിട്ടിയ ഫണ്ട് മുഴുവൻ ചെലവഴിച്ചോയെന്നും സമിതി ആരാഞ്ഞതിന് കേന്ദ്രഫണ്ടായി 41 കോടി അനുവദിച്ചതെന്നും അതിൽ പകുതി ഫണ്ട് മാത്രമെ ലഭിച്ചിട്ടുള്ളൂവെന്നും കിട്ടിയ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5452-01-800-84—മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി എന്ന ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയിൽ 46 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത് ഏതെല്ലാം പദ്ധതികൾക്കാണെന്ന് സമിതി ആരാഞ്ഞതിന് റോഡുകളുടെ നിർമ്മാണം, മ്യൂസിയങ്ങളുടെ നിർമ്മാണം, ക്ലീനിംഗ് ഓഫ് ഹെറിറ്റേജ് ബിൽഡിംഗ്സ് തുടങ്ങിയ പദ്ധതികൾക്കാണെന്ന് സെക്രട്ടറി അറിയിച്ചു. ഏതൊക്കെ സ്ഥലങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത് എന്നുള്ള ലിസ്റ്റ് ലഭ്യമാക്കണം എന്ന് സമിതി നിർദ്ദേശിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസര പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന പൈതൃക ശേഷിപ്പുകളെ നവീകരിച്ച് ആകർഷകമാക്കുന്നതിനുള്ള റോഡുകളുടെ നിർമ്മാണം, മ്യൂസിയം സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5452-01-800-83—തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി എന്ന ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിപണനത്തിനായി അനുവദിച്ചിരിക്കുന്ന തുക വളരെ കുറവാണ്. ആഭ്യന്തര വിപണി ലക്ഷ്യംവയ്ക്കുന്ന ഗുജറാത്ത് പോലെയുള്ള സംസ്ഥാനങ്ങളിൽ 94-95 കോടിയോളം രൂപ പരസ്യത്തിനും മറ്റുമായി മാറ്റിവയ്ക്കുന്നു. ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനായി കേരള ടൂറിസം ഒട്ടനവധി നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങളും, പുതിയ വിപണികളും ലക്ഷ്യമിട്ട് വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഓസ്ട്രേലിയ, റഷ്യ, മിഡിൽ ഈസ്റ്റ്, സ്കാൻഡിനേവിയ തുടങ്ങിയ മാർക്കറ്റുകളിൽ കൂടുതൽ പ്രചരണ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. കേരള ടൂറിസത്തെ സംബന്ധിച്ച് വളരെ ശക്തമായ സാന്നിദ്ധ്യം അറിയിക്കാവുന്ന വിപണിയായ അമേരിക്കയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം നാളിതുവരെ വകുപ്പിന് കടന്നുചെല്ലുന്നതിന് സാധിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം നൂതന വിപണന മാധ്യമമായ ഡിജിറ്റൽ മീഡിയായിലും ശക്തമായ സാന്നിദ്ധ്യമറിയിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, ആയുർവ്വേദ, കേരള ഭക്ഷ്യവിഭവങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളെ ലോക ടൂറിസം മാർക്കറ്റുകളിൽ തുടർന്നും അവതരിപ്പിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും ശക്തമായ മത്സരം നേരിടുന്ന ഈ രംഗത്ത് ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3452-80-104-98—ടൂറിസം വിപണനവും പ്രോത്സാഹനവും എന്ന ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, ഗസ്റ്റ് ഹൗസുകൾ തുടങ്ങിയവയിലെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി 5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരമുയർത്തലും, 5452-01-800-87—അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നീ ശീർഷകങ്ങളിലുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അനുബന്ധകാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3452-80-104-99—പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ പരിപാലനവും സംരക്ഷണവും എന്ന ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

14 ജില്ലകളിലെയും ഓഫീസുകളും വിവിധ ടൂറിസ്റ്റ് സെന്ററുകളിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും ആധുനികവത്കരിക്കുന്നതിന് 3452-80-800-97—വിനോദസഞ്ചാര വകുപ്പ് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഒരു ആസൂത്രണ വിലയിരുത്തൽ വിഭാഗം സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വർദ്ധിച്ചതുമൂലം ആധുനികവത്കരണം അത്യാവശ്യമാണെന്നും പക്ഷേ ഇതിനുള്ള ഉദ്യോഗസ്ഥർ കുറവാണെന്നും എൽ.ബി.എസ്. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് കരാർ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചാണ് പ്രോജക്ടുകൾ നടപ്പാക്കുന്നതെന്നും പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് കൂടുതൽ സ്റ്റാഫ് ആവശ്യമാണെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട ജോലികൾക്ക് മേൽനോട്ടം വഹിക്കാൻ ടൂറിസം വകുപ്പിൽ സംവിധാനമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഇതിന് അഡീഷണൽ ഡയറക്ടറുടെ കീഴിൽ ഒരു ആസൂത്രണ വിഭാഗമുണ്ടെന്നും അതിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറും മറ്റ് ഒൻപത് അംഗങ്ങളും ഉൾപ്പെടുന്നു എന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ ആധുനികവൽക്കരണ പ്രക്രിയകളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ് എൽ.ബി.എസ്.-ൽ നിന്ന് സ്റ്റാഫിനെ നിയോഗിച്ചിട്ടുള്ളതെന്നും എല്ലാക്കാര്യങ്ങളും ശരിയായിട്ട് നടക്കുന്നുണ്ടോ എന്ന് അവർ ഉറപ്പാക്കണമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ പരിശോധനാ സംവിധാനം എന്നത്തേക്ക് നിലവിൽ വരും എന്ന് സമിതി ആരാഞ്ഞതിന് ഈ വർഷം ആളുകളെ എടുത്തിട്ടുണ്ടെന്നും കഴിഞ്ഞ മൂന്ന് മാസമായി അവരുടെ പ്രവർത്തനംകൊണ്ട് നല്ല ഫലമാണ് ഉണ്ടാകുന്നതെന്നും ഇതുമൂലം ഓരോ ജില്ലയിലെയും പ്രോജക്ടുകളെ സംബന്ധിച്ച ശരിയായ വിവരങ്ങൾ ലഭിക്കുമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രവൃത്തികൾ വിവിധ ഏജൻസികളെ ഏൽപ്പിക്കുന്നത് അവ യഥാസമയം നടപ്പിലാക്കുന്നതിനു വേണ്ടിയാണെന്നും ഇതിൽ പ്രധാനമായും മോണിറ്ററിംഗാണ് വരുന്നതെന്നും എല്ലാ ജില്ലയിലും ഇതിനുവേണ്ടി നിയമിച്ച പ്രോജക്ട് എഞ്ചിനീയർമാർ പ്രോജക്ട് റിപ്പോർട്ട് നൽകുമെന്നും എൽ.ബി.എസ്. വഴിയാണ് ഈ എഞ്ചിനീയർമാരെ നിയമിച്ചതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രോജക്ടുകൾ ഏജൻസികളെ ഏൽപ്പിച്ച് അവർ പ്രോജക്ട് പൂർത്തിയാക്കി ഡിപ്പാർട്ടുമെന്റിന് കൈമാറ്റം ചെയ്യുക എന്നതായിരുന്നു നേരത്തെ ഉണ്ടായിരുന്ന രീതിയെന്നും ഇതിൽ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ലെന്നും മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരാൻ കാരണം ഗവൺമെന്റ് ഏജൻസികളെ ഏൽപ്പിച്ച ജോലികൾ നീതിപൂർവ്വം നിർവ്വഹിക്കുന്നതിന് വേണ്ടി യാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. പത്തനംതിട്ട ജില്ലയിൽ ഈ സംവിധാനത്തിൽ ഇതുവരെ ആളുകൾ എത്തിയിട്ടില്ല എന്ന സമിതിയുടെ പരാമർശത്തിന് എല്ലാ ജില്ലകളിലും ആളുകൾ വന്നിട്ടുണ്ടെന്നും മൂന്ന് മാസമായിട്ട് അവർ ഫീൽഡിലുണ്ടെന്നും വിവിധ കാര്യങ്ങളെ സംബന്ധിച്ച് ഇവർ പഠനം നടത്തുന്നുണ്ടെന്നും, ഈ വർഷം ഇവരുടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. മണിയാർ ഡാമിന്റെ കോൺക്രീറ്റിംഗിലെ പോരായ്മകൾ സമിതി ചൂണ്ടിക്കാണിച്ചതിന് അത്തരം കാര്യങ്ങൾ വളരെ അപൂർവ്വമായി സംഭവിക്കുന്നതാണെന്നും, കാരണം ജനപ്രതിനിധികൾ താൽപ്പര്യമെടുത്താണ് ഇത്തരം പ്രവൃത്തികൾ നടത്തുന്നതെന്നും അവരുടെ മോണിറ്ററിംഗ് ഈ പ്രോജക്ടുകളിൽ ഉണ്ടാകുമെന്നും ആയതിനാൽ അപാകത വരുന്നതിന് സാദ്ധ്യത വളരെ കുറവാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ ഉൾപ്പെടെയുള്ള സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്ന മാനദണ്ഡത്തെപ്പറ്റി സമിതി ആരാഞ്ഞതിന് എം.എൽ.എ.-മാരുടെ താൽപ്പര്യങ്ങളും ഉത്സവത്തിന്റെ പ്രത്യേകതകളും പരിശോധിച്ചാണ് ഗ്രാന്റ് അനുവദിക്കുന്നതെന്നും 25,000 രൂപയായിരുന്നു സാധാരണ അനുവദിച്ചിരുന്നതെന്നും ഇപ്പോൾ അത് 1 ലക്ഷം മുതൽ 2 ലക്ഷം വരെ അനുവദിക്കാറുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന ഗോൾഡൺ വാലി ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിനുവേണ്ടി 1 കോടി രൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ടായിരുന്നെന്നും ആ തുക ശുപാർശ ചെയ്യണമെന്നു ടൂറിസം ഡയറക്ടർ സമിതിയോട് അഭ്യർത്ഥിച്ചു.

കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ സമ്മാനഘടന അതേപടി നിലനിർത്തുന്ന തിനും ഇതരമേഖലകളിലെ പ്രവർത്തനങ്ങൾ ഇന്നത്തെനിലയിൽ നടത്തുന്നതിനും സ്പോൺസർഷിപ്പിലൂടെയും കൂപ്പൺ വിൽപ്പനയിലൂടെയുള്ള വരുമാനം പൂർണ്ണമായും പര്യാപ്തമല്ല. ഈ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുളള തുക അപര്യാപ്ത മായതിനാൽ 3452-80-800-54—കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ എന്ന ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഒരെണ്ണമൊഴികെ ബാക്കിയുള്ളവയൊന്നും ടെണ്ടർ ചെയ്തല്ല കൊടുക്കുന്നത് എന്ന പരാതിയുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ജി.കെ.എസ്.എഫ്-ന് ഫണ്ട് നീക്കിവച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 15 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുണ്ടെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രവൃത്തികൾ എന്തുകൊണ്ടാണ് ടെണ്ടർ ചെയ്ത് കൊടുക്കാത്തത് എന്ന് സമിതി ആരാഞ്ഞതിന് കഴിഞ്ഞ 5 വർഷവും ഏജൻസികൾ മുഖാന്തിരമാണ് ചെയ്തതെന്നും ഏജൻസികളെ സെലക്ട് ചെയ്തത് ടെണ്ടർ പ്രോസസിലൂടെയാണെന്നും ഈ ഏജൻസികൾ ഓരോ വർക്കും സ്വീകാര്യമായ രീതിയിലാണ് ചെയ്യുന്നതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത് ഫിനാൻഷ്യൽ കോഡിന് എതിരല്ലേ എന്ന് സമിതി ആരാഞ്ഞതിന് ഇതിലുളള പ്രശ്നം ജോലി നന്നായി ചെയ്യുക എന്നതും അതിന്റെ ഗുണമേന്മയുമാണ് പ്രധാനമെന്നും ഒരു കമ്മിറ്റി സുതാര്യമായാണ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ഏജൻസിയെ തെരഞ്ഞെടുത്തതിനുശേഷം ചില നീക്കുപോക്കുകൾ നടക്കുന്നുണ്ടെന്നും, സമിതി അഭിപ്രായപ്പെട്ടു. ഉദാഹരണമായി ഒരു കിലോമീറ്റർ വാഹനം ഓടുന്നതിന് 24 രൂപ കൊടുത്തതായിട്ടാണ് അറിയുന്നതെന്നുളള സമിതിയുടെ പരാമർശങ്ങൾക്ക് വണ്ടി ഓടുന്നു എന്നു പറയുന്നതിൽ അവരുടെ വെയിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെയുളള കാര്യങ്ങൾ വരുന്നുണ്ടെന്നും, സമയബന്ധിതമായി ചെയ്യുന്നതുകൊണ്ട് കോ-ഓർഡിനേഷൻ വളരെ പ്രധാനമാണെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത്തവണ കൂപ്പണും പ്രൈസ് ഡിസ്ട്രിബ്യൂഷനുമായി എത്ര ഏജൻസികളെയാണ് ഏൽപ്പിച്ച തെന്നും പ്രൈസിന്റെ കാര്യത്തിൽ ടെണ്ടർ ക്ഷണിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് നാല് ഏജൻസികളെ ഈ ജോലികൾ ഏൽപ്പിച്ചിരിക്കുന്നതെന്നും സിംഗിൾ ഏജൻസിയുടെ കുത്തക ഉണ്ടാകാതിരിക്കാനാണ് ഇങ്ങനെ ചെയ്തതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. മാർക്കറ്റിംഗ്, ഈവന്റ്സ്, ലോജിസ്റ്റിക്സ്, ഐ.ടി. എന്നീ നാലു ഘടകങ്ങൾക്ക് നാല് ഏജൻസികളാണുളളതെന്നും ടൂറിസം അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) മറുപടി നൽകി.

നിലവിലുളളതിനേക്കാൾ കൂടുതൽ വ്യക്തത വരുത്താനാണ് 6-ാമത് ഫെസ്റ്റിവലിൽ നടത്തിയതെന്നും ഏജൻസികളുടെ കുത്തക അവസാനിപ്പിക്കാനാണ് വിഭജിച്ച് മൂന്നോ നാലോ ഏജൻസികളെ ഏൽപ്പിച്ചതെന്നും സാമ്പത്തിക അച്ചടക്കം പാലിക്കാനാണ് കഴിഞ്ഞവർഷങ്ങളിൽ 25 കോടി രൂപ അനുവദിച്ച സ്ഥാനത്ത് 15 കോടി രൂപ മാത്രം ഈ വർഷം അനുവദിച്ചതെന്നും ബാക്കി തുക സ്പോൺസർഷിപ്പിലൂടെ ഉയർത്താൻ കഴിയുന്നുവെങ്കിൽ മാത്രമാണ് ഈ രീതിയിൽ മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുളളതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

പൂർണ്ണമായും സ്വകാര്യ ഏജൻസികൾ നടപ്പിലാക്കുന്ന സീപ്ലെയിൻ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തിയത് എന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നുവെന്നും സീപ്ലെയിൻ ഓപ്പറേറ്റ് ചെയ്യുന്നത് സ്വതന്ത്ര ഏജൻസികളാണെന്നും ഇതിനുവേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നത് ടൂറിസം വകുപ്പാണെന്നും അതിനു വേണ്ടിയാണ് ഈ തുക നൽകുന്നതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. ബേക്കൽ, ആലപ്പുഴ, കൊല്ലം, കുമരകം, അഷ്ടമുടി തുടങ്ങിയ സ്ഥലങ്ങളിലാണ് പ്രധാനമായും സീപ്ലെയിൻ ആരംഭിക്കുന്നത്. കാലടി-മലയാറ്റൂർ-അതിരപ്പിളളി ടൂറിസം സർക്യൂട്ടിന്റെയും, തേക്കടി-ഗവി-പമ്പ-മണിയാർ ടൂറിസ്റ്റ് സർക്യൂട്ടിന്റെയും മാസ്റ്റർ പ്ലാനിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത സർക്യൂട്ട് വളരെ

നല്ലതാണെന്നും ഇതിൽ വാഗമൺ-ഗവി-തേക്കടി എന്നിവയിൽ ഉൾപ്പെടുത്തി വാഗമൺ ഒരു അഡ്വഞ്ചർ ആക്ടിവിറ്റീസ് ആയി തയ്യാറാക്കി മാസ്റ്റർ പ്ലാൻ ചെയ്തിട്ടുണ്ടെന്നും, ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ഗവിയെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ സപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തേക്കടിയിൽ പുതിയ ബോട്ട് നൽകിയിട്ടുണ്ടെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ഗവിയിലെ ക്യാരിയിംഗ് കപ്പാസിറ്റിയെ സംബന്ധിച്ച് പ്രശ്നമുണ്ടെന്നും ഒരു ദിവസം 100 ആളുകൾക്കുമാത്രമേ പ്രവേശനാനുമതി നൽകുകയുള്ളൂവെന്നും കപ്പാസിറ്റി വർദ്ധിപ്പിക്കുകയും അവിടെ ഇൻവെസ്റ്റ് ചെയ്യാൻ കെ.റ്റി.ഡി.സി.-യെ അനുവദിക്കുകയും ചെയ്യുകയാണ് ആവശ്യമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ഗവിയിൽ ചെയ്യേണ്ടത് ടെണ്ടർ അക്കോമഡേഷൻ ഉണ്ടാക്കുക എന്നതാണെന്നും തുടർന്ന് ടൂറിസം സെക്രട്ടറി അനുബന്ധമായി പറഞ്ഞു.

മാട്ടുപ്പെട്ടിയിൽ ആംഗ്ലിങ് ഉൾപ്പെടുത്തിയ പ്രൊപ്പോസലിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചിന്നക്കനാൽപോലുള്ള ഡാമുകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി ജീവനക്കാരെ നിയമിക്കണമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ആംഗ്ലിങ് അനുവദിക്കുന്നതിന് വേണ്ടുവോളം മത്സ്യം ചിന്നക്കനാലിൽ ഉണ്ടെന്നും അതുകൊണ്ട് ഇതിന്റെ സാധ്യതകൾക്ക് പ്രാധാന്യം നൽകി പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമൂഴി എന്നിവ ഒരു ഡെസ്റ്റിനേഷനിൽപ്പെട്ടതാണെന്നും തുമ്പൂർമൂഴിയിൽ വരുന്ന ടൂറിസ്റ്റുകളുടെ പണം മാത്രമാണ് ഡി.എം.സി.-ക്ക് ലഭിക്കുന്നതെന്നും മറ്റ് സ്ഥലങ്ങളിലേത് ഫോറസ്റ്റിനാണ് ലഭിക്കുന്നതെന്നും എന്നാൽ വനം വകുപ്പ് ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒന്നും ഒരുക്കാറില്ലെന്നും സമിതി അറിയിച്ചു. ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ ഒരു വിഹിതം ഡി.എം.സി.-ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. തുമ്പൂർമൂഴിയിലെ വർക്ക് മേയ് ആദ്യവാരം ആരംഭിക്കുമെന്നും ഈ വർക്ക് എടുത്തിരിക്കുന്നത് കേരള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണെന്നും തുടർന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ഏഴാറ്റുമുഖവും, തുമ്പൂർമൂഴിയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള തൂക്കുപാലത്തെ സംബന്ധിച്ച പ്രോജക്ട് എന്തായിയെന്ന് സമിതി ആരാഞ്ഞതിന് അത് മൂന്നൂറ് മീറ്ററോളം വരുമെന്നും രണ്ട് വശവും ഇറിഗേഷനാണെന്നും റോപ്വേക്ക് വേണ്ടി ഒരു പ്രിലിമിനറി സ്റ്റഡി നടത്തിയിരുന്നുവെന്നും ടൂറിസം അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ 300 മീറ്റർ ഉണ്ടെങ്കിൽ തൂക്കുപാലം നിർമ്മിക്കാൻ സാധിക്കുകയില്ലെന്നും അത് വളരെ ചെലവേറിയതാണെന്നും സമിതി അഭിപ്രായപ്പെടുകയും ഈ പ്രോജക്ട് പ്രൈവറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ശബരിമലയിൽ സന്നിധാനത്തോ പമ്പയിലോ ഒരു ഗസ്റ്റ് ഹൗസ് ഇല്ലെന്നും ഇവിടെ സ്ഥലം ലഭ്യമാക്കി ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVIII

സംസ്ഥാന സർക്കാരുകൾ പരിസ്ഥിതിക്കുവേണ്ടിയുള്ള പദ്ധതികളുടെ വിഹിതം കൂട്ടണമെന്ന് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് 2013-14 സാമ്പത്തികവർഷത്തിലേക്ക് അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ വിഷൻ 2030-നെ സംബന്ധിച്ചും ധാരാളം നിർദ്ദേശങ്ങളുണ്ടായിരുന്നുവെന്ന് അഡീഷണൽ സെക്രട്ടറി പരിസ്ഥിതിവകുപ്പ് ആമുഖമായി സമിതിയെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കുവേണ്ടിയുള്ള വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രതീക്ഷിച്ച രീതിയിലുള്ള വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും ചെറിയ ഒരു പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ടാണ് പരിസ്ഥിതിവകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പരിസ്ഥിതിവകുപ്പ് ആവശ്യപ്പെട്ടത് 63.08 കോടി രൂപയാണെന്നും എന്നാൽ അനുവദിച്ചത് 20.5 കോടി രൂപയാണെന്നും പരിസ്ഥിതിവകുപ്പിന്റെ കീഴിലുള്ള 3 വകുപ്പുകൾക്കും കൂടിയാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും 23 കോടി രൂപ പരിസ്ഥിതി കാലാവസ്ഥാ വകുപ്പ് ആവശ്യപ്പെട്ടതിന് 14 കോടി രൂപയും മലിനീകരണ നിയന്ത്രണ ബോർഡ് 31 കോടി രൂപ ആവശ്യപ്പെട്ടതിന് 4 കോടി രൂപയും, ജൈവ വൈവിധ്യ ബോർഡ് 76 കോടി രൂപ ആവശ്യപ്പെട്ടതിന് 2.5 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളതെന്നും പരിസ്ഥിതിവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ഡയറക്ടറേറ്റിന്റെ 14 പദ്ധതികളിൽ 10 പദ്ധതികളും മലിനീകരണ നിയന്ത്രണ ബോർഡിന്റെ 4 പദ്ധതികളും ജൈവ വൈവിധ്യബോർഡിന്റെ 10 പദ്ധതികളും നടപ്പാക്കേണ്ടതുണ്ടെന്നും ഡയറക്ടറേറ്റ് 7.5 കോടി രൂപയും മലിനീകരണ നിയന്ത്രണ ബോർഡ് 9.6 കോടി രൂപയും അധികം ആവശ്യപ്പെട്ടിട്ടുള്ളതായും തുടർന്ന് അദ്ദേഹം സമിതിയെ അറിയിച്ചു.

പരിസ്ഥിതിവകുപ്പിന്റെ ഹരിതസ്പർശം, ഹരിതശാല തുടങ്ങിയ പദ്ധതികൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും എവിടെയൊക്കെയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് ഡയറക്ടറേറ്റിന്റെ പദ്ധതിയിൽ പരിസ്ഥിതിവകുപ്പിനെ ശക്തിപ്പെടുത്തൽ എന്ന പ്രധാന പദ്ധതിയിൻകീഴിൽ ഉപപദ്ധതികളായി പരിസ്ഥിതിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ് ഇവയെന്നും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഹരിതസ്പർശമെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പരിസ്ഥിതിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവു സംബന്ധിച്ചും ഏതു പഞ്ചായത്തിലാണ് ഇവ നടപ്പാക്കിയതെന്നും സമിതി ആരാഞ്ഞതിന് കേരളം മുഴുവൻ നടപ്പിലാക്കിയ പദ്ധതിയാണ് ഇതെന്നും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള വിളംബര ജാഥയിൽ ഓരോ ജില്ലയിലുമുള്ള പ്രധാന പ്രശ്നങ്ങൾ മനസ്സിലാക്കുകയും ജനങ്ങളുമായി നേരിട്ട് ചർച്ച നടത്തി പരിസ്ഥിതിയുമായി ബന്ധപ്പെട്ട് അവരുടെ സംശയങ്ങൾ തീർക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മിക്കവാറും ജില്ലകളിൽ എം.എൽ.എ.-മാർ പങ്കെടുക്കുന്ന പബ്ലിക് മീറ്റിംഗുകൾ നടത്തിയിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒരു ജില്ലയിൽ പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ ഒരു വീടെങ്കിലും കണ്ടെത്തുക എന്നതാണ് ഉദ്ദേശിക്കുന്നതെന്നും എല്ലാ ജില്ലകളിലുമായി 132 'ഭൂമിത്രസേനാ' ക്ലബ്ബുകളുണ്ടെന്നും ഭൂമിത്രസേനാ ക്ലബ്ബുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ലബോറട്ടറികൾ ഒരുക്കുന്നതിനായി വേണ്ടുന്ന ധനസഹായവും ട്രെയിനിംഗും നൽകുക, എൻ.ജി.ഒ.-കൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവവഴി പരിസ്ഥിതി അവബോധവും ബോധവൽക്കരണ പരിപാടിയും അതിനോടൊപ്പം ഒരു ആക്ഷൻ കമ്പോണന്റും നടപ്പാക്കാൻ വേണ്ടി കഴിഞ്ഞവർഷം 30,000 രൂപ മുതൽ 50,000 രൂപവരെ സാമ്പത്തികസഹായം കൊടുത്തിട്ടുണ്ടെന്നും ഈ വർഷവും തുടരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതികൾക്കായി അനുവദിച്ച 75 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3435-03-003-98 പാരിസ്ഥിതിക അവബോധവും വിദ്യാഭ്യാസവും എന്ന ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ബി.ബി. സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്കും, ചെയർമാനും ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും 2406-02-110-59 എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ശമ്പളയിനത്തിൽ 40.49 ലക്ഷം രൂപയും, ശമ്പളയിതരയിനത്തിൽ 6.52 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായി ഏറ്റവും നല്ല രീതിയിൽ ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അവ നിലനിർത്തുകയും ഒരു സർക്കാർ സ്കൂളിനും, ഒരു എയിഡഡ് സ്കൂളിനും ജില്ലകൾതോറും അവാർഡ് നൽകാൻ 28 ലക്ഷം രൂപയും പരിസ്ഥിതി ബോധവൽക്കരണത്തിനായി എൻവയോൺമെന്റ് മ്യൂസിയം ബോർഡിന്റെ എറണാകുളം മേഖല ഓഫീസ് കെട്ടിടത്തിൽ സ്ഥാപിക്കാനും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ മോണിറ്ററിംഗിനും സാമ്പിളിനുമുള്ള ഉപകരണങ്ങളുടെ മോഡലുകൾ പ്രദർശിപ്പിക്കുന്നതിനും, മിനി തിയേറ്റർ, ഉപകരണങ്ങൾ,ലൈബ്രറി എന്നിവയ്ക്കുമായി 50 ലക്ഷം രൂപയും, അന്തരീക്ഷവായു ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള കണ്ടിന്യൂവസ് സ്റ്റേഷൻ തിരുവനന്തപുരം കോർപ്പറേഷനിൽ തമ്പാനൂരിൽ സ്ഥാപിക്കാൻ 60 ലക്ഷം രൂപയും അധികമായി ആവശ്യമാണ്. കൂടാതെ ശബരിമല ഖരമാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി രൂപപ്പെടുത്തിയ ഹൈറേറ്റ് ഡൈജസ്റ്റർ പമ്പയിൽ

സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപയും, സ്വന്തമായി സംസ്കരണ സംവിധാനം ഇല്ലാത്ത ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലെ മുഴുവൻ ബയോമെഡിക്കൽ മാലിന്യവും സംസ്കരിക്കുന്നതിനായി പാലക്കാട് പ്രവർത്തിച്ചുവരുന്ന IMAGE മാതൃകയിലുള്ള പ്ലാന്റ് 2 ജില്ലകൾക്ക് ഒരു പൊതു സംവിധാനം എന്ന നിലയിൽ ഏർപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുള്ള സബ്സിഡിപ്രകാരം പദ്ധതി ചെലവിന്റെ 25% ഏറ്റവും കൂടിയത് 1 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതിന് സംസ്ഥാന സർക്കാരും തുല്യമായ തുക സഹായമായി ലഭ്യമാക്കിയാൽ ഇത്തരം 3 പദ്ധതികൾ PPP പദ്ധതികളിലൂടെ ഈ വർഷം നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപ അധികമായി ആവശ്യമായി വരും. ബോർഡിന്റെ ഹെഡ് ഓഫീസ്, തിരുവനന്തപുരം മേഖല ഓഫീസ്, ജില്ലാ ഓഫീസുകൾ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ സ്ഥലം വാങ്ങുന്നതിനായി 500 ലക്ഷം രൂപയും ആവശ്യമാണ്. മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 963 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കടലിലെ വെള്ളം ഉയരുന്നതിനെ സംബന്ധിച്ച് 33 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയ പഠനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 2012-13-ലാണ് പഠനം നടത്താൻ തീരുമാനിച്ചതെന്നും ഒരു വർഷത്തിനകം റിപ്പോർട്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി പരിസ്ഥിതി വകുപ്പ് സമിതിയെ അറിയിച്ചു.

ശബരിമലയിലെ ഖരമാലിന്യ പ്ലാന്റ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ പണി ആരംഭിച്ചില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ഖരമാലിന്യ പ്ലാന്റിനായി ദേവസ്വം ബോർഡ് അപേക്ഷ ക്ഷണിച്ചിരുന്നുവെന്നും ഇതിന് 6 സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടെന്നും തുടർച്ചയായി 65 ദിവസം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ടതാണെന്നും അതിനുശേഷിയുള്ള അനുയോജ്യമായ ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ദേവസ്വം ബോർഡ് മുൻകൈയെടുത്തുചെയ്യുകയാണെന്നും അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു. എന്നാൽ ഈ സീസണിൽ പണി തുടങ്ങാൻ കഴിയില്ലെന്നും ടെണ്ടർ എടുത്ത ഏജൻസി അവരുടെ ടെക്നോളജി പ്രെസന്റ് ചെയ്തശേഷം സ്വീകാര്യമായ ഫോർമാറ്റിലാക്കാൻ മദ്രാസ് ഐ.ഐ.ടി.-യിലെ ഒരു പ്രൊഫസർ ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. എത്രയുംവേഗം പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ബയോഗ്യാസിന്റെ മോഡേൺ രീതിയിലുള്ള പ്ലാന്റുണ്ടെന്നും അത്തരമൊരു മോഡൽ പമ്പയിൽ സ്ഥാപിച്ചാൽ ഖരമാലിന്യം ബയോഗ്യാസാക്കി മാറ്റാൻ സാധിക്കുമെന്നും 25 ലക്ഷം രൂപ ഇതിനു വേണ്ടിവരുമെന്നും ഫണ്ട് അനുവദിച്ചാൽ മൂന്നുമാസം കൊണ്ട് പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കുമെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചതിനെ തുടർന്ന് ഇത് ഒരു സ്പെഷ്യൽ കേസ്സായി പരിഗണിച്ച് തുക അനുവദിക്കാമെന്നും അതോടൊപ്പം രൂപ അനുവദിച്ചാൽ മൂന്നു മാസത്തിനകം ഒരു മോഡൽ യൂണിറ്റ് സ്ഥാപിക്കാമെന്ന ഉറപ്പ് നൽകിക്കൊണ്ട് ഒരു പ്രൊപ്പോസൽ നൽകണമെന്നും സമിതി നിർദ്ദേശിക്കുകയുമുണ്ടായി.

ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പാലക്കാട് ഐ.എം.എ.-യുടെ ഒരു പൊതു പ്ലാന്റ് ഉണ്ടെന്നും കേരളത്തിലെ എല്ലാ മെഡിക്കൽ വേസ്റ്റുകളും അവിടേക്കാണ് കൊണ്ടുപോകുന്നതെന്നും രണ്ടു ജില്ലകൾക്ക് ഒരു പൊതു പ്ലാന്റ് ആയാൽ നന്നായിരിക്കുമെന്നും കേന്ദ്ര ഗവൺമെന്റ് ഇതിലേക്കായി 1 കോടി രൂപ നൽകുമെന്നും മാച്ചിംഗ് ഗ്രാന്റായി സംസ്ഥാന ഗവൺമെന്റ് വിഹിതമായ 1 കോടി രൂപ ലഭിച്ചാൽ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു. അതനുസരിച്ച് എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ടെന്നും 4 കമ്പനികൾ വന്നിട്ടുണ്ടെന്നും അതിൽ അമ്പലമേടുള്ള ഹസാർഡ്സ് വേസ്റ്റ് എന്ന കമ്പനി പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ഇമേജ് എന്ന കമ്പനി തിരുവനന്തപുരത്ത് പാലോട് എന്ന സ്ഥലത്ത് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും തുടർന്ന് അദ്ദേഹം സമിതിയെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റ് വിഹിതമായി 1 കോടി രൂപയും മാച്ചിംഗ് ഗ്രാന്റായി സംസ്ഥാന ഗവൺമെന്റ് 1 കോടി രൂപ നൽകുകയാണെങ്കിൽ ആയതും ഉപയോഗിച്ച് പണി പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു. അത്തരത്തിൽ മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ സമിതി ശുപാർശ ചെയ്തു.

വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ശബ്ദമലിനീകരണത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ക്ഷേത്രങ്ങളിൽ നിന്നൊഴികെയുള്ളതെല്ലാം നിയന്ത്രണ വിധേയമായിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

അരൂരിൽ ഒരു കോമൺ പ്ലാന്റ് പ്രൊപ്പോസ് ചെയ്തിട്ടുണ്ടെന്നും അതിനായി കേന്ദ്ര ഗവൺമെന്റ് 6 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ സ്റ്റേറ്റ് ഗവൺമെന്റ് 6 കോടി രൂപ നൽകിയാൽ മാത്രമേ കേന്ദ്ര ഫണ്ട് റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും സ്റ്റേറ്റ് ഗവൺമെന്റിന്റെ ഭരണാനുമതി ലഭിച്ചാൽ മാത്രമേ കേന്ദ്ര ഗവൺമെന്റ് ഫണ്ട് ലഭിക്കുകയുള്ളൂവെന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പരിസ്ഥിതിവകുപ്പിനു നൽകുകയും അത് ധനകാര്യവകുപ്പിന് അയച്ചിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ചെയർമാൻ സമിതിയെ അറിയിച്ചു. പദ്ധതിയുമായി ആദ്യം ലഭിച്ച നിർദ്ദേശങ്ങൾ സ്വീകാര്യമല്ലായിരുന്നുവെന്നും മാറ്റങ്ങൾവരുത്തി കേന്ദ്ര ഗവൺമെന്റിൽ അയച്ചുവെന്നും പദ്ധതിക്ക്

ഭരണാനുമതി നൽകിയാൽ കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള 6 കോടി രൂപ ലഭ്യമാക്കാമെന്ന് ആസൂത്രണവകുപ്പ് ഉറപ്പുനൽകിയിട്ടുള്ളതായി ധനകാര്യവകുപ്പ് സമിതിയെ അറിയിച്ചു.

14 മിനറൽ വാട്ടർ കമ്പനികളുടെ വെള്ളം പൊല്യൂറ്റഡ് ആണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കാര്യമായ പരിശോധന ആവശ്യമാണെന്ന് സമിതി വിലയിരുത്തി. കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ടെന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 2013 മേയ് 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2013 മേയ് 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ `IV-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. അജിത്, എം.എൽ.എ.
2. ശ്രീ. ബി. ഡി. ദേവസ്സി ,,
3. ശ്രീ. കെ. ബി. ഗണേഷ് കുമാർ ,,
4. ശ്രീ. എസ്. രാജേന്ദ്രൻ ,,
5. ശ്രീ. ബി. സത്യൻ ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഗോഡ്ഫ്രീ ഡി. ഡി., അണ്ടർ സെക്രട്ടറി

2013-2014 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ വിഷയനിർണ്ണയ സമിതി X-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥന നമ്പർ XXXIV (വനം), XVII (പരിസ്ഥിതി), XX (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്), XLII (വിനോദസഞ്ചാരം) എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടുക്കുകയും മാറ്റങ്ങൾ ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

## 2013 ജൂലൈ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X 2013 ജൂലൈ 3-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ കോംപ്ലക്സിലെ V.C. കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.
2. ശ്രീ. കെ. എം. ഷാജി, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.
4. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പ്രദീപ്കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, വനവും പരിസ്ഥിതിയും വകുപ്പ്
2. ശ്രീ. സുമൻബില്ല, സെക്രട്ടറി, വിനോദ സഞ്ചാരവകുപ്പ്
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. കെ. ആർ. ഹരിദാസ്, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
6. ശ്രീ. ജി. രാജീവ്, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
7. ശ്രീ. ആർ. രാജരാജവർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
8. ശ്രീ. വി. ഗോപിനാഥൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ
9. ശ്രീ. ജി. ഹരികുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഡ്മിനിസ്ട്രേഷൻ)
10. ശ്രീമതി എൽ. കെ. വർഷിനി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡെവലപ്പ്മെന്റ്)

11. ശ്രീമതി ജി. ജെ. ടെജി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പി) ഇൻ-ചാർജ്

12. ശ്രീ. ഡി. ജോൺ, ഡെപ്യൂട്ടി സെക്രട്ടറി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്

13. ശ്രീ. എം. ദിലീപ്കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

14. ശ്രീ. പി. ശ്രീകണ്ഠൻ നായർ, ഡയറക്ടർ ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമേറ്റ് ചെയിഞ്ച്

15. ശ്രീ. മഹേഷ്, ഐ. സി, എം. ഡി. ബി. ആർ. ഡി. സി.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയുണ്ടായി:

I. **കരട് ചട്ടത്തിന്റെ പരിഗണന**

കേരള ഫോറസ്റ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾ-2013

(ഫയൽ നമ്പർ 11675/സബ്.സി.എഫ്1/2011/ലെജി.)

കേരള ഫോറസ്റ്റ് സർവ്വീസ് ഭേദഗതി സ്പെഷ്യൽ റൂൾ 2013-നെ സംബന്ധിച്ച് 19-6-2013-ലെ സമിതിയോഗം ആവശ്യപ്പെട്ട ഭേദഗതികൾ കരട് ചട്ടത്തിൽ വരുത്തിയിട്ടുള്ളതായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് സമിതിയെ അറിയിച്ചു. കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു.

II. **എസ്. ആർ. ഒ.-കളുടെ സാധൂകരണം**

1. ദി കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആന്റ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) റൂൾസ്, 2012. എസ്. ആർ. ഒ. 269/2012-ന്റെ സാധൂകരണം—സമിതി നൽകിയ നിർദ്ദേശങ്ങൾക്കുള്ള വിശദീകരണം.

(ഫയൽ നമ്പർ 2662/സബ്.സി.എഫ്1/12./ലെജി.)

19-6-2012-ലെ സമിതിയോഗത്തിലെ തീരുമാനമനുസരിച്ച് മാറ്റങ്ങൾ എസ്.ആർ.ഒ.-യിൽ വരുത്തിയിട്ടുണ്ടെന്ന്, വനവും പരിസ്ഥിതിയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത എസ്.ആർ.ഒ.-യിൽ ചട്ടങ്ങൾ പരാമർശിച്ച് കല്ലായിൽ (കോഴിക്കോട്) ഒരു വിഷയമുണ്ടെന്നും, ഭൂമിയുടെ വിസ്തീർണ്ണം കുറവായതുകൊണ്ട് തടിക്കച്ചവടവുമായി ബന്ധപ്പെട്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഇത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ.യിൽ വരുത്തിയ ഭേദഗതികളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മില്ലും മെഷിനറിയും പണയപ്പെടുത്തി വായ്പ എടുക്കണമെങ്കിൽ ഡി.എഫ്.ഒ.യുടെ അനുമതി വേണമെന്നായിരുന്നു ആദ്യത്തെ വ്യവസ്ഥയെന്നും, അത് അസൗകര്യമായതുകൊണ്ട് നീക്കം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും വനാതിർത്തിയിൽ നിന്ന് 5 കിലോമീറ്റർ ദൂരപരിധിയിൽ ഫർണിച്ചർ യൂണിറ്റ് പാടില്ലായെന്ന ഒരു പ്രശ്നം നിലനിൽക്കുന്നില്ലായെന്നും റൂൾ '25'-ൽ ആശാരിപ്പണി ചെയ്യുന്നവരെ ഒഴിവാക്കിയിട്ടുണ്ടെന്നും 5 കുതിരശക്തിക്ക് താഴെയുള്ള യന്ത്രം ഉപയോഗിക്കുന്നവർക്ക് വനാതിർത്തിയിൽ നിന്ന് 5 കിലോമീറ്റർ ദൂരപരിധിയ്ക്കുള്ളിൽ ഫർണിച്ചർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോഴും തടസ്സമില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് സമിതിയെ അറിയിച്ചു.

എന്നാൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ വാദം ശരിയല്ലെന്നും പരമ്പരാഗതമായി ആശാരിപ്പണിയും മറ്റും ഉപജീവനമാക്കിയിട്ടുള്ളവർ മേൽപ്പറഞ്ഞ ദൂരപരിധിയ്ക്കുള്ളിൽ 5 കുതിരശക്തിയ്ക്കു താഴെയുള്ള മെഷീൻ എന്നല്ല ഒരു മെഷീനും ഉപയോഗിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുവദിക്കുന്നില്ലെന്നും ഇതിനുകാരണം റൂളിലെ 25-ാം ചട്ടത്തിൽ 'hand tools' മാത്രമേ ഇത്തരം പണിശാലകളിൽ ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധനയാണെന്നും അതിനാൽ 5 കുതിരശക്തിക്ക് താഴെയുള്ള മെഷീനുകൾ ഇത്തരം പണിശാലകളിൽ ഉപയോഗിക്കുന്നതിന് അനുവദനീയമാകും വിധത്തിൽ ചട്ടം 2(O) 3(5), 25 എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതിയ കരട് ചട്ടം പരിഗണനയ്ക്ക് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

2. ദി കേരള ഫോറസ്റ്റ് ( റസ്ട്രിക്ഷൻ ഓൺ കട്ടിംഗ് ആന്റ് സെല്ലിംഗ് ഓഫ് സാൻഡൽ ട്രീസ് ആന്റ് ഗ്രാന്റ് ഓഫ് ലൈസൻസ് ഫോർ പൊസ്സഷൻ ആന്റ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽ വുഡ് ഓയിൽ) റൂൾ-2012

(എസ്.ആർ.ഒ. 202/13, 203/13)

(ഫയൽ നമ്പർ 1632/സബ്.സി.എഫ്1/13/ലെജി.)

സാധൂകരണം നൽകി.

3. ദി കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ്-2012.

(എസ്.ആർ.ഒ. 870/2012)

(ഫയൽ നമ്പർ 1432/ സബ്.സി.എഫ്1/13/ലെജി.)

സാധൂകരണം നൽകി.

4. 2003-ലെ കേരള ടൂറിസം സർവ്വീസ് സ്പെഷ്യൽ (ഭേദഗതി) റൂൾ സംബന്ധിച്ച കുറിപ്പ്

(ഫയൽ നമ്പർ 3202/സബ്.സി.എഫ്1/11/ലെജി.)

അംഗീകരിച്ചു.

**III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചറിപ്പോർട്ടുകളിലെ ശുപാർശ കളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2004-05 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1397/സബ്.സി.എഫ്1/11/ലെജി.)

ശുപാർശ നമ്പർ 28

2. നെല്ലിയാമ്പതിയിൽ നിന്നും പറമ്പിക്കുളത്തേക്കുള്ള നടപ്പാത സഞ്ചാര യോഗ്യമാക്കുന്നത് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധികവിവരം.

(ഫയൽ നമ്പർ 11679/സബ്.സി.എഫ്1/11/ലെജി.)

3. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3050/സബ്.സി.എഫ്1/11/ലെജി.)

ശുപാർശ നമ്പർ 56, 57, 58, 59, 60, 61, 62.

4. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5329/സബ്.സി. എഫ്1/11/ലെജി.)

ശുപാർശ നമ്പർ 10

5. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3051/സബ്.സി.എഫ്1/12/ലെജി.)

ശുപാർശ നമ്പർ 1, 2, 3, 4, 5, 7, 8, 9, 10, 11, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31.

6. ജൈവവൈവിധ്യ സംരക്ഷണം എക്സ്റ്റൻഷൻ ഫോറസ്ട്രി, സപര്യ, ഡി.എം.സി. എന്നീ പദ്ധതികളെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്.

(ഫയൽ നമ്പർ 3527/സബ്.സി.എഫ്1/12/ലെജി.)

ശുപാർശ 12, 13.

IV. **സമിതിയുടെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണന**

സമിതിയുടെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

V. **2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന**

വിഷയനിർണ്ണയ സമിതി X-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് ശേഷം 12.15-ന് സമിതിയോഗം പിരിഞ്ഞു.

## 2013 സെപ്റ്റംബർ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X, 2013 സെപ്റ്റംബർ 24 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. കെ. അജിത്, എം.എൽ.എ.
2. ശ്രീ. ബി. ഡി. ദേവസ്സി "
3. ശ്രീ. എസ്. രാജേന്ദ്രൻ "
4. ശ്രീ. രാജു എബ്രഹാം "
5. ശ്രീ. ബി. സത്യൻ "
6. ശ്രീ. കെ. എം. ഷാജി "
7. ശ്രീ. സണ്ണി ജോസഫ് "

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
2. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)
3. ശ്രീ. കെ. ആർ. ഹരിദാസ്, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
4. ശ്രീ. ബി. ആർ. സരൂപ് റോയ്, സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, കിറ്റ്സ്
5. ഡോ. ബി. വിജയകുമാർ, പ്രിൻസിപ്പൽ, കിറ്റ്സ്
6. ശ്രീ. കെ. രാജേഷ് കുമാർ, സ്റ്റേറ്റ് ലെവൽ ഫീൽഡ് കോ-ഓർഡിനേറ്റർ കിറ്റ്സ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (V) എ പ്രകാരം 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുന്നതിനാണ് യോഗം കൂടിയിരിക്കുന്നതെന്നും ചട്ടം 239 (3) അനുസരിച്ച് ചർച്ചയുടെ ഒരു സംക്ഷേപം സഭ മുമ്പാകെ സമർപ്പിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് മുഖ്യമന്ത്രിക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നുവെന്നും ആമുഖമായി അറിയിച്ചു.

2006-07 കാലഘട്ടത്തിലാണ് ഉത്തരവാദിത്വ വിനോദസഞ്ചാരം എന്ന വിഷയം ഉടലെടുത്തതെന്നും ഇത് ആദ്യമായി ഏറ്റെടുത്ത സംസ്ഥാനം കേരളമാണെന്നും മുൻപ് ഉത്തരവാദിത്വ വിനോദസഞ്ചാരം സസ്റ്റെയിനബിൾ ടൂറിസം എന്ന പേരിലാണ് നടപ്പാക്കിയിരുന്നതെന്നും മറ്റ് ഉറവിടങ്ങളെ ബാധിക്കാതെ ടൂറിസം എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്ന കാഴ്ചപ്പാടാണ് സസ്റ്റെയിനബിൾ ടൂറിസം പദ്ധതികൊണ്ടുദ്ദേശിച്ചിരുന്നതെന്നും എന്നാൽ ഒരു സമൂഹത്തിന് ടൂറിസം എങ്ങനെ സഹായമാക്കാം എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്വ ടൂറിസം സൃഷ്ടിക്കപ്പെട്ടതെന്നും, സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മേഖലകളെ കേന്ദ്രീകരിച്ചാണ് ഉത്തരവാദിത്വ ടൂറിസം പ്രവർത്തിക്കുന്നതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രാദേശിക സമൂഹത്തിന് പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് ഉത്തരവാദിത്വ ടൂറിസം നടപ്പാക്കുന്നതെന്നും 2008-ൽ ആണ് ഇത് ആദ്യമായി നടപ്പിലാക്കിയതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

പദ്ധതികൊണ്ട് സാമ്പത്തിക ഉത്തരവാദിത്തമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഹോട്ടലുകൾക്ക് ആവശ്യമായ സാധനങ്ങൾ പ്രദേശവാസികളിൽ നിന്ന് വാങ്ങുമ്പോൾ ഉല്പാദകർക്ക് ന്യായവില ലഭിക്കുകയും അതിലൂടെ അവർക്ക് സാമ്പത്തികനേട്ടം ലഭിക്കുന്നു. കൂടാതെ പ്രാദേശിക സമൂഹത്തിന് തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പ്രാദേശികമായി തന്നെ വിപണനം ചെയ്യുന്നതിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു എന്നും ടൂറിസം സെക്രട്ടറി തുടർന്ന് സമിതിയെ അറിയിച്ചു.

സാമൂഹിക ഉത്തരവാദിത്വംകൊണ്ടുദ്ദേശിക്കുന്നത് കരകൗശല സ്ഥാപനങ്ങളെയും കലകളെയും സുവനീർ, കുടിൽ വ്യവസായങ്ങളെയും, കുടുംബശ്രീ തുടങ്ങിയ സംരംഭങ്ങളെയും പ്രോത്സാഹിപ്പിച്ച് ടൂറിസ്റ്റുകൾക്കായി പ്രദർശനം നടത്തി പ്രദേശവാസികൾക്ക് വരുമാനം ഉണ്ടാക്കുക എന്നതാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുള്ളത് കുമരകത്താണെന്നും കുമരകത്ത് പ്രവർത്തിക്കുന്ന 22 ഹോട്ടലുകളിൽ 18 എണ്ണം ഉത്തരവാദിത്വ വിനോദസഞ്ചാരം അംഗീകരിച്ചതാണെന്നും ഓരോ ഹോട്ടലും എത്ര രൂപയ്ക്കുള്ള സാധനങ്ങൾ വാങ്ങുന്നുണ്ടെന്നും പ്രദേശവാസികൾക്ക് എത്രത്തോളം സഹായകമാകുന്നുയെന്ന് പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നുണ്ടെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു. 2012-ലെ വിനോദസഞ്ചാരനയം അനുസരിച്ച് ഉത്തരവാദിത്വ വിനോദസഞ്ചാരം അംഗീകരിച്ചുവെങ്കിൽ മാത്രമേ ഹോട്ടലുകൾക്ക് ഫിസിക്കൽ ഇൻസെന്റീവ് സബ്സിഡി നല്കുകയുള്ളൂവെന്നും, കുമരകം ഈ കാര്യത്തിൽ ഒരു മോഡലായി മാറിക്കഴിഞ്ഞുവെന്നും മറ്റ് സ്ഥലങ്ങളിൽ വേണ്ടത്ര വിജയിച്ചില്ലെന്നും സംസ്ഥാനമാകെ ഉത്തരവാദിത്വ ടൂറിസം എങ്ങനെ നടപ്പാക്കാമെന്നുള്ളത് ഒരു വെല്ലുവിളിയാണെന്നും ടൂറിസം വകുപ്പ് സെക്രട്ടറി അറിയിച്ചു.

ജനങ്ങളുടെ പങ്കാളിത്തമുള്ള ഉത്തരവാദിത്വ ടൂറിസത്തിന് ചേരുന്ന പേര് 'ജനകീയ ടൂറിസം' എന്നാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. കോവളം ഒരു ടൂറിസ്റ്റു കേന്ദ്രമാണെന്നും അവിടെ വരുന്ന ടൂറിസ്റ്റുകളിൽ നിന്ന് പാരോക്ഷമായി സംസ്ഥാനത്തിന് വരുമാനം ലഭിക്കുന്നുണ്ടെങ്കിലും അവിടുത്തെ പ്രദേശവാസികളുടെ പങ്കാളിത്തം ഇല്ല എന്നും ചെയർമാൻ അറിയിച്ചു.

കുമരകത്തെ 22 ഓളം മേജർ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് അവിടേയ്ക്കുള്ള സാധനങ്ങൾ നൽകുന്നത് അവിടുത്തെ ജനങ്ങളും അയൽക്കൂട്ടങ്ങളുമാണെന്നും അതിനാൽ ടൂറിസത്തിന്റെ ഗുണം ജനങ്ങൾക്ക് കൂടി ലഭിക്കുന്നുണ്ടെന്നും ചെയർമാൻ അറിയിച്ചു. കുമരകത്ത് ബാക്കി ഹോട്ടലുകളെ കൂടി പദ്ധതിയിൻകീഴിൽകൊണ്ടു വരാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് വിനോദസഞ്ചാരവകുപ്പ് വച്ച മാർഗ്ഗനിർദ്ദേശങ്ങൾ അവർ പാലിക്കാത്തതുകൊണ്ടാണ് അതിനു കഴിയാത്തതെന്ന് സെക്രട്ടറി അറിയിച്ചു. പദ്ധതിമൂലം വിദേശികളുടെ സന്ദർശനംകൊണ്ടുള്ള ഗുണം പ്രാദേശിക സമൂഹത്തിന് ലഭിക്കണം. കുമരകത്തെ വിജയം കോവളത്തു ആവർത്തിക്കാനായിട്ടില്ലെന്നും കോവളത്ത് കുടുംബശ്രീയെയും അയൽക്കൂട്ടങ്ങളേയും ഹോട്ടലുകളുമായി ക്ലബ്ബ് ചെയ്തു കഴിഞ്ഞാൽ കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ ഹോട്ടലുകൾ വാങ്ങുന്നതുവഴി ഇവർ തമ്മിൽ ബന്ധം ഉണ്ടാകുമെന്നും അങ്ങനെ ടൂറിസത്തിന്റെ ഗുണം സാധാരണക്കാരനുകൂടി ലഭിക്കുമെന്നും ഈ ഉദ്ദേശത്തോടെ 150 പഞ്ചായത്തുകളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും തുടർന്ന് ചെയർമാൻ സമിതിയെ അറിയിച്ചു. പദ്ധതിമൂലം കുമരകത്ത് 1100 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നു എന്നും ചെയർമാൻ അറിയിച്ചു.

ഉത്തരവാദിത്വ ടൂറിസത്തിൽ തേക്കടിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് തേക്കടി ഉൾപ്പെടുന്നുണ്ടെന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി ആദ്യമായി നടപ്പാക്കിയ ഘട്ടത്തിൽ തെരഞ്ഞെടുത്ത നാല് പ്രദേശങ്ങളിൽ തേക്കടിയെ ഉൾപ്പെടുത്തുകയുണ്ടായോ എന്ന സമിതിയുടെ ചോദ്യത്തിന് ഉൾപ്പെടുത്തുകയുണ്ടായെന്നും കോവളം, കുമരകം, വയനാട് എന്നിവ യാണ് മറ്റ് സ്ഥലങ്ങളെന്നും വയനാട് എന്നത് പിന്നീട് വൈത്തിരി ക്ലസ്റ്റർ എന്ന നിലയിൽ ചുരുക്കി നിശ്ചയിച്ചിരിക്കുകയാണെന്നും കിറ്റ്സിന്റെ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

പദ്ധതിയുടെ നടത്തിപ്പിൽ കുമരകം പഞ്ചായത്ത് മാത്രമാണ് വളരെ സജീവമായിട്ടുള്ളതെന്നും, തേക്കടിയിലും പദ്ധതി വളരെ വിജയകരമായി നടപ്പാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ആദിവാസികൾ ഇതിന്റെ ഭാഗമാണോയെന്ന് സമിതി ആരാഞ്ഞതിന് ആദിവാസികളും ഇതിന്റെ ഭാഗമാണെന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. പപ്പടം, അച്ചാർ എന്നിവ ഉണ്ടാക്കുന്നതിനായി കുടുംബശ്രീ ഇ.ഡി.സി., എൻ.ജി.ഒ., സാധാരണക്കാർ എന്നിവരെ ഉൾപ്പെടുത്തിയിട്ടു ണ്ടെന്ന് ടൂറിസം സെക്രട്ടറി അറിയിച്ചു.

കരകൗശല ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള പ്രാദേശിക പ്രത്യേകതയുള്ള സ്മരണിക പോലുള്ള ഉൽപന്നങ്ങൾ തേക്കടിയിൽ കാണുന്നില്ല എന്ന സമിതിയുടെ അഭിപ്രായത്തിന് കുമരകത്ത് അത് കുറേക്കാലമായി പ്രവർത്തിക്കുന്നതുകൊണ്ട് മെച്ചപ്പെട്ടിട്ടുണ്ടെന്നും തേക്കടി ആ അവസ്ഥയിലേക്ക് വരുന്നതേയുള്ളൂവെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉത്തരവാദിത്വ ടൂറിസത്തിന് വളരെ സാധ്യതയുള്ള സ്ഥലമാണ് ആതിരപ്പള്ളി എന്നും സമീപപ്രദേശമായ മലക്കപ്പാറയിൽ ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ ടൂറിസത്തിന് വളരെ സാധ്യതയുള്ള സ്ഥലമാണെന്നും ഇപ്പോൾ ഇവിടെ താമസത്തിനോ ഭക്ഷണത്തിനോ യാതൊരു സൗകര്യവുമില്ലെന്നും അവിടെ വിപണനസാധ്യതയുള്ള സാധനങ്ങൾ ഉൽപാദിപ്പിക്കാൻ സാധിച്ചാൽ അതുവഴി ആദിവാസികൾക്ക് ഗുണമുണ്ടാകുമെന്നും പദ്ധതിയിൻകീഴിൽ ആതിരപ്പള്ളി ഉൾപ്പെടുത്തുന്നത് ഫലപ്രദമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. സമിതിയുടെ നിർദ്ദേശം പരിശോധിക്കാമെന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉത്തരവാദിത്വ വിനോദസഞ്ചാരവുമായി ബന്ധപ്പെടുത്തിയിട്ടുള്ള 150 പഞ്ചായത്തുകളുടെ ലിസ്റ്റിനെ സംബന്ധിച്ച സമിതിയുടെ അന്വേഷണത്തിന് ലിസ്റ്റ് സമിതിക്ക് ലഭ്യമാക്കാമെന്നു സെക്രട്ടറി ഉറപ്പുനൽകി. പത്തനംതിട്ടയിലെ ഗവി എന്ന സ്ഥലത്തെ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഗവിയിൽ പ്രൈവറ്റ് ഹോട്ടലുകളില്ലെന്നും നിലവിലുള്ള ഹോട്ടലുകൾ ഫോറസ്റ്റിന്റെ അധീനതയിലാണെന്നും അതിനാൽ പദ്ധതി നടപ്പാക്കുക പ്രയാസമാണെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു.

ഉത്തരവാദിത്വ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് ഗൗരവമായി പരിഗണിക്കേണ്ട സ്ഥലമാണ് വയനാട് എന്ന സമിതിയുടെ പരാമർശത്തിന് വയനാട്ടിൽ പദ്ധതി നടപ്പാക്കുന്നതിൽ ചില കാര്യങ്ങളിൽ വളരെ പുരോഗതിയുണ്ടെന്നും ഉദാഹരണമായി അവിടെയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവർ ചികിത്സ നടത്താറുണ്ടെന്നും ഇതിലൂടെ അവർക്ക് നല്ല വരുമാനം ലഭിക്കുന്നുണ്ടെന്നും എന്നാൽ വിഭവ സമാഹരണവും വിപണനവും സംബന്ധിച്ച കാര്യങ്ങളിൽ കുറച്ച് കൂടി പുരോഗതിയുണ്ടാകാനുണ്ടെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

വയനാട്ടിൽ ഉത്തരവാദിത്വ വിനോദസഞ്ചാരം 'ഉറവു'മായി ബന്ധപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ബന്ധപ്പെടുത്തിയിട്ടുണ്ടെന്നും, എന്നാൽ ഉല്പന്നങ്ങളുടെ സമാഹരണവും വിപണനവും സംബന്ധിച്ച് ഹോട്ടലുകളുമായി ബന്ധം സ്ഥാപിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കിറ്റ്സിന്റെ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്റർ സമിതിയെ അറിയിച്ചു. ഒരു ചെറിയ പ്രദേശത്തിനകത്ത് നിരവധി ഹോട്ടലുകൾ ഉള്ളതാണ് കുമരകത്തിന്റെ ഗുണമെന്നും വയനാട്ടിൽ ഇത് വ്യാപിച്ചുകിടക്കുകയാണെന്നും തുടർന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

വയനാട്ടിൽ ആദിവാസികൾ നടത്തിവരുന്ന ചികിത്സകൾ, ഉറവ് പോലുള്ള പ്രോജക്ടുകൾ എന്നിവയെ ജില്ലാതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്യണമെന്നും ഹോട്ടലുകളെ മാത്രം ആശ്രയിച്ച് പദ്ധതി നടപ്പാക്കാൻ ശ്രമിച്ചാൽ പദ്ധതി വിജയിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. വയനാട്ടിലെ നൂൽപ്പുഴ പഞ്ചായത്തിലെ ചെട്ടിയാലത്തൂരിലെ ട്രൈബൽ വില്ലേജുകളെ ഉൾപ്പെടുത്തി ഒരു പുതിയ പാക്കേജ് രൂപീകരിച്ചിട്ടുണ്ടെന്ന് കിറ്റ്സ് സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

മൂന്നാർ ടൂറിസ്റ്റു കേന്ദ്രത്തെ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എത്ര വീടുകൾ കേന്ദ്രീകരിച്ചാണ് ഈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പച്ചക്കറി കൃഷിക്കാവശ്യമായ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതെങ്ങനെയാണെന്നും സർക്കാർ ഇതിലേക്ക് നിക്ഷേപം നടത്തുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് മൂന്നാറിനെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും എന്നാൽ മറയൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കൃഷി വകുപ്പും പഞ്ചായത്തുകളും മുഖാന്തരമാണ് വിത്ത് വിതരണം നടത്തുന്നതെന്നും എന്നാൽ ഗവൺമെന്റ് ഇതിൽ മുതൽ മുടക്കുന്നില്ലായെന്നും കോ-ഓർഡിനേഷൻ മാത്രമേ നടത്തുന്നുള്ളൂവെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 150 പഞ്ചായത്തുകൾക്കു പുറമേ എറണാകുളം ജില്ലയിലെ കുമ്പളങ്ങി, വയനാട്ടിലെ അമ്പലവയൽ, കാസർഗോഡ് ജില്ലയിലെ ബേക്കൽ എന്നീ പ്രദേശങ്ങളെകൂടി ഉത്തരവാദിത്വവിനോദ സഞ്ചാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തുടർന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

മൂന്നാറിൽ ബോട്ടോണിക്കൽ ഗാർഡൻ ഉണ്ടായിട്ടും മൂന്നാറിനെ ഈ പ്രോജക്ടിൽ ഉൾപ്പെടുത്താത്തതിനെ സംബന്ധിച്ച സമിതിയുടെ സംശയത്തിന് മൂന്നാറിനെ ഈ പ്രോജക്ടിൽ ഉൾപ്പെടുത്തണമെങ്കിൽ പാരിസ്ഥിതികമായി പല പ്രശ്നങ്ങളെയും തരണം ചെയ്യേണ്ടതുണ്ടെന്നും മൂന്നാർ പ്ലാന്റേഷൻ ഏരിയ ആയതിനാൽ സ്ഥലലഭ്യതയുടെ അഭാവംമൂലം പച്ചക്കറികൃഷി സാധ്യമല്ലെന്നും ബോട്ടോണിക്കൽ ഗാർഡൻ ഉത്തരവാദിത്വ വിനോദസഞ്ചാരത്തിൽ ഉൾപ്പെടുന്നില്ലെന്നും അത് ടൂറിസം വകുപ്പിന്റെ ഒരു പുതിയ പ്രോജക്ടായി എടുക്കാവുന്നതാണെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉത്തരവാദിത്വ വിനോദസഞ്ചാരത്തിലൂടെ പ്രദേശവാസികൾക്ക് നേട്ടമുണ്ടാക്കുന്നതിനോടൊപ്പംതന്നെ ആലോചിക്കേണ്ട പ്രധാനപ്പെട്ട വിഷയമാണ് വേസ്റ്റ് മാനേജ്മെന്റെന്നും ശരിയായ രീതിയിലുള്ള വേസ്റ്റ് മാനേജ്മെന്റില്ലാത്തതിനാൽ പല ടൂറിസ്റ്റ് കേന്ദ്രങ്ങളും വൻ തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണെന്നും അതുകൊണ്ട് ഈ പ്രോജക്ടിൽ വേസ്റ്റ് മാനേജ്മെന്റിനുള്ള പ്രൊപ്പോസൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നുമുള്ള സമിതിയുടെ അഭിപ്രായത്തിന് മറുപടിയായി പ്രസ്തുത പ്രോജക്ടിൽ അതിനുള്ള ഒരു പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസി' ന്റെ പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

കോവളത്തെ പരിസരവാസികൾക്ക് കുടിവെള്ള പദ്ധതിക്കുവേണ്ടി ടൂറിസം വകുപ്പ് 14 കോടി രൂപ നൽകുകയും വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി സ്ഥാപിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് തുടർന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

വീടുകളിൽ നിന്നുള്ള വേസ്റ്റിന്റെ പ്രശ്നംപോലെതന്നെ ടൂറിസ്റ്റുകളുടെ നിരുത്തരവാദിത്വം വലിയ ഒരു പ്രശ്നമായി നിലനിൽക്കുന്നുവെന്ന സമിതിയുടെ അഭിപ്രായത്തിന് കുമരകത്തെ പ്ലാസ്റ്റിക് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചു കഴിഞ്ഞുവെന്നും, ഗാർബേജ് ശേഖരിക്കുന്നതിൽ ജനങ്ങളുടെ ഇടപെടൽ ഉണ്ടാകുന്നുവെന്നും കിറ്റ്സ് സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു. കുമരകത്തെ പ്ലാസ്റ്റിക് ഫ്രീ സോണായി പ്രഖ്യാപിച്ചതിന്റെഫലമായി വൻ തോതിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ വൈക്കം മണ്ഡലത്തിൽപ്പെട്ട പുഴകളിലും, തോടുകളിലും നിക്ഷേപിക്കപ്പെടുകയാണെന്നും ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. കുമരകത്ത് ഇപ്പോൾ പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിനും മാലിന്യം നിർമ്മാർജ്ജനത്തിനുമായി രണ്ട് രീതിയിലുള്ള സംവിധാനമാണ് പ്രവർത്തിക്കുന്നതെന്നും അതിൽ ഒന്ന് ഹോട്ടലുകളിൽ നിന്നുള്ള പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് റീസൈക്ലിംഗിനായി ആലപ്പുഴയിൽകൊണ്ടുപോയി വിൽക്കുകയും, മറ്റൊന്ന് വേസ്റ്റ് ട്രീറ്റ് ചെയ്യാമെന്ന് ഹോട്ടലുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള വൻകിട കമ്പനികൾ അവർക്കാവശ്യമുള്ളവ എടുത്തശേഷം ബാക്കിയുള്ളവ പുഴകളിലും തോടുകളിലും ഉപേക്ഷിക്കുകയും ചെയ്യുന്നതാണ് ഇതിന് കാരണമെന്ന് കീറ്റ്സിന്റെ പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

കുമരകത്ത് കുടുംബശ്രീയുടെയോ മറ്റ് സംഘടനകളുടെയോ നേതൃത്വത്തിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ലേ എന്ന് സമിതി ആരാഞ്ഞതിന് തേക്കടിയിൽ ഇത്തരമൊരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും തേക്കടിയിലേതുപോലെ പ്ലാസ്റ്റിക് വേസ്റ്റ് വേർതിരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയാണെങ്കിൽ പ്രശ്നം ഒരു പരിധിവരെ ഒഴിവാക്കാനാകുമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

കുമരകത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ പ്ലാസ്റ്റിക് റീ സൈക്ലിംഗ് മെഷീനുകൾ വാങ്ങി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

രാവിലെ 11.45-ന് സമിതി യോഗം പിരിഞ്ഞു.

## 2013 നവംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും, പരിസ്ഥിതിയും, വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X, 2013 നവംബർ 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00-ന് നിയമസഭാ കോംപ്ലക്സിലെ VD കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
2. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. ബി. സത്യൻ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, ടൂറിസം ഡിപ്പാർട്ട്മെന്റ്
2. ശ്രീ. ഷാജു, എസ്. കെ., അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. ഷാഹുൽ ഹമീദ്, അഡീഷണൽ പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയ 14 ജില്ലകളിലെയും തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയ കുറിപ്പ് സമിതി പരിഗണിയ്ക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയുമുണ്ടായി.

തീർത്ഥാടന ടൂറിസം സർക്യൂട്ട് എന്ന വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അടിസ്ഥാനപരമായി കേരളത്തിന്റെ ചരിത്രവും സംസ്കാരവും പരിശോധിച്ചാൽ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഇടകലർന്നു വസിക്കുന്ന കേരളത്തിൽ വിവിധങ്ങളായ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിലും എല്ലാ വിഭാഗം ജനങ്ങളുടെയും സൗഹൃദപരമായ സഹകരണംമൂലം സമാധാനപരമായ ഒരു സമൂഹമായി നിലകൊള്ളാൻ സാധിക്കുന്നുവെന്നത് ലോകരാജ്യങ്ങൾക്കിടയിൽ കേരളത്തിന്റെ സ്ഥാനം മുന്നിലാക്കുന്നുവെന്നും പല രാജ്യങ്ങൾക്കും ഇതിന് സാധിക്കുന്നില്ലെന്നും വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വിവിധ മതവിഭാഗത്തിൽപ്പെട്ടവർക്കും സന്ദർശനം നടത്താൻ കഴിയുന്ന ആരാധനാലയങ്ങൾ കേരളത്തിലുണ്ടെന്നും അവ ഒരു ടൂർ പാക്കേജിൽ ഉൾപ്പെടുത്തി താൽപ്പര്യമുള്ള ഏത് മതവിഭാഗത്തിൽപ്പെട്ടവർക്കും മറ്റു ആരാധനാലയങ്ങൾ സന്ദർശിക്കുന്നതിനും, കൂടാതെ സംസ്ഥാനത്തിന് പുറമേ നിന്നുള്ളവർക്കുകൂടി സന്ദർശിക്കാവുന്ന ആരാധനാലയങ്ങളെ ഉൾപ്പെടുത്തി ഒരു സ്പിരിച്വൽ ടൂറായി നടത്തുന്നതിനുമായാണ് ബഹുമാനപ്പെട്ട സമിതി ചെയർമാന്റെ നിർദ്ദേശാനുസരണം പരീക്ഷണാടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ആരാധനാലയങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

വിവിധ മതസ്ഥരെയും മതവിശ്വാസങ്ങളെയും ഒരുമിപ്പിക്കുക എന്നതാണ് തീർത്ഥാടന ടൂറിസംകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. എറണാകുളത്ത് എല്ലാ മതവിഭാഗങ്ങൾക്കും സന്ദർശനം നടത്താവുന്ന പള്ളികളും ക്ഷേത്രങ്ങളും ഉണ്ടെന്നും അവയിൽ ജൂതന്മാരുടെ സിനഗോഗ്, ചേരമാൻപള്ളി എന്നിവ പ്രാധാന്യമുള്ളതാണെന്നും ഇത്തരത്തിലുള്ള ആരാധനാലയങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തിയാൽ സാമുദായിക കൂട്ടായ്മയും മതസൗഹാർദ്ദവും വളർത്തിയെടുക്കാൻ സാധിക്കുമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. എറണാകുളം പോലുള്ള സ്ഥലങ്ങളിൽ വരുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. സംഘർഷം നിലനിൽക്കുന്ന കേരളത്തിലെ ആരാധനാലയങ്ങളെ തെരഞ്ഞെടുത്ത് അവിടേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലൂടെ മതസൗഹാർദ്ദത്തിന്റെ സന്ദേശം നൽകുവാനും, നമ്മുടെ സംസ്ഥാനത്തിന് വെളിയിലേക്കും ഈ സന്ദേശം എത്തിക്കുവാനും സാധിക്കുമെന്നും അതിലൂടെ സംഘർഷാവസ്ഥയ്ക്ക് അയവു വരുത്തുന്നതിന് സാധിക്കുമെന്നും ഇതാണ് തീർത്ഥാടന ടൂറിസം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

കേരളത്തിലെ ഏറ്റവും വലിയ സിനഗോഗ് ഉള്ളത് എറണാകുളത്തെ ബ്രോഡ്‌വെയിലാണെന്നും ഇത് തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമാക്കണ മെന്നും സമിതി നിർദ്ദേശിച്ചു.

തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് വാഹനം വാങ്ങുന്നതിന് ഫണ്ട് പാസായതായും, ഇതിലും ഏറ്റവും പ്രാധാന്യം വിവിധ മതസ്ഥരുടേതായ വിശ്വാസത്തിന്റെ കൂട്ടായ്മയാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

കണ്ണൂർ ജില്ലയിലെ 150-ഓളം വർഷം പഴക്കമുള്ള ബർമ്മശ്ശേരി പള്ളിയും, സെന്റ് ജൂഡ് ദേവാലയവും വയനാട് ജില്ലയിലെ വള്ളിക്കുന്നിലെ പള്ളിയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ക്ഷേത്രങ്ങളിലും വിനോദ സഞ്ചാരികൾക്ക് പ്രവേശിക്കുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന്, ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ക്ഷേത്രങ്ങളിലും സന്ദർശനം നടത്തുവാൻ സാധിക്കുകയില്ലെന്നും എറണാകുളത്തെ അമ്പലങ്ങളും ക്ഷേത്രങ്ങളുമാണ് പ്രധാനമായി തെരഞ്ഞെടുത്തിരിക്കുന്നതെന്നും പ്രാരംഭ ദിശയിലുള്ള ഈ ലിസ്റ്റ് അധികൃതരുമായി ചർച്ച ചെയ്ത് അവരുടെ സമ്മതത്തോടുകൂടി മാത്രമേ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയുള്ളുവെന്നു ചെയർമാൻ സമിതിയെ അറിയിച്ചു.

എ.ഡി 600-ൽ സ്ഥാപിക്കപ്പെട്ട സെന്റ് മേരീസ് ഫൊറാന ചർച്ച്, എ.ഡി. 1600-ൽ ചാലക്കുടിയിൽ നിർമ്മിക്കപ്പെട്ട സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ചർച്ച് എന്നിവ എല്ലാ മതസ്ഥർക്കും പ്രവേശനമുള്ളതാണെന്നും ആയതിനാൽ ഈ രണ്ട് ആരാധനാലയങ്ങളെകൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

തൊടുപുഴയ്ക്കടുത്തുള്ള മുതലക്കുളത്ത് സെന്റ് ഫ്രാൻസിസ് ദേവാലയത്തിന് മതേതരത്വ സ്വഭാവം ഉണ്ടാകുന്നതിന് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സൗകര്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കോട്ടയം ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ കടുത്തുരുത്തി തളിയൽ മഹാദേവക്ഷേത്രം, ആദിത്യപുരം സൂര്യദേവ ക്ഷേത്രം, കടുത്തുരുത്തി താഴത്ത് പള്ളി, കുറുപ്പുന്തുറ മള്ളിയൂർ ക്ഷേത്രം, വൈക്കം വെച്ചൂർ മൂത്തിയമ്മ ചർച്ച് എന്നിവയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഒരു ടൂറിസ്റ്റിന് ഒരു ദിവസം എത്ര ആരാധനാലയങ്ങൾ സന്ദർശിക്കാൻ സാധിക്കും എന്ന് പരിശോധിച്ച് ആ വിധത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്താമെന്ന് ടൂറിസം സെക്രട്ടറി തുടർന്ന് സമിതിയെ അറിയിച്ചു. ഇങ്ങനെ ഒരു ലിസ്റ്റ് ഉണ്ടാക്കുമ്പോൾ വിനോദസഞ്ചാരികൾക്ക് വിരസത ഉണ്ടാകാത്തതരത്തിൽ സ്ഥലങ്ങളും ആരാധനാലയങ്ങളും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ആതിരപ്പള്ളി, കാലടി, മലയാറ്റൂർ എന്നിവയെക്കുറിച്ച് പ്രതിപാദിച്ചിരുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അത് സംബന്ധിച്ച അവസ്ഥ പരിശോധിക്കാമെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

കാസർഗോഡ് നിരവധി ആരാധനാലയങ്ങൾ ഉള്ള സ്ഥലമാണെന്നും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അനന്തപുരം ലേക്ക് ക്ഷേത്രം, മധുര ക്ഷേത്രം, മാലിക് ദിനാർ മോസ്ക്, മഹാലിംഗേശ്വര ക്ഷേത്രം എന്നിവയോടൊപ്പം വ്യാകുലമാതാവ് ചർച്ച്, എറണാകുളത്തെ വല്ലാർപാടം തീർത്ഥാടനകേന്ദ്രം, മലപ്പുറത്തെ ക്രിസ്ത്യൻ പള്ളി, എരുമേലിയിലെ വാവരു പള്ളി എന്നിവകൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 1.00 മണിക്ക് യോഗം പിരിഞ്ഞു.

## 2014 ഫെബ്രുവരി 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി-X 2014, ഫെബ്രുവരി 20, വ്യാഴാഴ്ച രാവിലെ 10.30-ന് നിയമസഭ സമുച്ചയത്തിലെ V A സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ എക്സ്-ഒഫിഷ്യോ അംഗം, ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ പങ്കെടുക്കുകയും താഴെപറയുന്ന അംഗങ്ങൾ ഹാജരാകുകയും ചെയ്തു:

1. ശ്രീ. റ്റി. യു. കുരുവിള
2. ശ്രീ. രാജു എബ്രഹാം
3. ശ്രീ. ബി. സത്യൻ
4. ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
2. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

3. ശ്രീ. ആർ. രാജ രാജ വർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്

4. ഡോ. ബി. എസ്. കോറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി), ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

5. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് പി.എഫ്. എം.), ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

6. ശ്രീ. സി. എസ്. യാലക്കി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്), ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. ജി. ജെ. ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡബ്ല്യൂ.പി. ആന്റ് ആർ.), ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്

8. ശ്രീ. ഒ. പി. കാലർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

9. ശ്രീ. അമർനാഥ് ഷെട്ടി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

10. ശ്രീ. എൻ. കെ. വർഷ്നി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി) ഫോറസ്റ്റ് ഡിപ്പോർട്ടുമെന്റ്

11. ശ്രീ. വി. ഭൂഷൻ, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

12. ശ്രീ. ബി. കെ. രാജേഷ്കുമാർ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXIV-നെ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുംപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

വന്യമൃഗങ്ങളുടെ ഉപദ്രവംമൂലം എറണാകുളം ജില്ലയിലെ മലയാറ്റൂർ വനമേഖലയിലും ഇടുക്കി ജില്ലയിലെ വനപ്രദേശത്തോട് അടുത്ത് ജീവിക്കുന്ന ജനങ്ങളുൾപ്പെടെയുള്ളവർ വളരെയധികം ദുരിതമനുഭവിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിന്മേൽ കഴിഞ്ഞ ബഡ്ജറ്റിൽ 10 കോടി രൂപ അനുവദിച്ചതിൽ 4 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും പരിഹാര നടപടിയായ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിന് ഫണ്ടില്ല എന്ന വിവരമാണ് ബന്ധപ്പെട്ട വകുപ്പിൽനിന്ന് ലഭിക്കുന്നതെന്നും സമിതി അറിയിച്ചു. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുവേണ്ടി അനുവദിച്ചിട്ടുള്ള 10 കോടി രൂപ അപര്യാപ്തമാണെന്ന ജനപ്രതിനിധികളുടെ പരാതിയിന്മേൽ പ്രസ്തുത തുക 50 കോടി രൂപയായി ഉയർത്തുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതായും സമിതി ചൂണ്ടിക്കാട്ടി.

വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്ന നടപടികളുടെ ഭാഗമായി വയനാട് ജില്ലയ്ക്കും മറ്റു ജില്ലകൾക്കുമായി മതിൽ കെട്ടുന്നതിന് 10 കോടി രൂപ വകയിരുത്തുന്നുവെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രത്യേകമായി പറഞ്ഞിരുന്നുവെന്നും എന്നാൽ, ഈ തുക വയനാട് ജില്ലയ്ക്കുവേണ്ടിയാണ് ഉപയോഗിച്ചതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും സമിതി അറിയിച്ചു. വനം വകുപ്പ് മുഖ്യമന്ത്രി കൈകാര്യം ചെയ്തിരുന്ന സമയത്ത് കണ്ണൂർ ജില്ലയിൽ ഇലക്ട്രിക് ഫെൻസിംഗിനുള്ള ഫണ്ട് ഇല്ലാതിരുന്നതിനാൽ ക്യാബിനറ്റിന്റെ പ്രത്യേക അനുമതി വാങ്ങിയാണ് ഫണ്ട് അനുവദിച്ചതെന്നും ഈ വർഷം അനുവദിച്ച 10 കോടി രൂപ അപര്യാപ്തമാണെന്നും 100 കോടി രൂപ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ 50 കോടി അനുവദിച്ചുകൊണ്ടുള്ള ധനകാര്യ മന്ത്രിയുടെ പ്രസ്ഥാവനയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി സംബന്ധിച്ച് അന്വേഷിച്ചു അറിയിക്കണമെന്ന സമിതിയുടെ ആവശ്യത്തിന്മേൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. വനമേഖലയുള്ള എല്ലാ പ്രദേശങ്ങളിലെയും ജനങ്ങൾ വന്യമൃഗങ്ങളിൽനിന്നുള്ള ശല്യം അനുഭവിക്കുന്നുണ്ടെന്നും ആക്രമണങ്ങളുടെ ത്രീവ്രത അനുസരിച്ച് ഫണ്ട് വിനിയോഗിക്കണമെന്ന് എല്ലാ ഡിവിഷനുകൾക്കും നിർദ്ദേശം കൊടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കഴിഞ്ഞ വർഷത്തെ അലോട്ട്മെന്റിൽ തുക ചെലവഴിക്കാത്തതിനെ സംബന്ധിച്ചും, പുത്തൂർ സുവോളജിക്കൽ പാർക്കിന് 500 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഇത് ചെലവഴിക്കാത്തതിനുള്ള കാരണമെന്താണെന്നും സമിതി ആരാഞ്ഞു, പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ടെന്നും, ഇതിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും ഇതിന് 10 കോടി രൂപയാകുമെന്നും വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും, 45 കോടി രൂപ അധികം ആവശ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കിയ വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി അടുത്തവർഷം 50 കോടി രൂപയും ചെലവ് ചെയ്യാൻ സാധിക്കുമെന്നും ഇവിടെ 25 കോടി രൂപ കാണിച്ചിട്ടുണ്ടെങ്കിലും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ 10 കോടി രൂപയായി കുറച്ചിട്ടുണ്ടെന്നും അറിയിച്ചു.

സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ഇപ്രകാരം തുക കുറയ്ക്കുന്നതിനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് സമയം വേണ്ടിവരുന്ന ഒരു നീണ്ട നടപടിക്രമമാണെന്നും ഡിസൈൻ കഴിഞ്ഞാലെ വർക്ക് ടെണ്ടർ വിളിക്കാൻ സാധിക്കുകയുള്ളുവെന്നും ഡിസൈൻ വർക്ക് തുടങ്ങാൻ പോകുകയാണെന്നും മൃഗാശുപത്രി, ക്വാർട്ടേഴ്സ്, സ്റ്റോർ റൂം എന്നിവയുടെയൊക്കെ നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വയനാട് വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയുടെ സംയോജിത വികസന പദ്ധതി വനംവകുപ്പ് നേരിട്ട് ചെയ്യേണ്ടതായ ഒന്നാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളതെന്ന് ഈയവസരത്തിൽ സമിതി സംശയം പ്രകടിപ്പിക്കുകയും, മൃഗങ്ങൾ കാട്ടിനുള്ളിൽനിന്നും പുറത്തു കടക്കുന്നതിന് ജലദൗർലഭ്യമാണ് കാരണ മെന്നും ഇത് തടയുന്നതിന് ഈ പദ്ധതികൾ നടപ്പിലാക്കണമെന്നുള്ള സമിതിയുടെ അഭിപ്രായത്തിന് വയനാട് വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയുടെ സംയോജിത വികസനം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നു വെന്നും ഇതിനോടനുബന്ധമായി ഒരു കോളനിയിലെ ആളുകൾ ഹൈക്കോടതിയിൽ കൊടുത്ത കേസ് നിലവിലുള്ളതിനാൽ ഹൈക്കോടതിയുടെ അനുവാദത്തോടെ മാത്രമേ കാര്യങ്ങൾ നടപ്പാക്കാൻ കഴിയുകയുള്ളൂവെന്നും വനംവകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഡബ്ല്യൂ. പി. ആന്റ് ആർ.) സമിതിയെ അറിയിച്ചു.

വയനാട്ടിൽ 14 സെറ്റിൽമെന്റുകളിലായി 800 കുടുംബങ്ങളാണ് ഉള്ളതെന്നും ഇതിനായി 80 കോടി രൂപയുടെ പ്രൊപ്പോസലുണ്ടായിട്ടും ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഫണ്ടിൽ ഇതുവരെ 13.34 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് പി.എഫ്. എം.) തുടർന്ന് സമിതിയെ അറിയിച്ചു.

തട്ടേക്കാട് പക്ഷി സംരക്ഷണ കേന്ദ്രത്തിന്റെ അവസ്ഥ വളരെ ശോചനീയ മാണെന്നും ലഭിച്ച കേന്ദ്ര വിഹിതം അവിടെ ചെലവഴിച്ചിട്ടില്ലെന്നും അവിടെ ഇപ്പോൾ സന്ദർശകരെ അനുവദിക്കുന്നില്ല എന്നും അവിടെയുള്ള മൃഗങ്ങളെ സ്വതന്ത്രമായി വിട്ടിരിക്കുന്നതുമൂലം ചുറ്റുപാടുമുള്ള കൃഷിയെല്ലാം നശിപ്പിക്കുകയാണെന്നും അതിനാൽ ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പക്ഷി സംരക്ഷണകേന്ദ്രത്തിനായി അനുവദിച്ചിരിക്കുന്ന തുകയൊന്നും ചെലവഴിക്കുന്നില്ലായെന്നും ഈ സാഹചര്യത്തിലും ആവശ്യത്തിന് ഫണ്ടില്ല എന്ന പരാതിയാണ് വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. തട്ടേക്കാട് പക്ഷിസംരക്ഷണകേന്ദ്രത്തിന് മുൻവർഷം അനുവദിച്ച തുകയിൽ 11 മാസം കൊണ്ട് അൻപത് ശതമാനം തുകമാത്രമാണ് ചെലവാക്കിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. ജനുവരി മാസം വരെയുള്ള ചെലവിനങ്ങളാണ് ഇതെന്നും തുടർന്നുള്ള ചെലവുകൾ സംബന്ധിച്ച വിശദാംശം വരാനിരിക്കുന്നതേ ഉള്ളൂ എന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് പി. എഫ്. എം.) സമിതിയെ അറിയിച്ചു.

11 മാസംകൊണ്ട് 50 ശതമാനം ചെലവും പിന്നെയുള്ള ഒരു മാസംകൊണ്ട് ഫണ്ടിന്റെ ബാക്കിയുള്ള 50 ശതമാനത്തിനുള്ള ചെലവ് ചെയ്യാൻ കഴിയുമെന്ന് പറയുന്നതിൽ സാമൂഹ്യ പ്രതിബദ്ധത (സോഷ്യൽ അക്കൗണ്ടബിലിറ്റി)യുടെ പ്രശ്നമുണ്ടെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. അനുവദിക്കുന്ന തുകയുടെ ചെലവ് പതിനൊന്നുമാസക്കാലം 50%വും ബാക്കി 50% അവസാനത്തെ ഒരു മാസം എന്ന

രീതി മാറ്റി 30 ശതമാനം ആദ്യ മൂന്നുമാസങ്ങളിൽ വിനിയോഗിക്കുന്ന രീതിയിൽ കൃത്യതയോടെ പ്ലാൻ ചെയ്യണമെന്നും, അനുവദിക്കുന്ന തുക ലാപ്സായി പോകുന്ന സ്ഥിതി ഉണ്ടാകരുതെന്നും അതിനായി പി.സി.സി.എഫ്. ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. അത്തരത്തിൽ പ്ലാൻ രൂപീകരിക്കാമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ തടയുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വനമേഖലകളിലെ എം.എൽ.എ.മാരെ ഉൾപ്പെടുത്തി രൂപീകരിച്ചിരുന്ന കമ്മിറ്റി ഇപ്പോൾ യോഗം ചേരുന്നില്ലായെന്ന് സമിതിയുടെ അഭിപ്രായത്തിന്മേൽ കമ്മിറ്റിയുടെ യോഗം താമസിക്കാതെ വിളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് വനംവകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ മറുപടി നൽകി.

വന്യമൃഗസങ്കേതങ്ങളുടെ കരുതൽ സ്ഥലം (ബഫർ സോൺ) സംബന്ധിച്ചുള്ള വിഷയത്തിന്മേൽ കൊട്ടിയൂരും ആറളവും സംബന്ധിച്ച് വന്യമൃഗ സങ്കേതങ്ങളുടെ വിസ്തൃതി കണക്കിലെടുത്തുകൊണ്ടാകണം അതിന്റെ സംരക്ഷിത പ്രദേശം നിശ്ചയിക്കേണ്ടതെന്നും സമിതി നിർദ്ദേശിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് കൊട്ടിയൂരും ആറളവും ഒരു യൂണിറ്റായി കണക്കാക്കണമെന്ന് പറഞ്ഞാണ് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കത്ത് നൽകിയിട്ടുള്ളതെന്നും ഇതിനോട് ബന്ധപ്പെട്ടുകിടക്കുന്ന കോളയാടും പേരിയ റിസർവ്വ് ഫോറസ്റ്റും ഉൾപ്പെടെയുള്ള പ്രദേശങ്ങളെ ഒരു യൂണിറ്റായി കണക്കാക്കുമ്പോൾ കൂടുതൽ സ്ഥലം പ്രൊട്ടക്റ്റഡ് ഏരിയയായി മാറുമെന്നും, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളുണ്ടായിരിക്കുന്ന പ്രദേശമായതിനാൽ സ്ഥിതി കൂടുതൽ ഗുരുതരമാകും എന്നു സമിതി വിലയിരുത്തി. ഇതു സംബന്ധിച്ച് സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ജനങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഇക്കോ സെൻസിറ്റീവ് സോൺ വേണ്ടന്നാണ് ക്യാബിനറ്റ് തീരുമാനിച്ചിട്ടുള്ളതെന്നും ഈ തീരുമാനപ്രകാരമാണ് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുള്ളതെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡബ്ല്യു.പി.ആന്റ് ആർ.) വ്യക്തമാക്കി. വന്യജീവി സങ്കേതത്തിനും ഇത് ബാധകമാണോ എന്ന് സമിതി ആരാഞ്ഞതിന് വന്യജീവി സങ്കേതത്തിന് മാത്രമാണ് ഇക്കോ സെൻസിറ്റീവ് സോൺ എന്നും, മേൽവിഷയം സംബന്ധിച്ച കത്തിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും നൽകുമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

മൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും അനുവദിക്കുന്ന തുകയിൽ കുറച്ച് ഉപയോഗിച്ച് മൃഗങ്ങൾ പ്രധാനമായും കാട്ടിനകത്തുതന്നെ നിൽക്കുന്നതിനാവശ്യമായ സൗകര്യമുണ്ടാക്കുക, ചെക്ക് ഡാം കെട്ടി വേനൽക്കാലത്ത് മൃഗങ്ങൾക്ക് കുടിക്കാനുള്ള വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, മൃഗങ്ങൾക്ക് ആവശ്യത്തിന് പഴവർഗ്ഗങ്ങൾ കിട്ടുന്നതിന് വിവിധ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക എന്നിവ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ കഴിഞ്ഞ കാലയോഗങ്ങളിൽ ഇത് തീരുമാനിച്ചിട്ടും എന്തുകൊണ്ടാണ് ഇത് അജണ്ടയിൽ വരാത്തത് എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇതുവരെ 145 ചെക്ക് ഡാമുകൾ ആയിട്ടുണ്ടെന്നും ഫലവൃക്ഷത്തൈകൾ നടുന്നതിനുള്ള നടപടി നടപ്പിലായിട്ടില്ലെന്നും ഇതിന്റെ ഭാഗമായി ഹെലികോപ്റ്ററിൽ ചക്കക്കുരു വിതറുന്നതിന് ശ്രമിച്ചിരുന്നുവെങ്കിലും അത് വിജയിച്ചില്ലെന്നും ചെക്ക് ഡാമുകൾ കെട്ടിയിട്ട് നനവ് വന്ന സ്ഥലങ്ങളിൽ വേണം ചക്കക്കുരു ഇടാനെന്നും ഈ വരുന്ന മഴക്കാലത്ത് ഇത് ഇടാമെന്നും എന്നാൽ, അത് കിളിർത്തുവരുന്ന ഘട്ടത്തിൽതന്നെ മൃഗങ്ങൾ തിന്ന് നശിപ്പിക്കുകയാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡബ്യൂ.പി. ആന്റ് ആർ.) സമിതിയെ അറിയിച്ചു.

വനംകയ്യേറ്റം സംബന്ധിച്ച എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, എത്ര കേസ്സുകളിലെ പ്രതികളെ പിടികൂടാനുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. കഴിഞ്ഞ കുറച്ച് വർഷങ്ങളായിട്ട് വനംകൈയ്യേറ്റവും ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിന്മേലുള്ള കേസുകൾ കുറഞ്ഞിട്ടുണ്ടെന്നും മുൻകാലങ്ങളിൽ റോഡുള്ള പ്രദേശങ്ങളിൽ വനം കൈയ്യേറ്റം ഉണ്ടായിരുന്നുവെന്നും, കയ്യേറ്റം നടത്തുന്നവർ ആദ്യം നെല്ലും പിന്നീട് കരിമ്പ്, റബ്ബർ എന്നിവയും കൃഷിചെയ്യുന്നതായും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡബ്യൂ.പി ആന്റ് ആർ.) സമിതിയെ അറിയിച്ചു.

മുൻകാലങ്ങളിൽ അട്ടപ്പാടി പോലെയുള്ള സ്ഥലങ്ങളിൽ സീസണൽ വിളകളാണ് ചെയ്തിരുന്നതെന്നും, ഇപ്പോൾ കൂടുതലും വാഴകൃഷിയാണ് ചെയ്യുന്ന തെന്നും കാട്ടാനകൾ വാഴകൃഷി നശിപ്പിക്കാറുണ്ടെന്നും ആനകൾ വർഷങ്ങളായി കടന്നുപോകുന്ന വഴികളുടെ ഇരുവശങ്ങളിലുമാണ് കൃഷിസ്ഥലങ്ങളെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി) തുടർന്ന് സമിതിയെ അറിയിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുവേണ്ടി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് പറയുന്നത് ബഡ്ജറ്റ് ഡോക്യുമെന്റിൽ വന്നിട്ടില്ലായെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് പ്രസ്തുത വിഷയം ബഡ്ജറ്റ് ഡോക്യുമെന്റിൽ വരുത്തണമെന്ന സമിതി ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാ മെന്നും വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യോഗത്തിൽ, തുടർന്ന് 2014-15 സാമ്പത്തിക വർഷത്തിലെ XXXIV-ാം നമ്പർ ധനാഭ്യർത്ഥന പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിഷയങ്ങളിന്മേൽ ആവശ്യപ്പെട്ടിരിക്കുന്ന അധിക തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പ്ലാൻ ഫണ്ട്

2406-01-101-81—വനസംരക്ഷണം

2406-01-005-98—വനാതിർത്തികളുടെ സർവ്വേ

സംസ്ഥാനത്ത് ആകെയുള്ള വനമേഖല നിർണ്ണയിച്ച് വനത്തിന്റെ അതിരുകൾ വേർതിരിച്ച് വനസംരക്ഷണപ്രവർത്തനങ്ങൾ നടത്തേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. വനം സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിനായി ആധുനിക സർവ്വേ ഉപകരണങ്ങൾ വാങ്ങുക, ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, വനാതിർത്തിയിൽ ജൈവവേലികൾ നിർമ്മിക്കുക എന്നിവയ്ക്കായും ഫയർ ലൈനുകൾ നിർമ്മിക്കുക, വനസംരക്ഷണ സമിതികളുടെ സഹായത്തോടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, ശോഷിച്ചുകൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥ സംരക്ഷിക്കുക, കേരള വനനിയമം സെക്ഷൻ 4(1) അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുക, കഞ്ചാവ് കൃഷി തടയുക, വനസംരക്ഷണ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുക, രഹസ്യവിവരങ്ങൾ ശേഖരിക്കുക, നിയമസഹായം നൽകുക, ദ്രുതകർമ്മ സേനയ്ക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക, ചന്ദനവനം സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആവശ്യമായിവരുന്നു. ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-101-94—നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം

മുൻ വർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുക, നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുക, വച്ചുപിടിപ്പിച്ച തൈകളെ സംരക്ഷിക്കുക, കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുക തുടങ്ങിയ വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായും കൂടാതെ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനമര പ്രദേശം, കണ്ടൽക്കാടുകൾ, മറ്റു പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

4406-01-105-87—തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ

4406-01-105-87-01—വന്മരതോട്ടങ്ങൾ

4406-01-105-85—വ്യാവസായിക അസംസ്കൃതവസ്തുക്കളായുള്ള തോട്ടങ്ങൾ

നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളുടെ സമ്പ്രദായങ്ങൾ പ്രോൽസാഹിപ്പിക്കുകവഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനപരിസ്ഥിതി

വ്യവസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുക, ഉപയോഗമുള്ളതും കട്ടികുറഞ്ഞതുമായ തടിയിനങ്ങൾ കൃഷി ചെയ്യുക, തോട്ടങ്ങളുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

4406-01-070-97—കെട്ടിടങ്ങൾ

ഫോറസ്റ്റ് ഓഫീസുകൾക്ക് ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഉൾവനങ്ങളിലെ ഫോറസ്റ്റ് സ്റ്റേഷനുകളിൽ ഡോർമെറ്ററി/ക്വാർട്ടേഴ്സ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-02-110-68—ജൈവവൈവിധ്യ സംരക്ഷണം

ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര പ്രോട്ടോക്കോൾ നടപ്പാക്കൽ, ജൈവവൈവിധ്യത്തിന്റെ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാബുക്കുകൾ രൂപപ്പെടുത്തൽ, സംരക്ഷിത മേഖലയിൽ കഞ്ചാവ് കൃഷി തടയൽ, ബോധവൽക്കരണം, ആനകളുടെ ആക്രമണങ്ങളിൽനിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായുള്ള ട്രഞ്ചുകളുടെ നിർമ്മാണം, എന്നിവയ്ക്കായി സൗരോർജ്ജ വേലികൾ കെട്ടുക, ദേശാടനപക്ഷികൾക്കുവേണ്ടി പ്രാദേശിക അടിസ്ഥാനത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുക, കാവുകളുടേയും കണ്ടൽക്കാടുകളുടേയും സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-800-55—സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും

വീട്ടുവളപ്പിലും മറ്റ് പ്രദേശങ്ങളിലും വ്യാപകമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി ജനങ്ങളുടേയും സ്കൂൾ വിദ്യാർത്ഥികളുടേയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിനും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതായ എന്റെ മരം, നമ്മുടെ മരം, വഴിയോര തണൽ, ഹരിത തീരം തുടങ്ങിയ പദ്ധതികൾക്കും സ്കൂൾ, കോളേജു ക്യാമ്പസുകൾ, പൊതുസ്ഥലങ്ങൾ, റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദികൾ, അരുവികൾ, കനാലുകൾ എന്നിവയുടെ കരകൾ തുടങ്ങിയ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന പരിപാടികൾക്കും വനസംരക്ഷണ പരിശ്രമത്തിനും മരങ്ങൾ നട്ടു വളർത്തുന്നവർക്കുമുള്ള പ്രോത്സാഹനം, ആവാസ സ്ഥലങ്ങളിലെ കണ്ടൽക്കാടുകൾ ഏറ്റെടുക്കൽ, അതിനുപുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണ പരിപാടികൾ, സാമൂഹിക വനവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 420 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-800-56—മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

വനാതിർത്തിയിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും വിളകൾക്കും, കന്നുകാലികൾക്കും വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും അവരുടെ കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനക്കിടങ്ങുകൾ, കൽ ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനും വനത്തിനുള്ളിലുള്ള സെറ്റിൽമെന്റുകളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനും ആവാസ സ്ഥലങ്ങളിലെ ജലസ്രോതസ്സുകളെ സംരക്ഷിച്ച് പരിപാലിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണകേന്ദ്രം

തൃശ്ശൂർ മൃഗശാലയിലെ നിലവിലുള്ള പക്ഷികളെയും മൃഗങ്ങളേയും ആവശ്യമായ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനും കൂടാതെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷിമൃഗാദികളെ പ്രത്യേകമായി വളർത്തി പരിപാലിക്കുന്നതിനും ലക്ഷ്യമിട്ട് വനംവകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-070-98—കെട്ടിടങ്ങൾ—17—ചെറുകിട മരാമത്ത് പണികൾ

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, ഹെഡ്ക്വോർട്ടേഴ്സ് കെട്ടിടം, ഫീൽഡിലുള്ള കെട്ടിടങ്ങൾ, മറ്റ് സ്റ്റാഫ് ക്വോർട്ടേഴ്സുകൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-070-98—കെട്ടിടങ്ങൾ—18—അറ്റകുറ്റ പണികൾ

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടം, ഫീൽഡിലുള്ള കെട്ടിടങ്ങൾ, മറ്റ് സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-105-94—കന്നുകാലികൾ

വനം വകുപ്പ് വക ആന, മാൻ എന്നിവയുടെ പരിചരണ സംരക്ഷണത്തിനും മൃഗശാലയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കുമായും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസം

വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം 27.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു:

| *ക്രമ നമ്പർ* | | *ശീർഷകം* | *അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ)* |
|---|---|---|---|
| 1 | 2406-01-001-99 | ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് 01(4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 6.25 |
| 2 | 2406-01-001-98 | ഓഫീസ് ഓഫ് ദി കൺസർവേറ്റേഴ്സ് 01(4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 3.00 |
| 3 | 2406-01-001-97 | വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച് സർക്കിൾ 01 (4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 2.00 |
| 4 | 2406-01-001-96 | വിജിലൻസ് ആന്റ് ഇവാല്യുവേഷൻ 01(4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 4.00 |
| 5 | 2406-01-001-95 | ഡിസ്ട്രിക്ട് ഓഫീസസ് 01(4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 12.00 |
| | | ആകെ | 27.25 |

വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത, വൈദ്യുതി ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം യാത്രാബത്ത ഇനത്തിൽ 30 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു:

| *ക്രമ നമ്പർ* | *ശീർഷകം* | | *അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ)* |
|---|---|---|---|
| 1 | 2406-01-001-99 | ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് 01(4) യാത്രാബത്ത | 9.00 |
| 2 | 2406-01-001-96 | വിജിലൻസ് ആന്റ് ഇവാല്യുഷൻ 01(4) യാത്രാബത്ത | 6.00 |
| 3 | 2406-01-001-95 | ഡിസ്ട്രിക്ട് ഓഫീസസ് 01(4) യാത്രാബത്ത | 15.00 |
| | | ആകെ | 30.00 |

| *ശീർഷകം* | | *അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 2406-01-001-99 | ആഫീസ് ദി ചീഫ് കൺസർവേറ്റർഓഫ് ഫോറസ്റ്റ്സ് 05(2) വൈദ്യുതി ചെലവ് | 50.00 |

സമിതി യോഗം രാവിലെ 11.15-ന് പിരിഞ്ഞു.

## 2014 ഫെബ്രുവരി 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി-X 2014 ഫെബ്രുവരി 25, ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭ സമുച്ചയത്തിലെ V A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായി:

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. ബി. സത്യൻ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. പി. കെ. ഷാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
4. ശ്രീ. ജി. രാജീവ്, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
5. ശ്രീ. പി. ശ്രീകണ്ഠൻ നായർ, ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവകുപ്പ്
6. ശ്രീ. എസ്. ഹരി കിഷോർ, ഡയറക്ടർ, ടൂറിസം വകുപ്പ്
7. ശ്രീ. ടി. പി. നാരായണൻകുട്ടി, ഡയറക്ടർ, എക്കോ ടൂറിസം
8. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്
9. ശ്രീ. എസ്. അനിൽകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ്
10. ശ്രീമതി കല, എസ്. വി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ഡോ. കെ. പി. ലാലാദാസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
12. ശ്രീമതി പി. മോളിക്കുട്ടി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

13. ശ്രീ. എം. രഘുദാസൻ, അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

14. ശ്രീ. എം. എസ്. വേണുഗോപാൽ, ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

15. ശ്രീമതി ആഷാ ജോസ്, സി.ഇ.ഒ., കേരള അഡ്വഞ്ചർ ടൂറിസം

16. ശ്രീ. എ. ശിവദാസൻ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.ടി.ഡി.സി.

17. ശ്രീ. ബി. ആർ. സരൂപ് റോയ്, അസിസ്റ്റന്റ് പ്രൊഫസർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്.

18. ശ്രീ. ജി. എൻ. രാജീവ്, ഇൻസ്പെക്ടിംഗ് ഓഫീസർ, ടൂറിസം ഡിപ്പാർട്ടുമെന്റ്

സമിതി 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട XVII, XX, XLII എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII

പ്ലാൻ സ്കീമിൽ കഴിഞ്ഞ വർഷത്തേക്കാൾ 32 ശതമാനം വർദ്ധനവ് ഈ വർഷം വരുത്തിയിട്ടുള്ളതായും പരിസ്ഥിതി വകുപ്പ് ആരംഭിച്ചതിനുശേഷം ആദ്യമായിട്ടാണ് ഇത്രയും കൂടുതൽ ബഡ്ജറ്റ് അലോക്കേഷനുണ്ടാകുന്നതെന്നും, സെൻട്രലി സ്പോൺസേർഡ് സ്കീമായ അർബൻ ഇംപ്രൂവ്മെന്റ് സ്കീം പ്ലാനിംഗ് കമ്മീഷന്റെ അനുമതിയോടുകൂടി മാത്രമേ നടത്താൻ കഴിയുകയുള്ളൂവെന്നും ഇത് തിരുവനന്തപുരം കോർപ്പറേഷൻ, ഫിഷറീസ്, കൃഷി തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് തിരുവനന്തപുരത്ത് ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്ന തെന്നും ഇതിന്റെ ആദ്യ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി 8 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുള്ളതായും കൂടാതെ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന മറ്റ് ഒൻപത് പദ്ധതികൾക്കുംകൂടി അധിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആമുഖമായി പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ദൈനംദിന ആവശ്യങ്ങൾക്കുള്ള ഫണ്ടു കൂടാതെ പരിസ്ഥിതി ഗവേഷണ പദ്ധതികൾക്ക് ഫെലോഷിപ്പ് കൊടുക്കുന്നതിനും കോട്ടയത്ത് റീജയണൽ ഓഫീസുകൾ സ്ഥാപിക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികൾക്കായി പരിസ്ഥിതി പോഷണി പദ്ധതി തുടങ്ങുന്നതിനും കൂടാതെ, വകുപ്പിൽ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും പ്ലാൻ ഫണ്ടിൽനിന്ന് തുക അനുവദിക്കണ മെന്ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

പരിസ്ഥിതി വകുപ്പിന് കീഴിലുള്ള ബയോഡൈവേഴ്സിറ്റി ബോർഡിലും പൊല്യൂഷൻ കൺട്രോൾ ബോർഡിലും പ്രോജക്ടുകൾ നടപ്പാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാൻ സാധിക്കുമെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റായതുകൊണ്ട് പരിസ്ഥിതി വകുപ്പിൽ അതിന് കഴിയുന്നില്ലായെന്നും പരിമിതമായ ജീവനക്കാരെ കൊണ്ടാണ് ജോലികൾ ചെയ്യുന്നതെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഓരോ പ്രോജക്ടിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്ന സംവിധാനം നിലവിൽവന്നാൽ അത് പ്രയോജനകരമായിരിക്കുമെന്നും രണ്ട് പ്രോജക്ടുകൾക്ക് ജീവനക്കാരെ നിയമിക്കുന്നതിന് പ്ലാനിംഗ് ബോർഡിന്റെ അനുമതി കിട്ടിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

2005-ൽ പരിസ്ഥിതി വകുപ്പ് രൂപീകരിച്ചപ്പോഴുള്ള 9 ഹെഡ് ഓഫ് അക്കൗണ്ടുകൾ മാത്രമാണ് ഇപ്പോഴുള്ളതെന്ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ലെങ്കിൽ പരിസ്ഥിതി വകുപ്പു തന്നെ ദുർബ്ബലപ്പെട്ടുപോകുമെന്ന അവസ്ഥയുണ്ടാകുമെന്നും ആയതിനാൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പദ്ധതിയുടെ പത്ത് ശതമാനം ഓപ്പറേഷണൽ കോസ്റ്റ് എന്ന നിലയിൽ മാറ്റിവച്ചുകൊണ്ട് പ്ലാനിംഗ് ബോർഡ് അനുമതി കൊടുക്കുന്നുണ്ടെന്നും ഇതുപോലെ പരിസ്ഥിതി വകുപ്പിലും ചെയ്യാൻ അനുവദിക്കണമെന്ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

## പൊതു ശുപാർശ

3435-60-800-99—<u>പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ</u>

2014-15-ൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രയോഗക്ഷമത വിലയിരുത്തുന്നതിലും ഇവയെ സമൂഹവുമായും വിദ്യാഭ്യാസ ശാസ്ത്ര മേഖലകളുമായും കൂട്ടി യോജിപ്പിച്ച് പരിസ്ഥിതി സംരക്ഷണ പദ്ധതി വികസിപ്പിച്ചെടുക്കുന്നതിലുമാണ് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഊന്നൽ നൽകുന്നത്. പ്രസക്തമായ പരിസ്ഥിതി സംരക്ഷണ വിഷയങ്ങളിൻമേൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുക, മുൻഗണന നിശ്ചയിക്കുക, പ്രകൃതി സംരക്ഷണത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളികളായുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയുടെ നടത്തിപ്പിനായി ഭരണവകുപ്പിന് സഹായം നൽകുന്നതിനും ഓരോ പദ്ധതിയുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ചെലവുകൾക്കുമായി ആ പദ്ധതികൾക്ക് അനുവദിക്കുന്ന തുകയിൽ 10% ഓപ്പറേഷണൽ കോസ്റ്റായി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ 10% ഓപ്പറേഷണൽ കോസ്റ്റായി മാറ്റണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും പരിസ്ഥിതി സംരക്ഷണ സംബന്ധിച്ച ബോധവത്കരണവും സാമൂഹിക പ്രവർത്തനങ്ങളും നടപ്പിലാക്കാൻ വേണ്ടി 2009-10-ൽ ആരംഭിച്ച ഭൂമിത്രസേനാ ക്ലബുകൾ ഇപ്പോൾ 240 കലാലയങ്ങളിൽ പ്രവർത്തിച്ചു വരുന്നതായും, അതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി ക്ലബുകൾക്ക് ആദ്യവർഷം 50,000 രൂപ നൽകുന്നതായും പിന്നീടുള്ള വർഷങ്ങളിൽ 20,000 രൂപ വീതം കൊടുക്കുന്നതായും പഞ്ചായത്തുതലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 2.5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പഞ്ചായത്തുകളിൽ ഏത് തരത്തിലുള്ള പ്രവർത്തനമാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ബയോഡൈവേഴ്സിറ്റി ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക പരിസ്ഥിതി കമ്മിറ്റികൾവഴി ഗ്രാമങ്ങളിലെ ജൈവവൈവിധ്യത്തെ രേഖപ്പെടുത്തുന്ന പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ പൂർത്തിയായിട്ടുണ്ടെന്നും പി. ബി. ആർ. പൂർത്തിയായതിനുശേഷം അതുമായി ബന്ധപ്പെട്ട പുതിയ സ്കീമുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓരോ പഞ്ചായത്തിലെയും പ്രാഥമിക പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുള്ള ഈ പദ്ധതിക്കുവേണ്ടി 14-ാം ധനകാര്യ കമ്മീഷനോട് ധനസഹായം ആഭ്യർത്ഥിച്ചിട്ടുണ്ടെന്നും, തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് കഴിഞ്ഞവർഷം എല്ലാ പഞ്ചായത്തുകളിലും ഓരോ വാർഡിലും ഒരു കുളമെങ്കിലും സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും അദ്ദേഹം അറിയിച്ചു.

മാർക്കറ്റുകളിലെയും മറ്റും മാലിന്യ പ്രശ്നങ്ങൾ ഇതിലൂടെ പരിഹരിക്കാൻ കഴിയുമോയെന്നും കട്ടപ്പനയിലെ ആധുനിക അറവുശാലയ്ക്ക് ഏതുവർഷം മുതലാണ് പണം നൽകാൻ തുടങ്ങിയതെന്നും എത്ര തുകയാണ് കൊടുത്തിട്ടുള്ളതെന്നും പ്രോജക്ട് ചെലവ് എത്രയാണെന്നും സമിതി ആരാഞ്ഞതിന് ഇതിനായി പണം നൽകുന്നുണ്ടെന്നും, ബിൽഡിംഗിനുവേണ്ടിയുള്ള തുകയാണ് ആദ്യം നൽകിയതെന്നും ഇപ്രാവശ്യം മെഷിനറിക്കുവേണ്ടി പണം നൽകിയിട്ടുണ്ടെന്നും ഇത് പരിശോധിച്ച് വിശദവിവരം അറിയിക്കാമെന്നും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തതയില്ലെന്നും പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്നും ഈ അവസരത്തിൽ സമിതി അഭിപ്രായപ്പെട്ടു.

നീർത്തടങ്ങൾ നികത്തപ്പെടുകയും അവിടെ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയരുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് ശരിയായ പഠനം നടക്കുന്നില്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. ആവാസ വ്യവസ്ഥ പുനഃസ്ഥാപനത്തിന്റെ ഭാഗമായി കോട്ടയത്ത് പുതുപ്പള്ളിയിൽ ഒരു കുളത്തിന്റെ നവീകരണം നടത്തിയിട്ടുണ്ടെന്നും പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഇടുക്കി ജില്ലയിലെ കരുണാപുരം പഞ്ചായത്തിൽ മഴ ലഭിക്കാത്തതു സംബന്ധിച്ച് നടത്തിയ പരീക്ഷണങ്ങളുടെ ഫലമെന്താണെന്നും ഇതുപോലെ തുടർച്ചയായി മഴ ലഭിക്കാത്ത പ്രദേശങ്ങളിൽ എന്തു നടപടിയാണ് സ്വീകരിക്കുന്ന തെന്നും സമിതി ആരാഞ്ഞതിന്, അടുത്ത വർഷം കരുണാപുരം പഞ്ചായത്തിലെ ഭൂജല പരിരക്ഷയ്ക്കായി ഒരു സ്കീം നടപ്പിലാക്കുന്നതാണെന്ന് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സർക്കാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന എത്ര പ്രോജക്ടുകൾ കേരളത്തിലുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിലയിരുത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. അറവുശാല തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ജലസ്രോതസ്സുകൾ മലിനപ്പെടുന്നതുമൂലം അസുഖങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജലസ്രോതസുകളെ മലിനീകരണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് സംസ്ഥാനത്തിന്റെ പരിമിത ഫണ്ടുപയോഗിച്ച് ആവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ടെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

ബഹുനിലകെട്ടിടങ്ങളുടെ പരിസ്ഥിതി ക്ലിയറൻസിനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ, കൊമേഴ്സ്യൽ ബിൽഡിംഗുകളാണെങ്കിൽ അവയിലെ താമസക്കാരുടെ എണ്ണം, മഴക്കാലത്തും മറ്റു സമയങ്ങളിലും ആവശ്യമായി വരുന്ന വെള്ളത്തിന്റെ അളവ് എന്നീ വിവരങ്ങൾ നൽകണമെന്നും നാഷണൽ ബിൽഡിംഗ് കോഡ് നിഷ്കർഷിക്കും പ്രകാരം മഴവെള്ള സംഭരണ യൂണിറ്റുകൾ നിർബന്ധമായും സ്ഥാപിക്കണമെന്നും നിഷ്കർഷിക്കാറുണ്ടെന്ന് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ഇല്ലാത്ത സ്ഥലങ്ങളിൽ അത് നിർമ്മിക്കുന്ന തിന് അനുവാദം കൊടുക്കുന്നതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് മുൻകൂർ അനുവാദമോ പാരിസ്ഥിതിക വ്യവസ്ഥകളോ ഇവിടെ ബാധകമല്ലായെന്നും കെ.എം.ബി.ആർ, പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പോലുള്ള ബിൽഡിംഗ് റൂൾസാണ് ബാധകമെന്നും കാണിച്ച് കേരള ഹൈക്കോടതിയിൽ കെട്ടിടനിർമ്മാതാക്കൾ കേസ് കൊടുത്തിട്ടുള്ള തായും ഈ സാഹചര്യത്തിൽ കേരള ഗവൺമെന്റ് ബിൽഡിംഗ് റൂൾസ് ഭേദഗതി ചെയ്ത് ഈ അവസ്ഥയിൽ മാറ്റം വരുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

വനത്തിനുള്ളിലെ ജലാശയങ്ങൾ ഇപ്പോൾ മഴക്കാലം കഴിഞ്ഞാൽ ഉടനെ വറ്റിവരളുന്നതായാണു കാണുന്നതെന്നും ഇതിനുള്ള കാരണം എന്താണെന്നുള്ള സമിതിയുടെ അന്വേഷണത്തിന് മുൻകാലങ്ങളിൽ നമ്മുടെ കാടുകളിൽ നിറയെ വൃക്ഷങ്ങൾ ഉണ്ടായിരുന്നുവെന്നും മഴ പെയ്താൽ ഈ വൃക്ഷങ്ങളുടെ കാണ്ഡങ്ങളി ലൂടെയും വേരിലൂടെയും മുഴുവൻ വെള്ളവും ഭൂമിയിൽ എത്തിയിരുന്നതായും, എന്നാൽ ഇന്നത്തെ അവസ്ഥയിൽ വനത്തിലും, അതിനെ തുടർന്നുള്ള ചരിവുള്ള

കൃഷിഭൂമികളിലുമുള്ള മരങ്ങളുടെ എണ്ണം കുറഞ്ഞതോടെ ഭൂഗർഭജലം തങ്ങിനിൽക്കുന്നതിനുള്ള സാധ്യത വളരെ കുറവാണെന്നും അതിനാൽ മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്ന വെള്ളത്തിന്റെ അളവ് വളരെ കുറവാണെന്നും അതിനാലാണ് വനങ്ങളിലെ ജലാശയങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കുകയും ഇതു പരിഹരിക്കുന്നതിനായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് കഴിഞ്ഞവർഷം 246 ഭൂമിത്രസേന ക്ലബ്ബുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

കാടുകുറ്റി പഞ്ചായത്തിൽ ചാലക്കുടി പുഴ ഗതിമാറി ഒഴുകി ഓക്സ്ബോ രൂപപ്പെട്ടിട്ടുണ്ടെന്നും അവിടെ ധാരാളം പക്ഷികൾ വരുകയും തന്മൂലം വിനോദ സഞ്ചാരികൾ സന്ദർശനം നടത്തുന്നുണ്ടെന്നും ഈ സ്ഥലം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. നാഷണൽ ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഉൾപ്പെടെയുള്ളവർ ഈസ്ഥലം സന്ദർശിച്ചതാണെന്നും ഇത് ഓക്സ്ബോ ആണോ എന്നതിനെ സംബന്ധിച്ച് വിദഗ്ദ്ധ അഭിപ്രായം തേടണമെന്നും ഇവിടെ കയ്യേറ്റം ഉണ്ടെന്നും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോടാവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ റീജിയണൽ ഓഫീസ് ഇടുക്കിയിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കോട്ടയത്ത് റീജിയണൽ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിന്റെ അധികാര പരിധിയിൽ ഇടുക്കി വരുമെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കാലാവസ്ഥവ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിന് 2300-ൽ പരം കോടി രൂപയ്ക്ക് ഒരു കാലാവസ്ഥാ കർമ്മ പദ്ധതി രൂപീകരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനയച്ചിട്ടുള്ള സാഹചര്യത്തിൽ കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രഭാവത്താലുള്ള സ്ഥിതി വിലയിരുത്തി കർമ്മപരിപാടികൾ രൂപീകരിക്കുന്നതിനും കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ശാസ്ത്രവിദ്യാർത്ഥികളുടെ പ്രാദേശികവും കാലികപ്രസക്തിയുള്ളതുമായ പഠനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നിവയ്ക്കായി 3435-04-104-98—കാലാവസ്ഥ വ്യതിയാനം എന്ന ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

## ധനാഭ്യർത്ഥന നമ്പർ XVII

കെ.എസ്.ബി.ബി. (കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്) സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്കും ചെയർമാനും ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2406-02-110-59-31—(ശമ്പളം) എന്ന ശീർഷക ഇനത്തിൽ 56.10 ലക്ഷം രൂപയും 2406-02-110-59-36—(ശമ്പളേതരം) എന്ന ശീർഷകത്തിൽ 10.96 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

## ധനാഭ്യർത്ഥന നമ്പർ XVII

മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതലത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് തലത്തിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലായെന്ന് പരിസ്ഥിതിവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് എൻ.ജി.ഒ.-കൾക്ക് സഹായം നൽകുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതികൾ ഏറ്റെടുക്കുന്നില്ലായെന്നും പദ്ധതികൾ നടത്തുന്നവർക്ക് ധനസഹായം നൽകാറുണ്ടെന്നും ലോക്കൽ ബോർഡീസിന്റെ പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

3435-04-103-96—<u>അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന സ്കീമിൽവരുന്ന കെട്ടിട നിർമ്മാണം, ബോർഡിന്റെ കീഴിലുള്ള ലബോറട്ടറികളുടെ നവീകരണം, കമ്പ്യൂട്ടറൈസേഷൻ എൻ.എ.ബി.എൽ. അംഗീകാരംനേടൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ചാലക്കുടി പുഴയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആയതിന് രണ്ട് കാരണങ്ങൾ ഉണ്ടെന്നും വിഷാംശമുള്ളതും മറ്റ് അഴുകുന്നതുമായ മാലിന്യങ്ങൾ പുഴയിലേക്ക് എത്തുമ്പോഴും ഓക്സിജൻ ലഭിക്കാത്ത സാഹചര്യത്തിലും ഇങ്ങനെ സംഭവിക്കുന്നുണ്ടെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചാലക്കുടി പുഴയിൽ മേലൂർ ഭാഗത്ത് മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതിനുള്ള കാരണമെന്താണെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാര വകുപ്പ്

വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് വിവിധ ശീർഷകങ്ങളിലായി താഴെപ്പറയുന്നപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള അധിക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

5452-01-190-99—കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

കെ.ടി.ഡി.സി.-യുടെ കീഴിലുള്ള കോഴിക്കോട്, ആലപ്പുഴ ഹോട്ടൽ പദ്ധതികൾ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്, നിലവിലുള്ള ഹോട്ടലുകളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളൊടൊപ്പം ഭൂതത്താൻകെട്ടിൽ ഡോർമിറ്ററി/ക്വാർട്ടേഴ്സ് നിർമ്മാണംകൂടി ഉൾപ്പെടുത്തണമെന്നും പദ്ധതികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

5452-01-190-98—ടൂറിസം ഇൻഫ്രാസ്ട്രക്ചർ ക്ലിപ്തം (കേരള)

പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും സംയുക്തമേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും സംയുക്തമേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനും റവന്യൂ ജനറേറ്റിംഗ് ടൂറിസം അധിഷ്ഠിത പൊതുസ്ഥല/അടിസ്ഥാനസൗകര്യ വികസനത്തിനും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

5452-01-190-96—ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ബി.ആർ.ഡി.സി.-ക്ക് സ്വന്തം ഓഫീസും ഗസ്റ്റ് ഹൗസും ബേക്കൽ എയർസ്ട്രിപ്പും വിപണനവും പ്രചരണവും, ബീച്ചുകളുടെ വികസനം, വെബ്സ്റ്റേഷൻ വികസനം തുടങ്ങിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തൃശ്ശൂർ ജില്ലയിൽ തുമ്പൂർമുഴിയിൽ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഇല്ലാത്തതിനാൽ ഡോർമിറ്ററി സൗകര്യം ഉൾപ്പെടെയുള്ള റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

5452-01-800-84—മുസിരീസ് സ്പൈസ് റൂട്ട് പൈതൃക പദ്ധതി

എറണാകുളം ജില്ലയിലെ പറവൂർ, തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിക്കും സ്പൈസ് റൂട്ട് പദ്ധതിക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-104-98—ടൂറിസം—വിപണനവും പ്രോത്സാഹനവും

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനും ആഗോളതലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പുതിയ വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, രാജ്യത്തിനകത്തും പുറത്തും വ്യാപാരമേളകളിൽ പങ്കെടുക്കുക, റോഡ്ഷോകൾ നടത്തുക, ടൂർ ഓപ്പറേറ്റേഴ്സ്, പ്രമുഖ ട്രാവൽ റൈറ്റേഴ്സ്, പത്രപ്രവർത്തകർ എന്നിവർക്കായുള്ള ട്രിപ്പുകൾ സംഘടിപ്പിക്കുക പ്രിന്റ്/ടി.വി/ ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെയുള്ള പരസ്യം, സിനിമയിലൂടെയുള്ള പ്രദർശനം, ചാർട്ടർഫ്ളൈറ്റ്, റേഡിയോയിലൂടെയുള്ള പരസ്യം എന്നിവയ്ക്കും ഗുഡ്‌വിൽ പരസ്യം, മലബാറിലെ പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കൽ എന്നിവ കൂടാതെ സോഷ്യൽ മീഡിയകളായ ടിറ്റർ, ഫേസ്ബുക്ക്, യുട്യൂബ് എന്നിവ വഴിയുള്ള വിപണനം തുടങ്ങിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-104-99—പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽനൽകുന്ന പരിപാടികളും ഉത്സവങ്ങളും മേളകളും ബോട്ട് മത്സരങ്ങളും സംഘടിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയിൽ പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി താഴത്തങ്ങാടി പ്രോജക്ട് കൂടി ഉൾപ്പെടുത്തണമെന്നും പദ്ധതികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.50 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-90-26-33—വിനോദസഞ്ചാര വകുപ്പിന്റെ മറ്റു പദ്ധതികൾ—സ്വകാര്യ മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം—സബ്സിഡികൾ

ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവ്വേദം, ഹോംസ്റ്റേ സംരംഭകർക്ക് വിദേശീയവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്കുതകുന്ന പുതിയ സബ്സിഡി സമ്പ്രദായം എന്നിവയ്ക്കുള്ള വിഹിതം നൽകേണ്ടതിനാലും ഇതിനുവേണ്ടി പരിശീലനം, ശാക്തീകരണം, അടിസ്ഥാനസൗകര്യവികസനം, പാരമ്പര്യ ഊർജ്ജ ഉറവിട പദ്ധതികൾക്കായി സെമിനാർ വർക്ക്ഷോപ്പ്, പ്രചരണം, ഉത്തരവാദിത്വ സ്കൂളുകൾക്കുവേണ്ടി കിറ്റ്സ് മുഖേനയുള്ള പ്രവർത്തനം തുടങ്ങിയവയുടെ സംഘാടനവും നടത്തിപ്പും എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായ തിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-34—ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം—സഹായധനം

പ്രാദേശിക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന ഒരു പരിഹാരക്രിയാമാതൃകയായ "ഉത്തരവാദിത്വ ടൂറിസം പദ്ധതി" നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-76—ഇന്ത്യാ ഗവൺമെന്റ് ആവിഷ്കരിച്ച അടിസ്ഥാനസൗകര്യ പദ്ധതിക്കുവേണ്ടി

കേന്ദ്ര ഗവൺമെന്റിന്റെ ഭാഗിക ധനസഹായത്തോടെ അനുമതിനൽകുന്ന പദ്ധതികളുടെ അടിസ്ഥാനസൗകര്യങ്ങൾക്കായുള്ള ചെലവ് വഹിക്കുന്നതിനും, ഈ പദ്ധതികളുടെ അടിസ്ഥാനസൗകര്യങ്ങളായ ഗതാഗതം, ജലലഭ്യത, വൈദ്യുതി എന്നിവയ്ക്കും പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കുക, ഇത് സംബന്ധിച്ചുണ്ടാകുന്ന കേസുകളുടെ ചെലവ് വഹിക്കുക, പ്രോജക്ടുകൾ ഏറ്റെടുക്കുക, ഇത്തരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുക, കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുക എന്നീ ചെലവിനങ്ങൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തുടർന്ന് അതിരപ്പിള്ളി-മലയാറ്റൂർ-കാലടി സർക്യൂട്ട് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് നടപടിയൊന്നും സ്വീകരിക്കാത്തതിനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് അത് ആസൂത്രണഘട്ടത്തിലാണെന്നും നടപ്പുവർഷം പദ്ധതി നടത്തിപ്പിൽ പുരോഗതി ഉണ്ടാകുമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ലക്ഷകണക്കിന് ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന അതിരപ്പിള്ളി അനുബന്ധമേഖലയോട് ടൂറിസം വകുപ്പിന് അവഗണനയാണെന്ന സമിതി പരാമർശത്തിന് ഫണ്ടില്ലാത്തതാണ് കാരണമെന്നും ഇതിന് കാരണമെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

ലോകസഭ തെരഞ്ഞെടുപ്പിനുശേഷം സംസ്ഥാനത്തെ ദുർബല പരിസ്ഥിതി പ്രദേശങ്ങൾ സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.25-ന് പിരിഞ്ഞു.

## 2014 മാർച്ച് 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X, 2014 മാർച്ച് 11 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ അജിത്, എം. എൽ. എ.
2. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
3. ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.
4. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
5. ശ്രീ. രാജു എബ്രഹാം, എം. എൽ. എ.
6. ശ്രീ. ബി. സത്യൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ വിഷയനിർണ്ണയ സമിതി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന നമ്പർ XXXIV (വനം), XVII (പരിസ്ഥിതി), XX (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്), XLII (വിനോദസഞ്ചാരം) എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടുക്കുകയും സമിതി നിർദ്ദേശിച്ച ഭേദഗതികളോടെ അംഗീകരിക്കുകയും താഴെപ്പറയുന്ന വിഷയങ്ങളിൽ അടിയന്തരനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടാനും നിർദ്ദേശിച്ചു.

തുണ്ടം ഫോറസ്റ്റ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുണമെന്നും ആയത് സർക്കാരിലേക്ക് അയയ്ക്കുന്നതിനും കൂടാതെ മലയാറ്റൂർ, മൂന്നാർ, ദേവികുളം, ചാലക്കുടി, വാഴച്ചാൽ, കോതമംഗലം എന്നീ സ്ഥലങ്ങളിലെ വനങ്ങൾക്കുള്ളിൽ ഏതൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും, പ്രവൃത്തികൾ നടത്തുന്നതിനുള്ള മാനദണ്ഡമെന്താണെന്നും, ആരെയാണ് പണികൾ ഏൽപ്പിക്കുന്നതെന്നുമുള്ള വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നതിനും സമിതി തീരുമാനിക്കുകയുണ്ടായി. കൂടാതെ, ഓരോ ഫോറസ്റ്റ് ഡിവിഷനുകളിലുമുള്ള വർക്കുകൾ ഏൽപ്പിക്കുന്നതിന് മുൻപ് എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഡിവിഷൻ തലത്തിലുള്ള ചർച്ചകൾ നടത്തണമെന്നും അതിനുശേഷം മാത്രമേ ഓരോ വർഷത്തേയും പ്രോജക്ട് പ്രോപ്പോസലുകൾ സമർപ്പിക്കാവൂ എന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

വന്യമൃഗങ്ങൾ വനത്തിന് പുറത്ത് ജനവാസമുള്ള പ്രദേശങ്ങളിൽ കടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽത്തന്നെ വെള്ളവും ഭക്ഷണവും ലഭ്യമാക്കുന്ന വിധത്തിൽ തടയണകൾ നിർമ്മിക്കുന്നതിനും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തട്ടേക്കാട് പക്ഷി സങ്കേതത്തിലെ മാനുകൾ സമീപപ്രദേശത്തെ കൃഷി നശിപ്പിക്കുന്നതായ പരാതി ഉയരുന്ന സാഹചര്യത്തിൽ മാനുകളുടെ ശല്യം തടയുന്നതിന് അതിർത്തിയിൽ വേലികെട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും തട്ടേക്കാട് പക്ഷിസങ്കേതം നേരിട്ട്ക്കണ്ട് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി സ്ഥലം സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

മറയൂർ നാച്ചുവേലി കോളനിയെ ഇ.എഫ്.എൽ. (ഇക്കോളജിക്കൽ ഫ്രൈജൽ ലാൻഡ്) പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന സമിതിയുടെ ആവശ്യത്തിന്മേൽ വീടുകളും അവയുടെ മുറ്റവും ഇ.എഫ്.എൽ. പരിധിയിൽ വരുന്നതല്ലയെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കോളനിയെ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുന്നതിനും തീരുമാനിച്ചു.

ജനവാസ പ്രദേശങ്ങളിൽ 100 മീറ്ററും അല്ലാത്ത സ്ഥലങ്ങളിൽ 50 മീറ്ററും ദൂരപരിധി എന്ന നിബന്ധന പാറ പൊട്ടിക്കുന്നതിൽ പാലിക്കണമെന്ന ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നും അതിനാൽ ജനവാസ കേന്ദ്രങ്ങൾക്കരികിലുള്ള ക്വാറികളിൽ യന്ത്രം ഉപയോഗിച്ചു പാറ പൊട്ടിക്കുന്നതിന്റെ ഫലമായി ജന ജീവിതത്തിന് ഭീഷണിയാകുന്നു എന്നുമുള്ള സമിതി അംഗത്തിന്റെ പരാതി പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കെ.ടി.ഡി.സി.-യുടെ കീഴിലുള്ള കോഴിക്കോട്, ആലപ്പുഴ ഹോട്ടൽ പദ്ധതികൾ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്, നിലവിലുള്ള ഹോട്ടലുകളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളോടൊപ്പം ഭൂതത്താൻകെട്ടിൽ ഡോർമിറ്ററി/ക്വാർട്ടേഴ്സ് നിർമ്മാണം എന്നിവകൂടി ഉൾപ്പെടുത്തണമെന്നു സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തൃശ്ശൂർ ജില്ലയിലെ തുമ്പൂർമൂഴിയിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് താമസ സൗകര്യം ഇല്ലാത്തതിനാൽ അവിടെ ഡോർമിറ്ററി സൗകര്യം ഉൾപ്പെടെയുള്ള റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽനൽകുന്ന പരിപാടികളും ഉത്സവങ്ങളും മേളകളും ബോട്ട് മത്സരങ്ങളും സംഘടിപ്പിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയിൽ പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി താഴത്തങ്ങാടി പ്രോജക്ട് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ശബരിമല സന്ദർശനത്തിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വി.ഐ.പി.-കൾക്ക് പമ്പയിൽ താമസസൗകര്യമൊരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് താഴെപ്പറയുന്ന വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2005-05 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1397/സബ്.സി.എഫ്1/11/ലെജി.)

ശുപാർശ ഖണ്ഡിക നമ്പർ 26, 27, 28, 29.

2. 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 2475/സബ്.സി.എഫ്1/13/ലെജി.)

ശുപാർശ ഖണ്ഡിക നമ്പർ 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28.

വരുംവർഷങ്ങളിൽ വിഷയനിർണ്ണയ സമിതി അധിക തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്ന വിഷയങ്ങളിന്മേൽ പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതി യോഗം 11 മണിക്ക് പിരിഞ്ഞു.